

# ടൈംസ് ഓഫ് അമേരിക്ക
# TIMES of AMERICA

2026 ആഗസ്റ്റ് 01 – 15

Volume XX Issue 15

## അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക





Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- WEEKLY
www: **timesofamerica.org**
News Cordination: Joychan Puthukulam

Managing Editor: **Mathew George**
Tel: 267-991-2111



- Air Tickets
- Vacation & Cruise Booking
- Group Tour Packages
- Passport, Visa & OCI Services
- Passport Photos

FOR ALL YOU TRAVEL NEEDS PLEASE CONTACT US
(833) 8 GLOBAL | (215) 464-8253

GLOBAL TRAVEL EXPERTS

Main Office : 9823 Bustleton Ave., Philadelphia, PA 19115 | New York (516) 321-4200 | New Jersey (732) 853-8900 | Philadelphia (215) 464-8253


# ഇറാനിലെ ട്രംപിന്റെ സൈനിക അധികാരം പരിമിതപെടുത്താനുള്ള നീക്കം യു.എസ്. സെനറ്റ് തള്ളി

– പി പി ചെറിയാൻ



വാഷിംഗ്ടൺ: ഇറാനെതിരെയുള്ള സൈനിക നടപടികളിൽ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ അധികാരം വെട്ടിക്കുറയ്ക്കാനുള്ള പ്രമേയം യു.എസ്. സെനറ്റ് തള്ളി. പ്രമേയത്തിന് അനുകൂലമായി 47ഉം എതിരായി 49ഉം വോട്ടുകളാണ് ലഭിച്ചത്.

നേരത്തെ, ട്രംപിന്റെ യുദ്ധാധികാരങ്ങൾ പരിമിതപ്പെടുത്തണമെന്ന സമാനമായ പ്രമേയം യു.എസ്. പ്രതിനിധി സഭ പാസാക്കിയിരുന്നു. എന്നാൽ സെനറ്റിൽ ഭരണപക്ഷമായ റിപ്പബ്ലിക്കൻ പാർട്ടി പ്രമേയത്തെ ചെറുത്തു തോൽപ്പിച്ചു. പാർലമെന്റിന്റെ മുൻകൂട്ടി അനുമതിയില്ലാതെ ഇറാനിലെ സൈനിക നീക്കങ്ങൾ തുടരാനാകില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ഡെമോക്രാറ്റുകൾ പ്രമേയം കൊണ്ടുവന്നത്. മേഖലയിൽ യുദ്ധം രൂക്ഷമാകുകയും യു.എസ്. സൈനികർ കൊല്ലപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ വരും ദിവസങ്ങളിലും പ്രതിഷേധം ശക്തമാക്കാനാണ് ഡെമോക്രാറ്റുകളുടെ തീരുമാനം.

# ചൈനീസ് വെല്ലുവിളി ചെറുക്കാൻ ഇന്ത്യ യു. എസ് സഹകരണം ശക്തമാക്കണമെന്ന് രാജാ കൃഷ്ണമൂർത്തി

– പി പി ചെറിയാൻ

വാഷിംഗ്ടൺ ഡിസി: ചൈനയിൽ നിന്നുള്ള ഭീഷണികളെ ഫലപ്രദമായി നേരിടാൻ ഇന്ത്യയും അമേരിക്കയും തമ്മിലുള്ള പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തണമെന്ന് ഇന്ത്യൻ വംശജനായ യു. എസ് കോൺഗ്രസ് അംഗം രാജാ കൃഷ്ണമൂർത്തി.

കൃത്രിമബുദ്ധി, ക്വാണ്ടം കമ്പ്യൂട്ടിംഗ്, ഫ്യൂഷൻ എനർജി, സോളാർ പവർ, സുരക്ഷാ മേഖലകൾ എന്നിവയിൽ ഇരു രാജ്യങ്ങളും കൈകോർക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. നമ്മുടെ കാലഘട്ടത്തിലെ ഏറ്റവും വലിയ വെല്ലുവിളിയാണ് ചൈന ഉയർത്തുന്നത്. ഈ വെല്ലുവിളിയെ നേരിടാൻ ഇരു രാജ്യങ്ങളും ഇനിയും കൂടുതൽ കാര്യങ്ങൾ ചെയ്യാനുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. ആഭ്യന്തര വിവേചനങ്ങളും ഭിന്നതകളും കുറച്ച് ജനാധിപത്യം ശക്തിപ്പെടുത്തണം.

എച്ച്1ബി വിസ ഉടമകളും പതിറ്റാണ്ടുകളായി ഗ്രീൻ കാർഡിനായി കാത്തിരിക്കുന്നവരുമായ ഇന്ത്യൻ പ്രൊഫഷണലുകൾക്ക് കാര്യങ്ങൾ വേഗത്തിലാക്കാൻ ഇമിഗ്രേഷൻ നയങ്ങളിൽ മാറ്റം വരുത്തണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# 7 വർഷം യുഎസിൽ താമസിച്ചാൽ ഗ്രീൻ കാർഡ്; പുതിയ ബില്ല് സെനറ്റിൽ അവതരിപ്പിച്ചു

– എബി മക്കപ്പുഴ

യുഎസ് ഗ്രീൻ കാർഡ് അപേക്ഷകർക്ക് ആശ്വാസം ആകുന്ന പുതിയ ബില്ല് യു എസ് സെനറ്റിൽ ഡെമോക്രാറ്റിക് സെനറ്റർ അലക്സ് പഡില്ല അവതരിപ്പിച്ചു. മുൻ കാലത്തു യുഎസിൽ ഉണ്ടായിരുന്ന ബില്ല് ഭേദഗതി ചെയ്തുകൊണ്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. വർഷങ്ങളായി താമസിക്കുന്ന ആളുകളുടെ ഏറ്റവും വലിയ സ്വപ്നമാണ് യുഎസ് ഗ്രീൻ കാർഡ്, അല്ലെങ്കിൽ സ്ഥിരതാമസം. എന്നാൽ പലരും സ്ഥിരതാമസം ലഭിക്കാൻ വർഷങ്ങളോളം കാത്തിരിക്കേണ്ടി വരുന്ന അവസ്ഥയാണ് ഉള്ളത്. എന്നാൽ ഇതിനു പരിഹാരം എന്ന രീതിയിൽ യുഎസ് സെനറ്റിൽ പുതിയ ബില്ല് അവതരിപ്പിച്ചിരിക്കുകയാണ്. ഈ ബില്ലിന്റെ പേര് റീന്യൂയിങ് ഇമ്മിഗ്രേഷൻ പ്രൊവിഷൻസ് ഓഫ് ദി ഇമ്മിഗ്രേഷൻ ആക്ട് ഓഫ് 1929 എന്നാണ്. ഇത് ഒരു പുതിയ ബില്ല് അല്ല. നേരത്തെ 1929ൽ യുഎസിൽ ഉണ്ടായിരുന്ന ഒരു ബില്ലിന്റെ പുതുക്കലാണ്. ഇമിഗ്രേഷൻ ആന്റ് നാഷണാലിറ്റി ആക്ടിലെ സെക്ഷൻ 249 അഥവാ രജിസ്ട്രി പ്രൊവിഷൻ എന്ന ബില്ലിന്റെ പുതിയ ഭേദഗതിയാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. ഈ പുതിയ ബില്ല് പ്രകാരം, പഴയ കട്ട് ഓഫ് തീയതി 1972 പൂർണ്ണമായും ഒഴിവാക്കും. പകരം റോളിംഗ് 7 ഇയർ റെസിഡൻസി എന്നത് മാനദണ്ഡമാക്കി കൊണ്ടുവരും. ഏത് വർഷത്തിൽ യുഎസിൽ എത്തിയാലും, തുടർച്ചയായി 7 വർഷം നിയമപരമായി താമസിച്ചിട്ടുള്ള ഏത് വ്യക്തിക്കും ഗ്രീൻ കാർഡിന് അപേക്ഷിക്കാം. അപ്രായോഗികമായ യുഎസ് ഇമിഗ്രേഷൻ നിയമങ്ങളെ കാലോചിതമായി പരിഷ്കരിക്കാനുള്ള നിർണ്ണായക ചുവടുവെപ്പാണിത്.എന്നാൽ ഈ ബിൽ സെനറ്റിലും ഹൗസ് ഓഫ് റെപ്രസന്റേറ്റീവ്സിലും പാസ്സായി പ്രസിഡന്റ് ഒപ്പുവെച്ചാൽ മാത്രമേ നിയമമാകൂ.

## 414 ഇന്ത്യക്കാരെ നാടുകടത്തിയെന്ന്; ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം

ന്യൂഡൽഹി: യു.എസിൽനിന്ന് ഇന്ത്യൻ പൗരന്മാരെ നാടുകടത്തുന്ന സംഭവങ്ങളിൽ വൻ വർധനവെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രാലയം. 2026 ന്റെ ആദ്യ പാദത്തിൽ മാത്രം 414 പേർ നാടുകടത്തപ്പെട്ടെന്ന് രാജ്യസഭയിൽ സമർപ്പിച്ച കണക്കുകളിൽ മന്ത്രാലയം വ്യക്തമാക്കി. രാജ്യസഭാംഗം നീരജ് ദാങ്ങി ഉന്നയിച്ച ചോദ്യത്തിന് വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിങ് നൽകിയ രേഖാമൂലമുള്ള മറുപടിയിലാണ് ഈ വിവരങ്ങളുള്ളത്.

കഴിഞ്ഞ മൂന്ന് വർഷത്തിനിടെ വിവിധ കാരണങ്ങൾ കൊണ്ട് അമേരിക്കയിൽനിന്ന് നാടുകടത്തപ്പെട്ടവരുടെ എണ്ണം ഗണ്യമായി ഉയർന്നിട്ടുണ്ട്. 2025ൽ റെക്കോർഡ് എണ്ണമായ 2,025 ഇന്ത്യക്കാരെയായിരുന്നു യു.എസ് തിരിച്ചയച്ചിരുന്നത്. 2024ൽ 1,368 പേരെയും 2023ൽ 617 പേരെയുമാണ് തിരിച്ചയച്ചിരുന്നത്.

യു.എസിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ട്രക്ക് ഡ്രൈവർമാരെ അറസ്റ്റ് ചെയ്യുന്നതും നാടുകടത്തുന്നതും സംബന്ധിച്ച ചോദ്യത്തിനുള്ള അനുബന്ധ വിവരങ്ങളിലാണ് കണക്കുകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ മേയ് 11 മുതൽ 15 വരെ അരിസോണയിൽ ഓപ്പറേഷൻ ചെക്ക് മേറ്റ് എന്ന പേരിൽ ബോർഡർ പട്രോൾ ഏജന്റുമാർ നടത്തിയ പരിശോധനയിൽ 52 പേർ അറസ്റ്റിലായിരുന്നു.

ഇതിൽ 36 പേർ സെമിട്രക്കുകൾ ഓടിച്ചിരുന്നവരാണ്. പിടിയിലായവരിൽ 30 പേർ ഇന്ത്യൻ പൗരന്മാരാണെന്നും യു. എസ് വ്യക്തമാക്കി.


സാംസ്കാരികം

അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക

ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം

പി. ഡി. എഫ് ഫയലിനോടൊപ്പം
പ്രതിമാസ സാംസ്കാരിക മാസിക

സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം


www.timesofamericanmalayali.com

ഈ ലക്കത്തിൽ

ആലാപനത്തിന്റെ തേനും വയമ്പും
അഭിലാഷ് പുതുക്കാട്






സാഹിത്യം സംസ്കാരം തുടങ്ങിയ പതിവു പംക്തികൾ







അഴീക്കോട് എന്ന വിചാരശില്പി
ഡോ.പോൾ മണലിൽ

# വടക്കേ അമേരിക്കൻ സിഎസ്ഐ ചരിത്രത്തിൽ പുതിയ നാഴികക്കല്ല്; ഡയസ്‌പോറ ഡയോസിസ് ഔദ്യോഗികമായി നിലവിൽ വന്നു



**- ജീമോൻ റാന്നി**

ടെക്സാസ്: വടക്കേ അമേരിക്കയിലെ ഇടവക വിശ്വാസ സമൂഹത്തിന്റെ ചരിത്രത്തിൽ പുതിയ അധ്യായം കുറിച്ചുകൊണ്ട് 35-ാമത് സിഎസ്ഐ കുടുംബയുവജന സമ്മേളനം ഡാലസിലെ ലവ് ഓഫ് ക്രൈസ്റ്റ് സിഎസ്ഐ ചർച്ചിൽ സമാപിച്ചു.

ഇന്ത്യയുൾപ്പെടെ വിവിധ രാജ്യങ്ങളിൽ നിന്നായി 500ലധികം പ്രതിനിധികളും വിശ്വാസികളും പങ്കെടുത്ത സമ്മേളനം ആത്മീയതയും ചരിത്രനേട്ടവും ഒരുമിച്ചുചേർന്ന വേദിയായി.

നാല് ദിവസങ്ങളിലായി നടന്ന സമ്മേളനത്തോടനുബന്ധിച്ച് പുതുതായി രൂപീകരിച്ച സിഎസ്ഐ ഡയസ്‌പോറ ഡയോസിസ് ഓഫ് നോർത്ത് അമേരിക്കയുടെ ആദ്യ ഡയോസിസൻ കൗൺസിൽ ഔദ്യോഗികമായി നിലവിൽ വന്നത് സമ്മേളനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ചരിത്രനേട്ടമായി.

400ലധികം പേരുടെ പങ്കാളിത്തത്തോടെ നടന്ന വർണാഭമായ ഗ്രാൻഡ് പ്രോസഷനോടെയായിരുന്നു സമ്മേളനത്തിന് തുടക്കമായത്. വിവിധ പ്രദേശങ്ങളെ പ്രതിനിധീകരിച്ച പതാകകൾ, സഭാ ബാനറുകൾ, വൈദികർ, യുവജനങ്ങൾ, കുട്ടികൾ, കുടുംബങ്ങൾ എന്നിവരുടെ സാന്നിധ്യം സമ്മേളനത്തിന് പ്രത്യേക ഭംഗി പകർന്നു.

ചർച്ച് ഓഫ് സൗത്ത് ഇന്ത്യയുടെ മോഡറേറ്റർ മോസ്റ്റ് റവ. ഡോ. കെ. റൂബൻ മാർക്ക് ഉദ്ഘാടന ആരാധനയ്ക്ക് നേതൃത്വം നൽകി. മദ്രാസ്, മലബാർ, സെൻട്രൽ കർണാടക, സൗത്ത് കർണാടക ഡയോസിസുകളിലെ ബിഷപ്പുമാരും ഇന്ത്യയിലെയും വടക്കേ അമേരിക്കയിലെയും വൈദികരും ചടങ്ങിൽ പങ്കെടുത്തു.

തുടർന്ന് നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ഇടവക സിനഡ് ജനറൽ സെക്രട്ടറി, അഞ്ച് ബിഷപ്പുമാർ, എക്യുമെനിക്കൽ സഭാ നേതാക്കൾ, വിശിഷ്ടാതിഥികൾ എന്നിവർ സന്നിഹിതരായി. അമേരിക്ക, കാനഡ, ഇന്ത്യ എന്നീ രാജ്യങ്ങളുടെ ദേശീയ ഗാനങ്ങൾ ആലപിച്ചതിനുശേഷം ദീപപ്രജ്വലനത്തോടെ സമ്മേളനം ഔപചാരികമായി ആരംഭിച്ചു.

മാർത്തോമ്മാസഭ, എപ്പിസ്കോപ്പൽ സഭ, യുണൈറ്റഡ് മെത്തഡിസ്റ്റ് സഭ എന്നിവയുടെ പ്രതിനിധികൾ ആശംസകൾ നേർന്നു. ഇർവിംഗ് നഗരത്തിന്റെ പ്രത്യേക അഭിനന്ദന സന്ദേശവും സമ്മേളനത്തിൽ അവതരിപ്പിച്ചു.

പ്രശസ്ത ഗോസ്പൽ ഗായകൻ ബ്രദർ ജോളി ജോല്ലി ഏബ്രഹാം, മേഴ്സി തോമസ് എന്നിവരുടെ സംഗീതശുശ്രൂഷയും, അന്തർദേശീയ ക്രൈസ്തവ നേതാവായ ഡോ.സാം ജോർജിന്റെ യുവജന സന്ദേശവും, റൈറ്റ് റവ. എ. പോൾ ഫ്രാൻസിസ് രവീചന്ദ്രന്റെ മുഖ്യപ്രഭാഷണവും സമ്മേളനത്തിന് ആത്മീയ ആഴം പകർന്നു.

സമ്മേളന ദിവസങ്ങളിൽ ആരാധനകൾ, ബൈബിൾ പഠനങ്ങൾ, നേതൃത്വ സെമിനാറുകൾ, യുവജനശിശു പരിപാടികൾ, കായിക മത്സരങ്ങൾ, സാംസ്കാരിക പരിപാടികൾ, കൂട്ടായ്മകൾ എന്നിവ നടന്നു. വിവിധ പ്രദേശങ്ങളിൽ നിന്നെത്തിയ വിശ്വാസികൾ ആത്മീയ അനുഭവങ്ങളും സഹോദര്യവും പങ്കുവെച്ചു.

ലവ് ഓഫ് ക്രൈസ്റ്റ് സിഎസ്ഐ ചർച്ചിലെ നൂറുകണക്കിന് സന്നദ്ധ പ്രവർത്തകർ ഒരുക്കിയ ആതിഥ്യവും സേവനവും സമ്മേളനത്തിന്റെ പ്രധാന ആകർഷണങ്ങളിലൊന്നായി മാറി.

അവസാന ദിവസം നടന്ന വിശുദ്ധ കുർബാനയിൽ 500ലധികം വിശ്വാസികൾ പങ്കെടുത്തു. വടക്കേ അമേരിക്കയിലെ വിവിധ സിഎസ്ഐ സഭകളിൽ നിന്നുള്ള ഗായകർ ചേർന്ന മാസ് ക്വയർ ആരാധനയ്ക്ക് നേതൃത്വം നൽകി.

സമ്മേളന സമാപന ചടങ്ങിൽ പതിറ്റാണ്ടുകളായി വടക്കേ അമേരിക്കയിൽ സിഎസ്ഐ ശുശ്രൂഷയ്ക്കായി പ്രവർത്തിച്ച മുൻഗാമികളെ ആദരിച്ചു. വിവിധ മത്സരങ്ങളിലെ വിജയികൾ, സ്പോൺസർമാർ, സംഘാടക സമിതി അംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ എന്നിവരെയും അനുമോദിച്ചു.

ആത്മീയ നവോത്ഥാനത്തിനും സഭാ ഐക്യത്തിനും പുതിയ ദിശാബോധം നൽകിയ ഈ സമ്മേളനം, വടക്കേ അമേരിക്കയിലെ സിഎസ്ഐ ഡയസ്പോറ ഡയോസിസ് ഔദ്യോഗികമായി പ്രവർത്തനം ആരംഭിച്ച ചരിത്ര സമ്മേളനം എന്ന നിലയിൽ എന്നും ഓർമ്മിക്കപ്പെടുമെന്ന് സംഘാടകർ അറിയിച്ചു. - വാർത്ത നൽകിയത് ജിജു കുളങ്ങര

## ഐഓസി പെൻസിൽവാനിയ ചാപ്റ്ററിന്റെ നേതൃത്വത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യദിനാഘോഷം

**- സുമോദ് തോമസ് നെല്ലിക്കാല, ഫിലാഡൽഫിയ**

ഫിലഡൽഫിയ: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് പെൻസിൽവാനിയ ചാപ്റ്ററിന്റെ നേതൃത്വത്തിൽ ഇന്ത്യയുടെ സ്വാതന്ത്ര്യദിനാഘോഷം വിപുലമായ പരിപാടികളോടെ ആഗസ്റ്റ് 16 ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് നടക്കും. ഗാലേറിയ ബാങ്ക്വറ്റ് ഹാളിൽ, ആണ് ആഘോഷ പരിപാടികൾ അരങ്ങേറുക.

കേരള സർക്കാരിന്റെ ചീഫ് വിപ്പും തൊടുപുഴ നിയോജക മണ്ഡലം എം.എൽ.എയുമായ അപു ജോൺ ജോസഫ് മുഖ്യാതിഥിയായി പങ്കെടുക്കും. പ്രാദേശിക രാഷ്ട്രീയ നേതാക്കളും സാമൂഹികസാംസ്കാരിക രംഗത്തെ പ്രമുഖരും ചടങ്ങിൽ പങ്കെടുക്കും.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ മഹത്തായ പാരമ്പര്യവും ജനാധിപത്യ മൂല്യങ്ങളും ദേശീയ ഐക്യവും അനുസ്മരിക്കുന്ന ചടങ്ങിൽ ഇന്ത്യൻ സമൂഹത്തിലെ വിവിധ സംഘടനകളുടെ പ്രതിനിധികളും സാമൂഹിക നേതാക്കളും പങ്കെടുക്കും. ഇന്ത്യൻ സമൂഹത്തിന്റെ കൂട്ടായ്മയും രാജ്യസ്നേഹവും വിളിച്ചോതുന്ന രീതിയിലാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

ആഘോഷത്തിന്റെ ഭാഗമായി വിവിധ കലാസാംസ്കാരിക പരിപാടികളും വിനോദപരിപാടികളും അരങ്ങേറും. സംഗീതം, നൃത്തം തുടങ്ങി വൈവിധ്യമാർന്ന കലാപരിപാടികൾ ആസ്വദിക്കാനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. പരിപാടിയിൽ പങ്കെടുക്കുന്ന എല്ലാവർക്കുമായി സൗജന്യ അത്താഴ വിരുന്നും ഉണ്ടായിരിക്കും. പ്രവേശനം സൗജന്യമാണ്.

ഐഒസി ഫിലഡൽഫിയ ചാപ്റ്ററിന്റെ നേതൃത്വത്തിൽ ചെയർമാൻ സാബു സ്കറിയ, പ്രസിഡന്റ് സുമോദ് തോമസ് നെല്ലിക്കാല, ജനറൽ സെക്രട്ടറി നൈനാൻ മത്തായി, ട്രഷറർ തോമസ്കുട്ടി വർഗീസ് എന്നിവരുടെ നേതൃത്വത്തിലാണ് ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നത്.

വൈസ് ചെയർമാൻമാരായി ഡോ.ഈപ്പൻ ഡാനിയേലും കൊച്ചുമോൻ വയലത്തും, വൈസ് പ്രസിഡന്റുമാരായി അലക്സ് തോമസ്, ജോബി ജോൺ, ജെയിംസ് പീറ്റർ എന്നിവരും പ്രവർത്തിക്കുന്നു. ജോയിന്റ് സെക്രട്ടറിമാരായി ജോർജ് ഓലിക്കൽ, ജോൺ പണിക്കർ, ജോയിന്റ് ട്രഷററായി ▶

## 12-ാമത് സീറോ മലങ്കര കത്തോലിക്കാ ഫാമിലി കൺവെൻഷൻ സമാപിച്ചു




**- ഡോ.ജോർജ് എം. കാക്കനാട്**

കണക്റ്റിക്കട്ട്: വടക്കേ അമേരിക്കയിലെ 12-ാമത് സീറോ മലങ്കര കത്തോലിക്കാ ഫാമിലി കൺവെൻഷന് പ്രൗഢഗംഭീരമായ സമാപനം. ഭക്തിനിർഭരമായ പൊന്തിഫിക്കൽ വിശുദ്ധ കുർബാനയോടും സമാപന സമ്മേളനത്തോടും കൂടിയാണ് നാല് ദിവസം നീണ്ടുനിന്ന കൺവെൻഷൻ അവസാനിച്ചത്.

അമേരിക്കയിൽ നിന്നും കാനഡയിൽ നിന്നുമായി എത്തിയ വൈദികരും സമർപ്പിതരും അനേകം വിശ്വാസികളും സഭയിലെ പിതാക്കന്മാരോടൊപ്പം ഒത്തുചേർന്നപ്പോൾ, ഈ സമാപന സമ്മേളനം വിശ്വാസത്തിന്റെയും കൂട്ടായ്മയുടെയും പ്രേക്ഷിത ചൈതന്യത്തിന്റെയും മഹത്തായ സാക്ഷ്യമായി മാറി.

നാല് നാൾ നീണ്ടുനിന്ന പ്രാർത്ഥനകൾക്കും ആരാധനയ്ക്കും സൗഹൃദ കൂട്ടായ്മകൾക്കും നവീകരണത്തിനും ദൈവത്തിന് നന്ദിയർപ്പിച്ചു കൊണ്ട് വിശ്വാസികൾ ദിവ്യബലിയിൽ പങ്കുചേർന്നു. സീറോമലങ്കര കത്തോലിക്കാ സഭയുടെ സമ്പന്നമായ പാരമ്പര്യം വിളിച്ചോതിയ ശുശ്രൂഷകൾ, തോമാശ്ലീഹായിലൂടെ ഭാരതത്തിന് ലഭിച്ച വിശ്വാസത്തിന്റെ പ്രേക്ഷിത ചൈതന്യത്തെ വീണ്ടും ജ്വലിപ്പിച്ചു.

നിങ്ങൾ പോയി സകല ജനങ്ങളെയും ശിഷ്യപ്പെടുത്തുവിൻ എന്ന് പൊന്തിഫിക്കൽ വിശുദ്ധ കുർബാന മധ്യേ നൽകിയ സന്ദേശത്തിൽ, ക്രിസ്തുവിന്റെ വലിയ പ്രേക്ഷിത ദൗത്യത്തെക്കുറിച്ച് അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് പിതാവ് പ്രസംഗിച്ചു. സഭയിൽ അംഗമായിരിക്കുക എന്നതിലുപരി, ഓരോ മാമ്മോദീസാ സ്വീകരിച്ച വ്യക്തിയും സജീവമായ ഒരു മിഷനറി ശിഷ്യനാകാൻ വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് പിതാവ് ഓർമ്മിപ്പിച്ചു.

സഭയുടെ ദൗത്യം ഇടവക അതിരുകളിൽ മാത്രം ഒതുങ്ങേണ്ടതല്ല; അത് വീടുകളിലേക്കും ജോലിസ്ഥലങ്ങളിലേക്കും വിദ്യാലയങ്ങളിലേക്കും സമൂഹത്തിലേക്കും വ്യാപിക്കണം. സുവിശേഷത്തിന്റെ ആനന്ദംഎന്ന ഫ്രാൻസിസ് മാർപാപ്പയുടെ ▶

## ഇന്ത്യൻ സ്വാതന്ത്ര്യദിനാഘോഷം

ഫിലിപ്പോസ് ചെറിയാൻ എന്നിവരും ചുമതല വഹിക്കുന്നു.

ഐ.ടി. വിഭാഗത്തിന്റെ ചുമതല ഫെയ്ത്ത് എൽദോ, പ്രോഗ്രാം കോർഡിനേറ്റർ കുര്യൻ രാജൻ, മെമ്പർഷിപ്പ് ചുമതല ഗീവർഗീസ് ജോൺ, പബ്ലിക് റിലേഷൻസ് ഓഫീസർ കോര ചെറിയാൻ എന്നിവർക്കാണ്.

ജോസഫ് കുന്നേൽ, പ്രൊഫ. കോശി തലക്കൽ, പ്രൊഫ. സാം പനംകുന്നേൽ, സ്റ്റാൻലി ജോർജ്, പോൾ വർഗീസ്, വർഗീസ് മട്ടമേൽ, ജോൺ ചാക്കോ, ജേസൺ വർഗീസ്, ജോൺസൺ മാത്യു, അലക്സ് അലക്സാണ്ടർ, വർഗീസ് ബേബി, ലോറൻസ് തോമസ്, ജോൺ സാമുവൽ, മാർഷൽ വർഗീസ്, ഷാജി സാമുവൽ, സാജൻ വർഗീസ്, ജിജോമോൻ ജോസഫ്, ഷാലു പുന്നൂസ്, സന്തോഷ് അബ്രഹാം, മില്ലി ഫിലിപ്പ് എന്നിവർ ഉൾപ്പെട്ട വിപുലമായ കമ്മിറ്റി പ്രവർത്തിക്കുന്നു.

ഇന്ത്യൻ സ്വാതന്ത്ര്യദിനാഘോഷത്തിൽ ഫിലഡൽഫിയയിലും പരിസര പ്രദേശങ്ങളിലുമുള്ള എല്ലാ ഇന്ത്യക്കാരും കുടുംബസമേതം പങ്കെടുക്കണമെന്ന് സംഘാടകർ അഭ്യർത്ഥിച്ചു.

## 12-ാമത് സീറോ മലങ്കര കത്തോലിക്കാ ഫാമിലി കൺവെൻഷൻ സമാപിച്ചു

പ്രബോധനം ഉദ്ധരിച്ചുകൊണ്ട്, വാക്കുകളേക്കാൾ ഉപരി സ്വന്തം ജീവിതത്തിലൂടെ ക്രിസ്തുവിന് സാക്ഷ്യം വഹിക്കാൻ പിതാവ് വിശ്വാസികളെ ആഹ്വാനം ചെയ്തു.

പുനരൈക്യ പ്രസ്ഥാനത്തിന്റെ ശില്പിയായ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ കാഴ്ചപ്പാട് അനുസ്മരിച്ച പിതാവ്, വിശുദ്ധിയിലും ഐക്യത്തിലും സുവിശേഷവൽക്കരണത്തിലും അധിഷ്ഠിതമായ ഒരു സഭയെ പടുത്തുയർത്താൻ ഓരോ കുടുംബത്തോടും ആഹ്വാനം ചെയ്തു. കൺവെൻഷന്റെ യഥാർത്ഥ വിജയം അതിലെ പങ്കാളിത്തത്തിലോ പരിപാടികളുടെ മികവിലോ അല്ല, മറിച്ച് തിരികെ പോകുന്ന ഓരോ വ്യക്തിയും പുതുക്കപ്പെട്ട ശിഷ്യന്മാരായി ക്രിസ്തുവിനെ പ്രഘോഷിക്കുന്നുണ്ടോ എന്നതിലാണ് ഇരിക്കുന്നതെന്ന് പറഞ്ഞാണ് ബിഷപ്പ് തന്റെ സന്ദേശം അവസാനിപ്പിച്ചത്.

സീറോ മലങ്കര കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ ശ്രേഷ്ഠ ബസേലിയോസ് കർദിനാൾ ക്ലിമീസ് കാതോലിക്കാ ബാവാ വീഡിയോ സന്ദേശം അയച്ചു. കൺവൻഷന്റെ വിജയത്തിനായി പ്രയത്നിച്ച അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്റ്റെഫാനോസ് മെത്രാപ്പോലീത്ത, വൈദികർ, സമർപ്പിതർ, സംഘാടകർ, വോളന്റിയർമാർ, സ്പോൺസർമാർ, വിശ്വാസികൾ എന്നിവരെയും ബാവ അനുമോദിച്ചു. ഈ കൺവെൻഷൻ വ്യക്തികളെ ശക്തീകരിക്കുകയും, കുടുംബങ്ങളെ പുതുക്കുകയും, ഇടവക സമൂഹങ്ങളെ ചൈതന്യവത്താക്കുകയും, സഭയുടെ ഐക്യം ദൃഢമാക്കുകയും ചെയ്ത ഒരു വലിയ സാക്ഷ്യമാണെന്ന് ബാവ പറഞ്ഞു.

ലിയോ പതിനാലാമൻ മാർപാപ്പയുടെ പ്രബോധനങ്ങളെ അനുസ്മരിച്ചുകൊണ്ട്, ആർട്ടിഫിഷ്യൽ ഇന്റലിജൻസും സാങ്കേതികവിദ്യകളും വേഗത്തിൽ വളരുന്ന ഈ കാലഘട്ടത്തിൽ ഓരോ മനുഷ്യന്റെയും അന്തസ്സ് സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ബാവ സംസാരിച്ചു. ഓരോ വ്യക്തിയിലുമുള്ള ദൈവീക അന്തസ്സിനെ അംഗീകരിക്കുന്നതിലാണ് യഥാർത്ഥ ക്രൈസ്തവ സാക്ഷ്യം ആരംഭിക്കുന്നത്.

തന്റെ മെത്രാഭിഷേകത്തിന്റെ സിൽവർ ജൂബിലി വേളയിലാണ് ഈ കൺവെൻഷൻ നടക്കുന്നത് എന്നത് ബാവ പ്രത്യേകമായി അനുസ്മരിച്ചു. തന്റെ ആദ്യത്തെ എപ്പിസ്കോപ്പൽ ദൗത്യം വടക്കേ അമേരിക്കയിലെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആയിട്ടായിരുന്നുവെന്നും, അന്നുമുതൽ വിശ്വാസികൾ നൽകിയ സ്നേഹവും പ്രാർത്ഥനയുമാണ് തന്നെ ഇന്നത്തെ നിലയിൽ രൂപപ്പെടുത്തിയതെന്നും ബാവ കൃതജ്ഞതയോടെ ഓർത്തു. സഭയെ നയിക്കാനും, പാവപ്പെട്ടവരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും കരുതാനുമുള്ള തന്റെ ദൗത്യത്തിൽ തുടർന്നും പ്രാർത്ഥനകൾ ഉണ്ടാകണമെന്ന് ബാവ അഭ്യർത്ഥിച്ചു.

സമാപന സമ്മേളനത്തിൽ അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്റ്റെഫാനോസ് മെത്രാപ്പോലീത്ത നന്ദിയർപ്പിച്ചു സംസാരിച്ചു. രണ്ടുമാസം പ്രായമുള്ള കുഞ്ഞുങ്ങൾ മുതൽ മുതിർന്നവർ വരെ വടക്കേ അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ആയിരക്കണക്കിന് മൈലുകൾ താണ്ടി എത്തിയത് ക്രിസ്തുവിനോടുള്ള സ്നേഹവും തോമാശ്ലീഹായിലൂടെ ലഭിച്ച വിശ്വാസപാരമ്പര്യവും കൊണ്ടാണെന്ന് പിതാവ്പറഞ്ഞു.

മെത്രാഭിഷേകത്തിന്റെ 25-ാം വാർഷികം ആഘോഷിക്കുന്ന ക്ലിമീസ് ബാവയ്ക്ക് കൺവൻഷൻ ഒന്നുചേർന്ന് ആശംസകളും പ്രാർത്ഥനകളും നേർന്നു. പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ച വൈദികർ, സമർപ്പിതർ, ഗായകസംഘം, വോളന്റിയർമാർ, സംഘാടകർ തുടങ്ങിയ എല്ലാവർക്കും പിതാവ് നന്ദി രേഖപ്പെടുത്തി.

അൽമായരെ പ്രതിനിധീകരിച്ച് ജോർജ് കെ. ജെയിംസ്, മലങ്കര കത്തോലിക്ക യൂത്ത് മൂവ്മെന്റ് പ്രസിഡന്റ് ജോയൽ എബ്രഹാം, മലങ്കര കത്തോലിക്ക ചിൽഡ്രൻസ് ലീഗ് പ്രസിഡന്റ് ടി. സാവിയോ ജോർജ് എന്നിവർ സംസാരിച്ചു.

**Friendship Day** (August 2)

In India, Friendship Day falls on August 2, 2026. This day is celebrated on the first Sunday of August. People observe this day to honour the invaluable bond of friendship and mutual trust shared between peers.

## ശ്രേഷ്ഠ കാതോലിക്ക ബാവക്ക് ഹൂസ്റ്റൺ സെന്റ് മേരീസ് ദേവാലയത്തിന്റെ സ്വീകരണം



**- ജിൻസ് മാത്യു, റിവർസ്റ്റോൺ**

ഹൂസ്റ്റൺ: മലങ്കര യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കാ ബാവയും മലങ്കര മെത്രാപ്പോലിത്തായുമായ ആബൂൻ മോർ ബസേലിയോസ് ജോസഫ് ബാവയ്ക്ക് ഹൂസ്റ്റൺ സെന്റ് മേരീസ് ദേവാലയ ഇടവകയിൽ ഭക്തി നിർഭരമായ സ്വീകരണം.

ഇടവകയുടെ പ്രധാന പെരുന്നാളായ വിശുദ്ധ ദൈവ മാതാവിന്റെ വാങ്ങിപ്പ് പെരുന്നാളും ഇടവക വാർഷികവും ദൈവാലയത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷ ഉദ്ഘാടനവും ശ്രേഷ്ഠ പൗരസ്ത്യ കാതോലിക്കാ ബാവയുടെ മഹനീയ കാർമ്മികത്വത്തിൽ ഓഗസ്റ്റ് 14,15 വെള്ളി, ശനി ദിവസങ്ങളിൽ നടക്കുമെന്ന് ഇടവക വികാരി ഫാദർ എൽദോ പോൾ, സെക്രട്ടറി ബോബി ജോർജ്, ട്രഷറർ അലക്സ് തെക്കേതിൽ എന്നിവർ അറിയിച്ചു.

ഓഗസ്റ്റ് 9 ഞായറാഴ്ച്ച വിശുദ്ധ കുർബാനാനന്തരം പെരുന്നാൾ കൊടിയേറ്റ് നടക്കും. 14 വെള്ളി വൈകിട്ട് 6ന് ദൈവാലയത്തിലെത്തുന്ന ശ്രേഷ്ഠ ബാവയെ സെന്റ് മേരീസ് ഇടവകയും, ഹൂസ്റ്റണിലെ സുറിയാനി ഓർത്തഡോക്സ് വിശ്വാസത്തിലുള്ള വൈദികരും വിശ്വാസികളും ചേർന്ന് സ്വീകരിക്കും. തുടർന്ന് സന്ധ്യാ പ്രാർത്ഥനക്ക് ശേഷം ഭക്തി സാന്ദ്രമായ പെരുന്നാൾ പ്രദിക്ഷണം. ശ്രേഷ്ഠ ബാവയുടെ അനുഗ്രഹ പ്രഭാഷണവും, ഇടവകയിലെ വിദ്യാർത്ഥികൾക്കുള്ള ഗ്രാഡുവേഷൻ ഹോണറിംഗും, അത്താഴ സദ്യയും ഉണ്ടായിരിക്കും.

ഓഗസ്റ്റ് 15 ശനിയാഴ്ച്ച രാവിലെ 8.30 ന് പ്രഭാത നമസ്ക്കാരവും ശ്രേഷ്ഠ ബാവായുടെ പ്രധാന കാർമികത്വത്തിൽ വിശുദ്ധ മൂന്നിൻമേൽ കുർബാനയും നടക്കും. തുടർന്ന് ഇടവകയുടെ അൻപത് വർഷത്തിലേക്ക് കടക്കുന്ന ഒരു വർഷം നീണ്ട് നിൽക്കുന്ന സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം ശ്രേഷ്ഠ ബാവാ നിർവ്വഹിക്കും. തുടർന്ന് പെരുന്നാൾ പ്രദിക്ഷണം, ആശീർവ്വാദം, നേർച്ച സദ്യ എന്നിവ നടക്കും.

നോർത്ത് അമേരിക്കൻ അതിഭദ്രാസന മെത്രാപ്പോലിത്ത എൽദോ മോർ തീത്തോസ് മെത്രാപ്പോലിത്തയുടെ ന്യൂയോർക്ക് അരമനയിൽ നടന്ന നോർത്ത് അമേരിക്കൻ ഫാമിലി കോൺഫ്രൻസിൽ വിശിഷ്ഠ അതിഥിയായി കേരളത്തിൽ നിന്ന് എത്തിയ പൗരസ്ത്യ ശ്രേഷ്ഠ കാതോലിക്കാ ബാവായെ ഇടവക വികാരി ഫാദർ എൽദോ പോളിന്റെ നേതൃത്വത്തിൽ ഇടവക കമ്മിറ്റി ഹൂസ്റ്റണിലേക്ക് ക്ഷണിച്ചു.

## ഹൂസ്റ്റണിൽ എക്യുമെനിക്കൽ ഫെസ്റ്റ് സെപ്റ്റംബർ 12ന്; ഫുഡ് കൂപ്പൺ കിക്ക് ഓഫ് മേയർ കെൻ മാത്യു നടത്തി



**- ജീമോൻ റാന്നി**

ഹൂസ്റ്റൺ: ഹൂസ്റ്റണിലെ 20 ഇടവകകളുടെ സംയുക്ത കൂട്ടായ്മയായ ഇന്ത്യൻ ക്രിസ്ത്യൻ എക്യുമെനിക്കൽ കമ്മ്യൂണിറ്റി സംഘടിപ്പിക്കുന്ന എക്യുമെനിക്കൽ ഫെസ്റ്റ് 2026ന്റെ ഫുഡ് കൂപ്പൺ വിൽപ്പനയുടെ കിക്ക് ഓഫ് നടന്നു.

സ്റ്റാഫ്ഫോർഡ് സിറ്റി മേയർ കെൻ മാത്യു, ട്രഷറർ രാജൻ അങ്ങാടിയിലിന് ആദ്യ കൂപ്പൺ കൈമാറി. ജൂലൈ 12 ഞായറാഴ്ച 4.30ന് ഹൂസ്റ്റണിലെ സെന്റ് മേരീസ് മലങ്കര ഓർത്തഡോക്സ് സുറിയാനി ദേവാലയത്തിൽ സംഘടിപ്പിച്ച ബൈബിൾ ക്വിസ് മത്സരത്തിനു ശേഷം നടന്ന പ്രത്യേക സമ്മേളനത്തിലാണ് കിക്ക് ഓഫ് ചടങ്ങു നടന്നത്. വിവിധ സഭകളിൽ നിന്നുള്ള അംഗങ്ങളും വൈദികരും പങ്കെടുത്തു.

പ്രസിഡണ്ട് റവ.ഫാ.ഡോ.ഐസക്ക് ബി. പ്രകാശ് അധ്യക്ഷത വഹിച്ച ചടങ്ങിൽ സെക്രട്ടറി ഷാജൻ ജോർജ് സ്വാഗതം ആശംസിച്ചു.

റവ.ദീപു എബി ജോൺ, റവ. ജോൺ വിൽസൺ, റവ.ഫാ. ജെക്കു സഖറിയാ, റവ. രാജേഷ് ജോൺ, റവ.ഫാ.മാത്യു ജോർജ്, റവ.ഡോ. ജോബി മാത്യു, റവ.ഫാ. ജോൺസൻ പുഞ്ചക്കോണം, മിൽറ്റ മാത്യു, നൈനാൻ വീട്ടിനാൽ, ഡോ അന്നാ കെ.ഫിലിപ്പ്, ഫാൻസിമോൾ പള്ളത്തുമഠം, ജിനോ ജേക്കബ്, ജോൺസൻ ഉമ്മൻ, എബി മാത്യു, ജോൺസൺ കല്ലുംമൂട്ടിൽ, ബിനു സഖറിയ, ഷോബിൻ മാത്യു, ഷിജു മാത്യു തുടങ്ങിയവർ സന്നിഹിതരായിരുന്നു.

എക്യുമെനിക്കൽ ഫെസ്റ്റിന്റെ കൺവീനർ തോമസ് മാത്യു (ജീമോൻ റാന്നി) എക്യൂമെനിക്കൽ ഫെസ്റ്റിന്റെ പ്രാധാന്യം വിശദീകരിച്ചു. എല്ലാ എക്യുമെനിക്കൽ സഭകളെയും ഒരേ കുടക്കീഴിൽ ഒരുമിപ്പിച്ച് ഐക്യവും സൗഹാർദ്ദവും സാഹോദര്യവും കൂടുതൽ ശക്തിപ്പെടുത്തുക എന്നതാണ് ഫെസ്റ്റിന്റെ പ്രധാന ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു.

## ട്രൈസ്റ്റേറ്റ് കേരള ഫോറം പുരസ്കാരം നൽകി ആദരിക്കുന്നു



– ജീമോൻ ജോർജ്

ഫിലാഡൽഫിയ: വടക്കേ അമേരിക്കയിലെ മുഖ്യ ജനകീയ സംഘടനയും ഇതര സംഘടനകളുടെ ഐക്യ വേദിയുമായ ട്രൈസ്റ്റേറ്റ് കേരള ഫോറം പൊന്നോണം വന്നോണം എന്നു നാമകരണം ചെയ്തിരിക്കുന്ന അതിവിപുലമായ ജനകീയ ഓണാഘോഷം ഓഗസ്റ്റ് 22 ശനിയാഴ്ച ഉച്ച കഴിഞ്ഞു 2 മണി മുതൽ കാൻസ്റ്റാർട്ടർ മൈതാനിയിൽ വച്ച് നടത്തുന്നതാണ്.

പ്രവാസ ലോകത്തെ പ്രശസ്ത അവാർഡ് ചടങ്ങുകളിലൊന്നായ ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ പുരസ്കാരങ്ങൾക്ക് ഡോ.സതീശൻ (കേരള മുഖ്യമന്ത്രി), മൈക്ക് ഫിറ്റ്സ്പാർട്ടിക് (കോൺഗ്രസ് മാൻ), ബ്രണ്ടൻ ബോയ്‌ലി (കോൺഗ്രസ്മാൻ), എം.ജി.ശ്രീകുമാർ (പിന്നണി ഗായകൻ), കെ.എൻ. ബാലഗോപാൽ (കേരള മുൻ ധനകാര്യ വകുപ്പ് മന്ത്രി) തുടങ്ങിയവർ അർഹരായിട്ടുണ്ട്.

ഗൃഹാതുരുത്വം ഉണർത്തുന്ന ഓണാഘോഷങ്ങളാണ് എക്കാലത്തും ട്രൈസ്റ്റേറ്റ് കേരള ഫോറം ഒരുക്കന്നതെന്നും എല്ലാ മലയാളികളുടെയും സഹകരണം അഭ്യർഥിക്കുന്നതായും ഫോറം ചെയർമാൻ ലെനോ സ്കറിയ ജനറൽ സെക്രട്ടറി ജോബി ജോർജ് എന്നിവർ അറിയിച്ചു.

തനതായ മേഖലകളിൽ തങ്ങളുടേതായ പ്രാവീണ്യം തെളിയിക്കുകയും ചെയ്ത വ്യക്തിയെയാണ് പുരസ്കാരങ്ങൾക്കായി ഈ വർഷം പരിഗണിക്കുന്നതെന്നും അവാർഡ് കമ്മിറ്റി ചെയർമാൻ ജീമോൻ അഭിപ്രായപ്പെട്ടു.

ഓണസദ്യ അത്തപ്പൂക്കളം, ഘോഷയാത്ര, പഞ്ചാരിമേളം, സാംസ്കാരിക സമ്മേളനം, മെഗാ തിരുവാതിര, ബിജു നാരായൺ ആന്റ് ടീം (പിന്നണി ഗായകൻ) അണിയിച്ചൊരുക്കുന്ന ലൈവ് സംഗീത വിരുന്ന്, ഫയർ വർക്സ് തുടങ്ങിയ നിരവധി പരിപാടികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഓണാഘോഷത്തിന്റെ വിജയത്തിനായി രാജൻ ശാമുവേൽ (ട്രഷറർ), ബിനു മാത്യു (ചെയർമാൻ, ഓണാഘോഷം), റോണി വർഗീസ് (പ്രോഗ്രാം), സുരേഷ് നായർ (സെക്രട്ടറി), വിൻസെന്റ് ഇമ്മാനുവേൽ, അലക്സ് തോമസ്, ജോർജ് ഓലിക്കൽ, സുധ കർത്താ, തോമസ് പോൾ (ചെയർമാൻ, കേരള ഡേ), ഫിലിപ്പോസ് ചെറിയാൻ, അഭിലാഷ് ജോൺ, സുമോദ് നെല്ലിക്കാല, സാജൻ വർഗീസ്, ആശ അഗസ്റ്റിൻ, സിജു ജോൺ, ജോൺ പണിക്കർ, ബ്രിജിറ്റ് വിൻസെന്റ്, ശോശാമ്മ ചെറിയാൻ, സെലിൻ ഓലിക്കൽ, അരുൺ കോവാട്ട്, അനീഷ് ജോയ്, ടി ജെ തോംസൺ, ദിലീപ് ജോർജ്, ജെയ്സൺ വർഗീസ്, അനൂപ് അനു, ജോബി ജോർജുകുട്ടി തുടങ്ങിയ ധാരാളം വ്യക്തികളുടെ നേതൃത്വത്തിലുള്ള വിപുലമായ വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നതായി ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ പത്രക്കുറുപ്പിൽ അറിയിക്കുന്നു.

കൂടുതൽ വിവരങ്ങൾക്കായി:
ജീമോൻ ജോർജ് (267) 970 4267.

## വിദ്വേഷ കുറ്റങ്ങൾക്കെതിരെ കാനഡ; കോംബാറ്റിംഗ് ഹേറ്റ് ആക്ട്പ്രാബല്യത്തിൽ

– പ്രസാദ് തീയാടിക്കൽ

ഒട്ടാവ: വിദ്വേഷ പ്രേരിത കുറ്റകൃത്യങ്ങൾ തടയുന്നതിനും മതസാമൂഹിക സ്ഥാപനങ്ങൾക്ക് കൂടുതൽ സംരക്ഷണം ഉറപ്പാക്കുന്നതിനുമായി കാനഡ കൊണ്ടുവന്ന കോംബാറ്റിംഗ് ഹേറ്റ് ആക്ട്പ്രാബല്യത്തിൽ വന്നു.

ആരാധനാലയങ്ങൾ, സ്കൂളുകൾ, കമ്മ്യൂണിറ്റി സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം മനപൂർവം തടസ്സപ്പെടുത്തുന്നത് പുതിയ നിയമപ്രകാരം ക്രിമിനൽ കുറ്റമായി കണക്കാക്കും. വിദ്വേഷം പ്രചരിപ്പിക്കുന്നതിനായി പൊതുസ്ഥലങ്ങളിൽ ചില ചിഹ്നങ്ങൾ പ്രദർശിപ്പിക്കുന്നതിനെതിരെയും കർശന നടപടി സ്വീകരിക്കാൻ നിയമം വ്യവസ്ഥ ചെയ്യുന്നു.

വിദ്വേഷ ഉദ്ദേശ്യത്തോടെ നടത്തുന്ന ആക്രമണങ്ങൾക്കും ഭീഷണികൾക്കും നിലവിലുള്ളതിനെക്കാൾ ശക്തമായ നിയമനടപടികൾ സ്വീകരിക്കുകയാണ് നിയമത്തിന്റെ പ്രധാന ലക്ഷ്യം. രാജ്യത്തെ വിവിധ മതവിഭാഗങ്ങൾക്കും വംശീയ സമൂഹങ്ങൾക്കും സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നിർണായക നടപടിയാണിതെന്ന് കാനഡ സർക്കാർ വ്യക്തമാക്കി.

അതേസമയം, നിയമത്തിലെ ചില വ്യവസ്ഥകൾ അഭിപ്രായസ്വാതന്ത്ര്യത്തെയും സമാധാനപരമായ പ്രതിഷേധങ്ങളെയും ബാധിക്കുമെന്ന ആശങ്ക മനുഷ്യാവകാശ സംഘടനകൾ ഉയർത്തിയിട്ടുണ്ട്.

## ഗുഡ് സമരിറ്റൻ കമ്മ്യൂണിറ്റിയുടെ സ്നേഹസ്വാന്തനം സംഗീതസന്ധ്യ ജനഹൃദയങ്ങൾ കീഴടക്കി



– ഷിബു വർഗീസ് കൊച്ചുമഠം

ഫിലഡൽഫിയ: രോഗബാധിതർക്ക് ആശ്വാസവും ഒറ്റപ്പെടുന്നവർക്ക് ഹൃദയസ്പർശിയായ സാന്ത്വനവും പകരുകയെന്ന ഉദാത്തമായ ലക്ഷ്യത്തോടെ ഗുഡ് സമരിറ്റൻ കമ്മ്യൂണിറ്റി സ്നേഹതീരത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സ്നേഹസാന്ത്വനം സംഗീത പരിപാടി ജനപങ്കാളിത്തം കൊണ്ടും പരിപാടികളുടെ മികവുകൊണ്ടും വൻ വിജയമായി. ഹെവൻലി ബീറ്റ്സിന്റെ യു.എസ്.എയുടെ സഹകരണത്തോടെ, ഗുഡ് സമരിറ്റൻ കമ്മ്യൂണിറ്റി മ്യൂസിക്കൽ ടീം സംയുക്തമായാണ് ഈ അതിമനോഹരമായ സാന്ത്വന സന്ധ്യ അണിയിച്ചൊരുക്കിയത്.

ജൂലൈ 12ാം തീയതി ഞായറാഴ്ച വൈകുന്നേരം അബിംഗ്ടൺ വെൽഷ് റോഡിലുള്ള സെന്റ് മേരീസ് കത്തീഡ്രൽ ഹാളിൽ നടന്ന പരിപാടി, കാണികളുടെ മനസ്സിൽ മായാത്ത ഓർമ്മയായി മാറി.

കൃത്യം വൈകുന്നേരം 3.30ന് ഫാദർ ഡോക്ടർ ജോൺസൺ ജോൺ നയിച്ച രോഗശാന്തി പ്രാർത്ഥനയോടുകൂടിയാണ് പരിപാടികൾക്ക് തുടക്കമായത്. തുടർന്ന് ജോസ് സക്കറിയ ചടങ്ങിൽ പങ്കെടുത്തവർക്ക് ഹൃദ്യമായ സ്വാഗതം ആശംസിച്ചു. സൂസൻ ഷിബു വർഗീസ് ആലപിച്ച പ്രാർത്ഥനാഗാനവും, റൂബി സേവ്യർ നടത്തിയ ബൈബിൾ വായനയും ചടങ്ങുകൾക്ക് ഭക്തിസാന്ദ്രമായ അന്തരീക്ഷമേകി.

സാംസൺ ഹെവൻലിയുടെ നേതൃത്വത്തിലുള്ള പ്രശസ്ത സംഗീതസംഘമായ ഹെവൻലി ബീറ്റ്സ് യുഎസ്എ ഒരുക്കിയ ഒരു മണിക്കൂർ നീണ്ടുനിന്ന മ്യൂസിക്കൽ പ്രോഗ്രാം സദസ്സിനെ പുളകിതമാക്കി.

സാംസൺ ഹെവൻലി ബീറ്റ്സാസ് (സാംസൺ ഹെവൻലി ബീറ്റ്സ്), ജിൻസി ജോമോൻ, ഷിബു, ഡാനിയൽ ബിജു എന്നിവർ ആലപിച്ച ഗാനങ്ങൾ ജനഹൃദയങ്ങൾ കീഴടക്കി. ജാക്ക് ബിജു (കീ ബോർഡ്), സുമിത് സാം (ഗിറ്റാർ) എന്നിവർ പശ്ചാത്തലമൊരുക്കിയ ഗാനസന്ധ്യ കാണികളുടെ വൻ കൈയ്യടി നേടി.

ഗുഡ് സമരിറ്റൻ മ്യൂസിക്കൽ ടീമിന്റെ സംഗീതവിരുന്നിൽ സേവ്യർ ആന്റണി, കോശി ദാനിയേൽ, റെജിമോൻ മാത്യു, ആൻസമ്മ ജോൺസൺ, ടാനിയ ജോസി, അനിത ജോസി, റോളി എൽദോ, ഫെയ്ത്ത് എൽദോ, എൽദോ വർഗീസ്, ജോർജ് കുര്യൻ, ബിജു എബ്രഹാം എന്നിവർ മനോഹരമായ ഗാനങ്ങളിലൂടെ സദസ്സിനെ കയ്യിലെടുത്തു. അലൻ ഷിബു വർഗ്ഗീസിന്റെ ഡയറക്ഷൻ സംഗീത സദ്യ ഹരമായി

സംഗീതസന്ധ്യയ്ക്ക് ശേഷം റോളി എൽദോയുടെ നേതൃത്വത്തിൽ അരങ്ങേറിയ ഡാൻസ് മികച്ച ദൃശ്യവിരുന്നായിരുന്നു.

ജെസ്സി മാത്യു നന്ദി പറഞ്ഞു.

കൊച്ചുകോശി ഉമ്മൻ (ട്രസ്റ്റി), സുജ കോശി (ജനറൽ കൺവീനർ), ലീലാമ്മ വർഗീസ്, ആനി സക്കറിയ, ജെസ്സി മാത്യു, കെസിയ സജി (കൺവീനേഴ്സ്), സേവ്യർ ആന്റണി, ജോർജ് കുര്യൻ, അനിൽ ബാബു, ബിജു എബ്രഹാം, കോശി ഡാനിയേൽ, റെജിമോൻ മാത്യു (പ്രോഗ്രാം കോർഡിനേറ്റേഴ്സ്) ജോസ് സക്കറിയ, സജി സക്കറിയാ, ഷിബു മാത്യു, കുര്യൻ കുര്യൻ, അനിൽ ബാബു, സുനിത എബ്രഹാം, വർഗീസ് ജോൺ, തോമസ് എബ്രഹാം, അജി എബ്രഹാം (വിവിധ കമ്മിറ്റി കോർഡിനേറ്റേഴ്സ്) എന്നിവർ നേതൃത്വം നൽകി.

## ചിക്കാഗോ മലയാളി അസോസിയേഷന്റെ ഫീഡ് മൈ സ്റ്റാർവിങ് ചിൽഡ്രൻ ചാരിറ്റി സംരംഭം ശ്രദ്ധേയമായി



ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഫീഡ് മൈ സ്റ്റാർവിങ് ചിൽഡ്രൻചാരിറ്റി പ്രവർത്തനം ശ്രദ്ധേയമായി. 2026 ജൂലൈ 24ന് ഷാംബർഗിലെ വില്ലി ഫാം കോർട്ടിൽ, ഫീഡ് മൈ സ്റ്റാർവിങ് ചിൽഡ്രൻ സംഘടനയുമായി സഹകരിച്ച് സംഘടിപ്പിച്ച ഫുഡ് പാക്കിംഗ് പരിപാടിയിൽ അസോസിയേഷൻ അംഗങ്ങളും സന്നദ്ധപ്രവർത്തകരും ഉൾപ്പെടെ നിരവധിപേർ ആവേശപൂർവം പങ്കെടുത്തു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പട്ടിണിയും പോഷകാഹാരക്കുറവും അനുഭവിക്കുന്ന കുട്ടികൾക്ക് പോഷകസമൃദ്ധമായ ഭക്ഷണപ്പൊതികൾ തയ്യാറാക്കി എത്തിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെയായിരുന്നു പരിപാടി സംഘടിപ്പിച്ചത്. നിശ്ചിത സമയത്തിനുള്ളിൽ നൂറുകണക്കിന് ഭക്ഷ്യപ്പൊതികൾ തയ്യാറാക്കുന്നതിൽ സന്നദ്ധപ്രവർത്തകർ ഒരുമയോടെയും ആത്മാർഥതയോടെയും പ്രവർത്തിച്ചത് പരിപാടിയുടെ പ്രത്യേകതയായി.

ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റ് ജോസ് മണക്കാട്ട്, ചാരിറ്റി ചെയർപേഴ്സൺ ജെസ്സി റിൻസി, കോഓർഡിനേറ്റർമാരായ ജോൺസൻ കണ്ണൂക്കാടൻ, വർഗീസ് തോമസ്, ഫിലിപ്പ് പുത്തൻപുരയിൽ, ഡയറക്ടർ ബോർഡ് അംഗങ്ങളായ ഷൈനി ഹരിദാസ്, ജോജോ വെങ്ങാന്തറ, ജിനോയ് മാത്യു എന്നിവരുടെ നേതൃത്വത്തിൽ പരിപാടി വിജയകരമായി നടന്നു. എലീനോർ വെങ്ങാന്തറ, സുനി വെട്ടിക്കൽ, സൂസി തോമസ്, പോൾ റിൻസി, ജോയ്സ് ചെറിയാൻ, അമൽ ജോർജ്, സാക് മണക്കാട്ട് എന്നിവരും സജീവമായി പങ്കെടുത്ത് പരിപാടിക്ക് മികച്ച പിന്തുണ നൽകി.

സമൂഹത്തോടുള്ള പ്രതിബദ്ധതയും മാനവിക മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന സേവന പ്രവർത്തനങ്ങൾക്ക് ചിക്കാഗോ മലയാളി അസോസിയേഷൻ തുടർന്നും പ്രാധാന്യം നൽകുമെന്ന് പ്രസിഡന്റ് ജോസ് മണക്കാട്ടും ചാരിറ്റി ചെയർപേഴ്സൺ ജെസ്സി റിൻസിയും അറിയിച്ചു. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ കൂടുതൽ അംഗങ്ങളെയും യുവജനങ്ങളെയും പങ്കാളികളാക്കിക്കൊണ്ട് ഇത്തരം പദ്ധതികൾ വിപുലപ്പെടുത്തുമെന്നും അവർ പറഞ്ഞു.

സമൂഹസേവനത്തിനും മനുഷ്യസ്നേഹത്തിനും പ്രാധാന്യം നൽകുന്ന ചിക്കാഗോ മലയാളി അസോസിയേഷന്റെ ഈ സംരംഭം പങ്കെടുത്തവരുടെയും സാമൂഹിക പ്രവർത്തകരുടെയും പ്രശംസ ഏറ്റുവാങ്ങി.

## പത്മവിഭൂഷൺ അടൂർ ഗോപാലകൃഷ്ണൻ ഫൊക്കാന കൽഹാരി കൺവെൻഷനിൽ

**- ശ്രീകുമാർ ഉണ്ണിത്താൻ**




ന്യൂയോർക്ക്: ഇന്ത്യൻ ചലച്ചിത്ര ലോകത്തെ അതുല്യ പ്രതിഭയും പത്മവിഭൂഷൺ ജേതാവുമായ പ്രശസ്ത സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ ഫൊക്കാന കൽഹാരി കൺവെൻഷനിൽ പങ്കെടുക്കും.

ലോകസിനിമയിൽ മലയാളത്തിന്റെ സാന്നിധ്യം അനശ്വരമാക്കിയ മഹാനായ ചലച്ചിത്രകാരന്റെ സാന്നിധ്യം കൺവെൻഷന് കൂടുതൽ പ്രൗഢിയും ആഗോള ശ്രദ്ധയും നൽകുമെന്ന് പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

അന്തർദേശീയ ചലച്ചിത്രോത്സവങ്ങളിൽ നിരവധി പുരസ്കാരങ്ങൾ കരസ്ഥമാക്കിയ അടൂർ ഗോപാലകൃഷ്ണൻ, മലയാള സിനിമയെ ലോകവേദിയിൽ അഭിമാനത്തോടെ ഉയർത്തിപ്പിടിച്ച സംവിധായകരിൽ പ്രമുഖനാണ്. ഇന്ത്യൻ സിനിമയുടെ കലാമൂല്യങ്ങൾക്കും സാംസ്കാരിക പൈതൃകത്തിനും നൽകിയ സമഗ്ര സംഭാവനകളെ മാനിച്ചാണ് രാജ്യം അദ്ദേഹത്തെ പത്മവിഭൂഷൺ നൽകി ആദരിച്ചത്.

പ്രവാസി മലയാളികളുടെ ഏറ്റവും വലിയ സാംസ്കാരിക സംഗമങ്ങളിലൊന്നായി ഒരുങ്ങുന്ന ഫൊക്കാന 2026 ദേശീയ കൺവെൻഷനിൽ അടൂർ ഗോപാലകൃഷ്ണന്റെ സാന്നിധ്യം സിനിമാപ്രേമികൾക്കും കലാസ്വാദകർക്കും അപൂർവ അനുഭവമാകുമെന്ന് ഭാരവാഹികൾ പറഞ്ഞു. കല, സാഹിത്യം, സംസ്കാരം, പാരമ്പര്യം എന്നിവയെ ഒരേ വേദിയിൽ കോർത്തിണക്കുന്ന ഈ മഹാസമ്മേളനത്തിന് അദ്ദേഹത്തിന്റെ പങ്കാളിത്തം കൂടുതൽ തിളക്കമേകുമെന്നും അവർ കൂട്ടിച്ചേർത്തു.

ദേശീയ നേതാക്കളും, വ്യവസായി പ്രമുഖരും തുടങ്ങി വിവിധ മേഖലകളിലെ വിശിഷ്ട വ്യക്തികളും പങ്കെടുക്കുന്ന പ്രവാസി മലയാളികളുടെ ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ സാംസ്കാ രിക മഹാമേളകളിലൊന്നായി മാറുമെന്ന പ്രതീക്ഷയിലാണ് സംഘാടകർ.

## ഡാലസ് വി.എ ഹോസ്പിറ്റലിൽ മലയാളി നഴ്സിന് ആദരം

**- പ്രസാദ് തീയാടിക്കൽ**



ടെക്സസ്: ഡാലസ് വി എ കമ്മ്യൂണിറ്റി ലിവിംഗ് സെന്ററിലെ ക്ലിനിക്കൽ നഴ്സ് ലീഡായ മലയാളി നഴ്സായ ജെസ്സി ചെറുകുന്നത്തിനെ വി എ നോർത്ത് ടെക്സസ് ഹെൽത്ത് കെയർ സിസ്റ്റം ഫേസ് ഓഫ് വി.എ പദ്ധതിയുടെ ഭാഗമായി ആദരിച്ചു.

40 വർഷത്തെ നഴ്സിംഗ് സേവനപരിചയമുള്ള ജെസ്സി കഴിഞ്ഞ 12 വർഷമായി യു.എസ്. ഡിപ്പാർട്ട്മെന്റ് ഓഫ് വെറ്ററൻസ് അഫയേഴ്സിൽ (വിഎ) സേവനം അനുഷ്ഠിക്കുകയാണ്. തന്റെ മകൻ യു.എസ്. മറൈൻ സേനാംഗമാണെന്നും, വെറ്ററൻമാരെ പരിചരിക്കുന്നത് സ്വന്തം മകനെ പരിചരിക്കുന്നതുപോലെയാണെന്നുമാണ് ജെസ്സി പറയുന്നത്.

ഇന്ത്യ, മിഡിൽ ഈസ്റ്റ്, ഇംഗ്ലണ്ട്, ടെക്സസ് എന്നിവിടങ്ങളിലായി നഴ്സിംഗ് സേവനം ചെയ്ത അനുഭവസമ്പത്താണ് ജെസ്സിക്കുള്ളത്. വിവിധ രാജ്യങ്ങളിലെ ഈ സേവനപരിചയം വെറ്ററൻമാർക്ക് മികച്ച പരിചരണവും കരുതലും നൽകാൻ സഹായിക്കുന്നതായി വിഎ അധികൃതർ ചൂണ്ടിക്കാട്ടി.

വെറ്ററൻമാരോടുള്ള സമർപ്പണബോധത്തിനും മാതൃകാപരമായ സേവനത്തിനുമുള്ള അംഗീകാരമായാണ് ജെസ്സി ചെറുകുന്നത്തിനെ ഫേസ് ഓഫ് വി.എ പരമ്പരയിൽ ഉൾപ്പെടുത്തി ആദരിച്ചതെന്ന് വിഎ നോർത്ത് ടെക്സസ് ഹെൽത്ത് കെയർ സിസ്റ്റം അറിയിച്ചു.

**National Handloom Day** (August 7)

The National Handloom Day is celebrated in India in order to pay tribute to the colourful world of the Indian weavers. This day also highlights the socioeconomic impact of India's handloom industry. It is observed on August 7 to celebrate the beginning of the Swadeshi Movement which started on this particular day in 1905.

## ആത്മീയ ഉണർവ് സമ്മാനിച്ച് ഫാമിലി ആന്റ് യൂത്ത് കോൺഫറൻസിന് സമാപിച്ചു



**- ഉമ്മൻ കാപ്പിൽ/ജോർജ് തുമ്പയിൽ**

പെൻസിൽവേനിയ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആന്റ് യൂത്ത് കോൺഫറൻസ് ജൂലൈ 18 ശനിയാഴ്ച ആത്മീയാനുഭവങ്ങളുടെയും സഹോദര്യസംഗമത്തിന്റെയും വിശ്വാസപഠനത്തിന്റെയും നവീകരണത്തിന്റെയും നാല് ദിനങ്ങൾക്കു ശേഷം സമാപിച്ചു.

ജൂലൈ 15 മുതൽ 18വരെ നടന്ന ഈ കോൺഫറൻസ് നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ വിശ്വാസികളുടെ ഏറ്റവും വലിയ വാർഷിക ആത്മീയ സംഗമമാണ്.

അവസാന ദിവസത്തെ പരിപാടികൾ ലിങ്കൺ തിയേറ്ററിൽ നടന്ന പ്രഭാത പ്രാർത്ഥനയോടെ ആരംഭിച്ചു. തുടർന്ന് കുർബാന അർപ്പിക്കപ്പെട്ടു. കണ്ടനാട് ഭദ്രാസനാധിപൻ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത മുഖ്യകാർമികത്വം വഹിച്ചു. നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനാധിപൻ സഖറിയാ മാർ നിക്കളാവോസ് മെത്രാപ്പോലീത്തയും 30 വൈദികരും സഹകാർമികരായിരുന്നു.

കുർബാനയ്ക്കുശേഷം നടന്ന പൊതുസമ്മേളനത്തിൽ മുഖ്യപ്രഭാഷകരായ ഡോ. തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത, റഷ്യൻ ഓർത്തഡോക്സ് സഭയിലെ ഫാ.ഹിയറോമോങ്ക് വസിലിയോസ് വില്ലാർഡ്, ഫാ. ഡോ.എബി ജോർജ്, ലിജിൻ ഹന്നാ തോമസ് എന്നിവർ തങ്ങളുടെ ആത്മീയ അനുഭവങ്ങളും കോൺഫറൻസിൽ പങ്കെടുത്തതിലുള്ള സന്തോഷവും പങ്കുവെച്ചു.

സമാപന സന്ദേശത്തിൽ സഖറിയാ മാർ നിക്കളാവോസ് മെത്രാപ്പോലീത്ത വൈദികർക്കും പ്രതിനിധികൾക്കും സന്നദ്ധ പ്രവർത്തകർക്കും വിശ്വാസിസമൂഹത്തിനും ഹൃദയംഗമമായ നന്ദി രേഖപ്പെടു ത്തി. ആത്മീയ നവീകരണത്തിനും ഭദ്രാസന കുടുംബത്തിലെ അംഗത്വബോധം കൂടുതൽ ദൃഢമാക്കുന്നതിനും ഈ കോൺഫറൻസ് സഹായകമായതായി അദ്ദേഹം അഭിപ്രായപ്പെട്ടു. കോൺഫറൻസിന്റെ വിജയകരമായ ആസൂത്രണത്തിനും നടത്തിപ്പിനും നേതൃത്വം നൽകിയ ഫാമിലി കോൺഫറൻസ് ഭാരവാഹികളെയും, പ്രത്യേകിച്ച് സ്ഥാനമൊഴിയുന്ന സെക്രട്ടറി ജെയ്സൺ തോമസിനെയും ട്രഷറർ ജോൺ താമരവേലിലിനെയും അദ്ദേഹം പ്രത്യേകം അഭിനന്ദിച്ചു.

കോൺഫറൻസിൽ പങ്കെടുത്തവരിൽ 50 ശതമാനവും കുട്ടികളും യുവജനങ്ങളുമായിരുന്നു. യുവതലമുറയുടെ ഈ ആവേശകരമായ പങ്കാളിത്തം സഭയുടെ ഭാവിയെക്കുറിച്ചുള്ള വലിയ പ്രത്യാശയാണ് നൽകുന്നത്. ബാല്യത്തിൽ ഫാമിലി കോൺഫറൻസിൽ പങ്കെടുത്തിരുന്ന പലരും ഇന്ന് കോൺഫറൻസിന്റെ വിവിധ നേതൃത്വ ചുമതലകൾ വഹിക്കുന്നതും അമേരിക്കയിലെ സഭയുടെ തുടർവളർച്ചയ്ക്ക് ആത്മവിശ്വാസം പകരുന്നതാണ്.

വിവിധ മേഖലകളിൽ നിന്നുള്ള പ്രഭാഷകർ ഓർത്തഡോക്സ് ആത്മീയതയെ ദൈനംദിന ജീവിതത്തിലെ വെല്ലുവിളികളുമായി ഫലപ്രദമായി ബന്ധിപ്പിച്ചു. ലോകവിജയങ്ങൾ മാത്രം സൃഷ്ടിക്കുകയല്ല, വിശുദ്ധരെ വളർത്തിയെടുക്കുകയാണ് സഭയുടെ പ്രഥമ ദൗത്യമെന്ന സന്ദേശവും അവർ ശക്തമായി ഊന്നിപ്പറഞ്ഞു.

കോൺഫറൻസിലുടനീളം നടന്ന ഗ്രൂപ്പ് ചർച്ചകളിൽ പങ്കെടുത്തവരുടെ സജീവ പങ്കാളിത്തം ദൈവത്തോട് കൂടുതൽ അടുക്കാനും വിശ്വാസത്തിൽ വളരാനും ഉള്ള ആത്മാർത്ഥമായ ആഗ്രഹത്തിന്റെ പ്രകടനമായിരുന്നു.

ഓൺലൈൻ യൂട്യൂബ് ചാനലായ മലങ്കര ശബ്ദംപ്രൊഡ്യൂസറും ഡയറക്ടറുമായ ബെന്നി കോട്ടപ്പുറം കോൺഫറൻസിലെ വിശിഷ്ടാതിഥികളിൽ ഒരാളായിരുന്നു. സമ്മേളനത്തിനിടെ അഭിവന്ദ്യ സഖറിയാ മാർ നിക്കളാവോസ് മെത്രാപ്പോലീത്ത മലങ്കര ടി.വി. എന്ന പുതിയ മൊബൈൽ ആപ്ലിക്കേഷൻ ഔദ്യോഗികമായി പ്രകാശനം ചെയ്തു. ഭക്തിസന്ദേശങ്ങൾ, വിശുദ്ധഗാനങ്ങൾ, പ്രാർത്ഥനകൾ, കുർബാന ശുശ്രൂഷകൾ, സഭാവാർത്തകൾ, മറ്റ് ഓർത്തഡോക്സ് ആത്മീയ വിഭവങ്ങൾ എന്നിവ ഈ ആപ്പിലൂടെ ലഭ്യമാകും.

കോൺഫറൻസിന്റെ വിജയത്തിനായി ഉദാരമായി സഹകരിച്ച സ്പോൺസർമാർക്ക് സംഘാടകർ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തി. ധനശേഖരണത്തിന്റെ ഭാഗമായി നടത്തിയ റാഫിൾ നറുക്കെടുപ്പിൽ ന്യൂയോർക്കിലെ ബ്രോങ്ക്സിലുള്ള സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗം വർഗീസ് കുര്യൻ ഒന്നാം സമ്മാനം നേടി.

കോൺഫറൻസ് കോഓർഡിനേറ്ററായ ഫാ. അലക്സ് ജോയ്, പ്രഭാഷകർ, സന്നദ്ധ പ്രവർത്തകർ, പങ്കെടുത്ത എല്ലാ വിശ്വാസികളും ചേർന്നാണ് ഈ ഫാമിലി ആന്റ് യൂത്ത് കോൺഫറൻസിനെ അവിസ്മരണീയവും ആത്മീയമായി സമ്പന്നവുമായ അനുഭവമാക്കി മാറ്റിയതെന്ന് നന്ദിപ്രസംഗത്തിൽ പറഞ്ഞു.

## ആറാമത് എക്യുമെനിക്കൽ ബാഡ്മിന്റൺ ടൂർണമെന്റ് 1ന്

**- ജീമോൻ റാന്നി**

ഹൂസ്റ്റൺ: ഇന്ത്യൻ ക്രിസ്ത്യൻ എക്യുമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റൺ സംഘടിപ്പിക്കുന്ന ആറാമത് ബാഡ്മിന്റൺ ടൂർണമെന്റ് 2026 ഓഗസ്റ്റ് 1 ശനിയാഴ്ച രാവിലെ 8.30 മുതൽ സ്റ്റാഫോർഡിലുള്ള ഹൂസ്റ്റൺ ബാഡ്മിന്റൺ സെന്ററിൽ നടക്കും.

പുരുഷ വിഭാഗം, വനിതാ വിഭാഗം, 50 വയസും അതിലധികവുമുള്ള സീനിയേഴ്സ് വിഭാഗം എന്നീ ഡബിൾസ് മത്സരങ്ങളാണ് ഒരുക്കിയിട്ടുള്ളത്. വിജയികൾക്ക് എവർ റോളിംഗ് ട്രോഫികളും വ്യക്തിഗത ട്രോഫികളും സമ്മാനിക്കും. കൂടാതെ ബെസ്റ്റ് പ്ലെയർ, റൈസിംഗ് സ്റ്റാർ എന്നീ പ്രത്യേക പുരസ്കാരങ്ങളും നൽകും.

സൗഹൃദവും കായികമനോഭാവവും പ്രോത്സാഹിപ്പിക്കുന്ന ഈ ടൂർണമെന്റിൽ വിവിധ ഇടവകകകളിൽ നിന്നുള്ള 16 ടീമുകൾ പങ്കെടുക്കുമെന്ന് സംഘാടകർ അറിയിച്ചു. മത്സരാർത്ഥികളും കായികപ്രേമികളും കുടുംബസമേതം എത്തി ഈ കായികമേള വിജയിപ്പിക്കണമെന്ന് ഭാരവാഹികൾ അഭ്യർഥിച്ചു.

ഉമ്മൻ തോമസ്, ചാണ്ടപ്പിള്ള മാത്യൂസ് എന്നിവരാണ് ടൂർണമെന്റ് സ്പോൺസർമാർ.

കൂടുതൽ വിവരങ്ങൾക്ക്:

റവ. ഡോ. ഐസക് ബി. പ്രകാശ് (പ്രസിഡന്റ്)832 997 9788, റവ. ഫാ. ജെക്കു സഖറിയ 832 466 3153, സെക്രട്ടറി ഷാജൻ ജോർജ് 832 452 4195, ട്രഷറർ രാജൻ അങ്ങാടിയിൽ 713 459 4704, സ്പോർട്സ് കൺവീനർ: ജിനോ ജേക്കബ്832 858 1138, ബാഡ്മിന്റൺ കോർഡിനേറ്റർ മൈക്കിൾ ജോയ് 832 732 1409, കോർഡിനേറ്റർ ജോജി ജോസഫ് 713 515 8432.

## ഓസ്റ്റിൻ മാർത്തോമ്മാ ദേവാലയത്തിൽ ക്വയർ റിട്രീറ്റ് ഓഗസ്റ്റ് 1ന്; ഡോ. സണ്ണി സ്റ്റീഫൻ നേതൃത്വം നൽകും

**– ജീമോൻ റാന്നി**

ടെക്സസ്: ഓസ്റ്റിൻ മാർത്തോമ്മാ ചർച്ചിന്റെ ആഭിമുഖ്യത്തിൽ സംഗീതാത്മക ആത്മീയ റിട്രീറ്റ് ഓഗസ്റ്റ് 1ന് ലിയാണ്ടറിലെ 2222 ഡോണിംഗ് ലെയ്നിലുള്ള ദേവാലയത്തിൽ നടക്കും. രജിസ്ട്രേഷൻ രാവിലെ 9ന്.

എ മ്യൂസിക്കൽ ഫീസ്റ്റ് ഓഫ് ദ് വേൾഡ് എന്നപ്രമേയത്തിൽ സംഘടിപ്പിക്കുന്ന ഈ റിട്രീറ്റിൽ വേൾഡ് പീസ് മിഷൻ സ്ഥാപകനും ചെയർമാനുമായ ഡോ.സണ്ണി സ്റ്റീഫൻ മുഖ്യപ്രഭാഷകനായിരിക്കും. സംഗീതസംവിധായകൻ, കുടുംബ കൗൺസിലർ, ജീവകാരുണ്യ പ്രവർത്തകൻ, പ്രചോദനാത്മക പ്രഭാഷകൻ എന്നീ നിലകളിൽ ശ്രദ്ധേയനായ അദ്ദേഹം സംഗീതത്തിലൂടെയും ദൈവവചനത്തിലൂടെയും ആരാധനയുടെ ആത്മീയതയെക്കുറിച്ചും ക്വയർ ശുശ്രൂഷയുടെ ദൗത്യത്തെക്കുറിച്ചും ക്ലാസുകൾ നയിക്കും.

ക്വയർ അംഗങ്ങളുടെ ആത്മീയ വളർച്ചയും സംഗീതപരമായ മികവും വർധിപ്പിക്കുക, ആരാധനയിൽ സംഗീതത്തിന്റെ പ്രാധാന്യം ആഴത്തിൽ മനസ്സിലാക്കുക എന്നിവ ലക്ഷ്യമിട്ടാണ് റിട്രീറ്റ് സംഘടിപ്പിക്കുന്നത്. ഗാനപരിശീലനം, ആരാധനാനുഭവങ്ങൾ, ദൈവവചനധ്യാനം, സംവേദനാത്മക സെഷനുകൾ എന്നിവയും പരിപാടിയുടെ ഭാഗമായി നടക്കും.

പരിപാടിയുടെ കൺവീനർ അനുഗ്രഹ റെനിയാണ്.

കൂടുതൽ വിവരങ്ങൾക്ക് (469) 768 7693 (അനുഗ്രഹ റെനി), (248) 417 4207 (റേച്ചൽ ജോൺ) എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## ഡാലസ് സ്കൂൾ ഓഫ് തിയോളജിയിൽ ക്ലാസുകൾ 3 മുതൽ

**– പ്രസാദ് തീയാടിക്കൽ**

ടെക്സസ്: ഡാലസ് സ്കൂൾ ഓഫ് തിയോളജി 2026–27 അധ്യയന വർഷത്തേക്കുള്ള പ്രവേശന നടപടികൾ ആരംഭിച്ചു. ഓഗസ്റ്റ് 3, 2026നാണ് പുതിയ അധ്യയന വർഷത്തിന് തുടക്കമാകുന്നത്. വിവിധ ക്രൈസ്തവ സഭകളിൽ നിന്നുള്ള വിദ്യാർത്ഥികളിൽ നിന്ന് അപേക്ഷകൾ സ്വീകരിച്ചുവരികയാണെന്ന് അധികൃതർ അറിയിച്ചു.

ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുന്ന കോഴ്സുകളിൽ ബാച്ചിലർ ഓഫ് ആർട്സ് ഇൻ തിയോളജി, മാസ്റ്റർ ഓഫ് ആർട്സ് ഇൻ തിയോളജി എന്നിവയാണ് പ്രധാനമായി ഉൾപ്പെടുത്തിയിരിക്കുന്നത്. എഐ കോഴ്സ് മൂന്ന് വർഷവും, എം.എ. കോഴ്സ് ഒരു വർഷവും ദൈർഘ്യമുള്ളതാണ്.

ക്ലാസ് ഷെഡ്യൂൾ പ്രകാരം തിങ്കളാഴ്ചകളിൽ വൈകിട്ട് 6 മുതൽ 9 വരെ എഐ ക്ലാസുകളും, ചൊവ്വാഴ്ചകളിൽ വൈകിട്ട് 6 മുതൽ 9 വരെ എം.എ. ക്ലാസുകളും നടക്കും. ഗൂഗിൾ വഴിയുള്ള ഓൺലൈൻ പഠനരീതിയിലാണ് ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്.

അമേരിക്കയിലെയും കാനഡയിലെയും വിദ്യാർത്ഥികൾക്കാണ് നിലവിൽ അപേക്ഷിക്കാൻ അവസരമുള്ളത്.

കൂടുതൽ വിവരങ്ങൾക്ക്: www.schooloftheology.org

## കാപ്പി കുടിക്കുന്നത് ഹൃദയത്തിന് ഗുണകരമെന്ന് റിപ്പോർട്ട്

**– പ്രസാദ് തീയാടിക്കൽ**

വാഷിംഗ്ടൺ: ദിവസം മൂന്ന് മുതൽ അഞ്ച് കപ്പ് വരെ (ഏകദേശം 400 മില്ലിഗ്രാം കഫീൻ) കാപ്പി കുടിക്കുന്നത് മിക്ക ആരോഗ്യവാന്മാരായ മുതിർന്നവർക്കും സുരക്ഷിതമാണെന്നും, പതിവായി മിതമായ അളവിൽ കാപ്പി കുടിക്കുന്നത് ഹൃദയാരോഗ്യത്തിന് ഗുണകരമാകാമെന്നും അമേരിക്കൻ ഹാർട്ട് അസോസിയേഷൻ പുറത്തിറക്കിയ പുതിയ ശാസ്ത്രീയ പ്രസ്താവനയിൽ വ്യക്തമാക്കി.

സർക്കുലേഷൻ ജേണലിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ, മിതമായ അളവിൽ കാപ്പി കുടിക്കുന്നവരിൽ സ്ട്രോക്ക്, ടൈപ്പ് 2 പ്രമേഹം, ഹൃദയസ്തംഭനം, കൊറോണറി ഹൃദ്രോഗം എന്നിവയുടെ സാധ്യത കുറയുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നതായി പറയുന്നു.

കാപ്പിയിലെ കഫീനിനൊപ്പം പോളിഫിനോളുകൾ പോലുള്ള ആന്റിഓക്സിഡന്റുകളും ആന്റി ഇൻഫ്ളമേറ്ററി ഘടകങ്ങളും ഈ ആരോഗ്യഗുണങ്ങൾക്ക് കാരണമാകാമെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.

അതേസമയം, അമിതമായി പഞ്ചസാര, ഫ്ളേവർ സിറപ്പുകൾ, ഉയർന്ന കൊഴുപ്പുള്ള ക്രീമറുകൾ എന്നിവ ചേർത്ത് കാപ്പി കുടിക്കുന്നത് ആരോഗ്യഗുണങ്ങൾ കുറയ്ക്കാൻ സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്. കൂടാതെ, എനർജി ഡ്രിങ്കുകൾ കാപ്പിക്ക് പകരമല്ലെന്നും, അവ ഉയർന്ന രക്തസമ്മർദ്ദത്തിനും ഹൃദയമിടിപ്പ് ക്രമക്കേടുകൾക്കും കാരണമാകാമെന്നും അമേരിക്കൻ ഹാർട്ട് അസോസിയേഷൻ ചൂണ്ടിക്കാട്ടി.

ഗർഭിണികൾ, ഹൃദ്രോഗമുള്ളവർ, കഫീനിനോട് അമിത സംവേദനക്ഷമതയുള്ളവർ എന്നിവർ കാപ്പിയുടെ അളവിനെക്കുറിച്ച് ഡോക്ടറുടെ നിർദേശം തേടണമെന്നും അസോസിയേഷൻ നിർദേശിച്ചു.

## ഐസിഇസിഎച്ച് ബൈബിൾ ക്വിസ് മത്സരം ശ്രദ്ധേയമായി; സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് ഓർത്തഡോക്സ് ചർച്ച് ജേതാക്കൾ



**– ജീമോൻ റാന്നി**

ഹൂസ്റ്റൺ: ഇന്ത്യൻ ക്രിസ്ത്യൻ എക്യുമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റൺ സംഘടിപ്പിച്ച 2026ലെ ബൈബിൾ ക്വിസ് മത്സരം 12ന് സെന്റ് മേരീസ് മലങ്കര ഓർത്തഡോക്സ് സുറിയാനി ദേവാലയത്തിൽ നടന്നു. ഹൂസ്റ്റണിലെ വിവിധ അംഗസഭകളിൽ നിന്നുള്ള 14 ടീമുകൾ പങ്കെടുത്ത മത്സരം ആവേശകരമായ മത്സരവേദിയായി മാറി.

ഒന്നാം സ്ഥാനം സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് ഓർത്തഡോക്സ് ചർച്ച് ഹൂസ്റ്റൺ, രണ്ടാം സ്ഥാനം സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച്, മൂന്നാം സ്ഥാനം സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാ ചർച്ച് എന്നീ ദേവാലയങ്ങൾക്ക് ലഭിച്ചു.

സന്റ് മേരീസ് മലങ്കര ഓർത്തഡോക്സ് സുറിയാനി ദേവാലയ വികാരി റവ.ഫാ.രാജേഷ് കെ. ജോൺ പ്രാരംഭ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

ഐസിഇസിഎച്ച് പ്രസിഡന്റ് റവ.ഫാ. ഡോ. ഐസക് ബി. പ്രകാശ് അധ്യക്ഷ പ്രസംഗം നടത്തി.

സെക്രട്ടറി ഷാജൻ ജോർജ് സ്വാഗതം പറഞ്ഞു.

റവ. ദീബു എബി ജോൺ (സെന്റ് തോമസ് ഇടവക ചർച്ച് ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ വികാരി), റവ. ജോൺ വിൽസൺ (ഇമ്മാനുവേൽ മാർത്തോമാ ഇടവക അസിസ്റ്റന്റ് വികാരി) എന്നിവർ ക്വിസ് മാസ്റ്റർമാരായി നേതൃത്വം നൽകി.

സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു വിജയികൾക്ക് ട്രോഫികളും സമ്മാനങ്ങളും വിതരണം ചെയ്തു. പ്രോഗ്രാം കോഓർഡിനേറ്റർ മിൽറ്റ മാത്യു നന്ദി രേഖപ്പെടുത്തി.

റവ.ഫാ.ജെക്കു സക്കറിയ, റവ.ഫാ.മാത്യു ജോർജ്, ട്രഷറർ രാജൻ അങ്ങാടിയിൽ, പി.ആർ.ഒ തോമസ് മാത്യു (ജീമോൻ), ജിനോ ജേക്കബ്, നൈനാൻ വീട്ടിനാൽ, ഷീജ വർഗീസ്, ഫാൻസിമോൾ പള്ളത്തുമഠം, ജോൺസൺ വർഗീസ്, ഡോ.അന്ന കെ. ഫിലിപ്പ്, ബിനു സഖറിയാ, എബി മാത്യു, ഷിജി ബെന്നി, ബാബു കലീന, മാത്യൂസ് ചാണ്ടപ്പിള്ള, ഷോബിൻ മാത്യു, ഷിജു മാത്യു തുടങ്ങിയവർ വോളന്റീയർമാരായി നേതൃത്വം നൽകി.

## മാഗ് ബാസ്ക്കറ്റ് ബോൾ വോളിബോൾ ടൂർണമെന്റ്; ഒ.എഫ്.റ്റി, ഓൾഡ് മങ്ക്സ്, അബാക്കസ് ടീമുകൾ ചാമ്പ്യൻമാരായി



**– ജിൻസ് മാത്യു**

ഹൂസ്റ്റൺ: മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹ്യൂസ്റ്റണിന്റെ ആഭിമുഖ്യത്തിൽ സ്റ്റാഫോർഡ് ഇമ്മാനുവേൽ ജൂബിലി സ്പോർട്സ് സെന്ററിൽ നടത്തിയ ബാസ്ക്കറ്റ് ബോൾ, വോളി ബോൾ ടൂർണമെന്റ് ഹൂസ്റ്റൺ സ്പോർട്സ് സ്നേഹികളെ ഏറെ ആകർഷിച്ചു.

സ്റ്റുഡന്റ്സ്, യൂത്ത്, മിഡിൽ ഏജ് ടീമുകൾ ആവേശപൂർവ്വം മൽസരങ്ങളിൽ പങ്കെടുത്തു. ബാസ്ക്കറ്റ് ബോൾ മൽസരത്തിൽ ഒന്നാം സ്ഥാനം ഒ. എഫ്.റ്റി നേടിയപ്പോൾ വോളിബോളിൽ ഒന്നാം സ്ഥാനം ഓൾഡ് മങ്ക്സ് നേടി. ഇരു മൽസരത്തിന്റെയും രണ്ടാം സ്ഥാനം ഐ.പി.സി ഹെബ്രോനും, ഷിപ്പ് മെൻ ഷാർക്കിനും ലഭിച്ചു.

റിവർസ്റ്റോൺ അബാക്കസ് 40 പ്ലസ് വോളി ബോൾ മൽസരത്തിൽ ഒന്നാം സ്ഥാന ജേതാവായി. വോളിബോൾ വ്യക്തിഗത ചാമ്പ്യൻമാരായി മെൽവിൻ, ജോമോൻ, കെവിൻ, ജോസി എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. മിസോറിസിറ്റി മേയർ റോബിൻ ഇലക്കാട്ട്, സ്റ്റാഫോർഡ് മേയർ കെൻ മാത്യു, മാഗ് പ്രസിഡന്റ് റോയി മാത്യു, മാഗ് സ്പോർട്സ് കോഓർഡിനേറ്റർ സാജൻ. ടി.ജോൺ എന്നിവർ ടീമുകൾക്ക് ചാമ്പ്യൻ ഷിപ്പ് ട്രോഫികൾ നൽകി.

മാഗ് വൈസ് പ്രസിഡന്റ് ഷിനു ഏബ്രഹാം, ട്രഷറർ സുനിൽ തങ്കപ്പൻ, ഭാരവാഹികളായ സന്തോഷ് ആറ്റുപുറം, ജീവൻ സൈമൺ, ജിൻസ് മാത്യു,മൈക്കിൾ ജോയി, ബനീജ്ജാ ചെറു, ബിജു ശിവൻ എന്നിവർ വ്യക്തിഗത മെഡലുകൾ നൽകി. റവ.ജോസഫ് ജോൺ, മാഗ് മുൻ പ്രസിഡന്റുമാരായ ജയിംസ് ജോസഫ്, ഏബ്രഹാം ഈപ്പൻ, രാജൻ യോഹന്നാൻ, ജോൺ വർഗീസ് പ്രോമറ്റ്, മെർലിൻ സാജൻ, റോയി തോമസ്, സഞ്ചു, തോമസ് ജോൺ, സന്ദീപ് തേവർവേലിൽ, രാജേഷ് വർഗീസ്, ദീപു കുര്യൻ എന്നീ കമ്യൂണിറ്റി പ്രതിനിധികൾ പങ്കെടുത്തു.

**Quit India Movement Day** (August 8)

On August 8, 1942, Mahatma Gandhi started the Quit India Movement during WWII, demanding an end to British rule in India. From then on, August 8 is annually observed to honour the major sacrifices made by the freedom fighters in their struggle to stop British colonisation.

## ഇവാഞ്ചലിക്കൽ സഭയുടെ പുതിയ പ്രിസൈഡിങ് ബിഷപ്പ് മോസ്റ്റ് റവ. ഡോ.എബ്രഹാം ചാക്കോ അമേരിക്കയിൽ

**- സജി പുല്ലാട്**



ഹൂസ്റ്റൺ: സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഇന്ത്യയുടെ നോർത്ത് അമേരിക്ക യൂറോപ്പ് ഡയോസിസിന്റെ നേതൃത്വത്തിൽ ജൂലൈ 23 മുതൽ 26 വരെ നടക്കുന്ന ഫാമിലി കോൺഫറൻസിൽ പങ്കെടുക്കുന്നതിനായി എത്തുന്ന സഭയുടെ പുതിയതായി ചുമതലയേറ്റ ബിഷപ്പ് മോസ്റ്റ് റവ. ഡോ. എബ്രഹാം ചാക്കോ മുഖ്യപ്രഭാഷണം നടത്തും.

ന്യൂയോർക്കിലെ യൂണിവേഴ്സിറ്റി ഓഫ് സ്ക്രാന്റെനിലാണ് കോൺഫ്രൻസ് നടക്കുന്നത്. ശേഷം അമേരിക്കയിലെ വിവിധ ഇടവകകളും സന്ദർശിച്ച് ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

ഹൂസ്റ്റൺ, ഡാളസ്സ് ഇടവകകളിൽ നടക്കുന്ന കുട്ടികളുടെ സ്ഥിരീകരണ ശുശ്രൂഷയിൽ പങ്കെടുക്കുന്നതിനായി ബിഷപ്പ് ഓഗസ്റ്റ് 18ന് ഹൂസ്റ്റണിൽ എത്തിച്ചേരും.

ധ്യാനയോഗങ്ങൾ, റിട്രീറ്റുകൾ തുടങ്ങിയ ശുശ്രൂഷകളിലും ബിഷപ്പ് മോസ്റ്റ് റവ. ഡോ.എബ്രഹാം ചാക്കോ സംബന്ധിക്കുമെന്ന് ഡയോസിഷൻ സെക്രട്ടറിയും സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് വികാരിയുമായ റവ.ഡോ.ജോബി മാത്യു, വൈസ് പ്രസിഡണ്ട് മത്തായി കെ മത്തായി, സെക്രട്ടറി ജോർജ്ജ് മാത്യു എന്നിവർ സംയുക്തമായി അറിയിച്ചു.

## ഡോ. രക്ഷ ജെയ്ൻ യു.ടി സൗത്ത്‌വെസ്റ്റേൺ, ശാസ്ത്രീയ ഗവേഷണ മികവിന് അംഗീകാരം

**- പ്രസാദ് തീയാടിക്കൽ**

ഡാലസ്: ശ്വാസകോശ രോഗ ചികിത്സയിലും ഗവേഷണ രംഗത്തും ശ്രദ്ധേയ സംഭാവനകൾ നൽകിയ പ്രമുഖ ഡോക്ടറായ ഡോ.രക്ഷ ജെയ്നെ (എം.ഡി, എം.എസ്.സി.ഐ) യു ടി സൗത്ത് വെസ്റ്റേൺ മെഡിക്കൽ സെന്ററിലെ വില്ലിസ് സി. മാഡ്രേ, എം.ഡി. ഡിസ്റ്റിംഗ്വിഷ്ഡ് പ്രൊഫസർഷിപ്പ് ഇൻ ക്ലിനിക്കൽ സയൻസ് പദവിയിലേക്ക് നിയമിച്ചു. ശാസ്ത്രീയ ഗവേഷണം, മികച്ച രോഗീപരിചരണം, മെഡിക്കൽ വിദ്യാർഥികൾക്കും യുവഡോക്ടർമാർ ക്കും നൽകിയ മാർഗനിർദേശങ്ങൾ എന്നിവയ്ക്കുള്ള അംഗീകാരമായാണ് ഈ ബഹുമതി.

ഡാലസിൽ ജനിച്ചു വളർന്ന ഡോ.രക്ഷ ജെയ്ൻ നിലവിൽ യുടി സൗത്ത്‌വെസ്റ്റേൺ മെഡിക്കൽ സെന്ററിലെ ഇന്റേണൽ മെഡിസിൻ വിഭാഗത്തിലെ പ്രൊഫസറായും അഡൾട്ട് സിസ്റ്റിക് ഫൈബ്രോസിസ് പ്രോഗ്രാമിന്റെ മെഡിക്കൽ ഡയറക്ടറായും സേവനമനുഷ്ഠിക്കുന്നു. കൂടാതെ ഡീമാൻ ഫാമിലി സ്കോളർ ഇൻ ക്ലിനിക്കൽ കെയർ എന്ന ബഹുമതിയും വഹിക്കുന്നു.

മസാച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ (എം.ഐ.ടി) നിന്ന് മോളിക്യുലർ ബയോളജിയിൽ ബിരുദം നേടിയ അവർ, യൂണിവേഴ്സിറ്റി ഓഫ് ടെക്സാസ് ഹെൽത്ത് സയൻസ് സെന്റർ, ഹൂസ്റ്റണിൽ നിന്ന് മെഡിക്കൽ ബിരുദം നേടി. തുടർന്ന് യു.ടി. സൗത്ത് വെസ്റ്റേൺ ഇന്റേണൽ മെഡിസിൻ റെസിഡൻസി പൂർത്തിയാക്കി ചീഫ് റെസിഡന്റായും സേവനമനുഷ്ഠിച്ചു. പിന്നീട് വാഷിംഗ്ടൺ യൂണിവേഴ്സിറ്റി, സെന്റ് ലൂയിസിൽ നിന്ന് പൾമണറി ആൻഡ് ക്രിട്ടിക്കൽ കെയർ മെഡിസിനിൽ ഫെല്ലോഷിപ്പും ക്ലിനിക്കൽ ഇൻവെസ്റ്റിഗേഷനിൽ മാസ്റ്റേഴ്സ് ബിരുദവും നേടി.

സിസ്റ്റിക് ഫൈബ്രോസിസിനുള്ള പുതിയ ചികിത്സാരീതികൾ, ദീർഘകാല ശ്വാസനാള രോഗങ്ങൾ, സ്ത്രീപുരുഷ വ്യത്യാസങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ഗവേഷണങ്ങളിലാണ് ഡോ. ജയിന്റെ പ്രധാന ശ്രദ്ധ. സിസ്റ്റിക് ഫൈബ്രോസിസുമായി ബന്ധപ്പെട്ട നിരവധി മൾട്ടിസെന്റർ ക്ലിനിക്കൽ ട്രയലുകൾക്ക് നേതൃത്വം നൽകുന്നുണ്ട്. നിരവധി ഗവേഷണ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

പ്രശസ്ത കരൾരോഗ വിദഗ്ധനായിരുന്ന ഡോ. വില്ലിസ് സി. മാഡ്രേയുടെ പാരമ്പര്യത്തെ ആദരിച്ച് നൽകുന്ന ഈ വിശിഷ്ട പ്രൊഫസർഷിപ്പ്, ഡോ. രക്ഷ ജയിന്റെ വൈദ്യശാസ്ത്ര ഗവേഷണസേവന രംഗത്തെ മികവിനുള്ള മറ്റൊരു വലിയ അംഗീകാരമായാണ് വിലയിരുത്തപ്പെടുന്നത്.

## ഫോമാ സെൻട്രൽ റീജിയൻ സ്കോളർഷിപ്പ് വിതരണം നടത്തി




ചിക്കാഗോ: അമേരിക്കൻ മലയാളി സംഘടനകളുടെ നാഷണൽ ഫെഡറേഷനായ ഫോമയുടെ സെൻട്രൽ റീജിയൻ ഇതാദ്യമായി നടപ്പാക്കിയ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ് വിതരണം ജൂലൈ 17 വെള്ളിയാഴ്ച വൈകിട്ട് 7 മണിക്ക് ചിക്കാഗോ മലയാളീ അസോസിയേഷൻ ഹാളിൽ നടന്നു.

വ്യത്യസ്തങ്ങളായ പ്രവർത്തന പരിപാടികളുമായി എപ്പോഴും മറ്റ് റീജിയനുകൾക്ക് തന്നെ മാതൃകയാകുന്ന സെൻട്രൽ റീജിയൻ ഇത്തവണ ഗ്രാജ്വറ്റ് ചെയ്ത പന്ത്രണ്ടാം ക്ലാസ്സ് വിദ്യാർത്ഥികളിൽ ഏറ്റവും മികച്ച ഏഴു പേർക്കാണ് സ്കോളർഷിപ്പ് നൽ കിയതെന്ന് സെൻട്രൽ റീജിയൻ വൈസ് പ്രസിഡന്റ് ജോൺസൻ കണ്ണൂക്കാടൻ, സെക്രട്ടറി അച്ചൻ കുഞ്ഞ് മാത്യു, പി ആർ ഓ ബിജു മുണ്ടക്കൽ എന്നിവർ അറിയിച്ചു.

റേച്ചൽ ജെ വർഗീസ് ഒന്നാം സ്ഥാനവും രാഹുൽ വർമ്മ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ഐശ്വ ര്യ നായർ, തെരേസ ജെയിൻ ലൂയിസ് എന്നിവർ മൂന്നാം സ്ഥാനം പങ്കിട്ടു. ജിയോ എസ് കോരേത്, സ്നേഹ ജോർജ്, അൽവിന ജോസഫ് എന്നിവരും സമ്മാനങ്ങൾക്ക് അർഹരായി.

കമ്മ്യൂണിറ്റി ലീഡറും സംഗീതസംവിധായികയും മാധ്യമ സംരംഭകയുമായ ലിസി കെ. ഫെർണാണ്ടസിന് സെൻട്രൽ റീജിയന്റെ പ്രത്യേക പുരസ്കാരം നൽകി ആദരിച്ചു.

ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജോസ് മണക്കാട്ട്, രഞ്ജൻ എബ്രഹാം,ജോൺ പാട്ടപതി, സണ്ണി വള്ളിക്കളം എന്നിവർ ആശംസകൾ നേർന്നു. പരിപാടിയുടെ കോ ഓർഡിനേറ്റർമാരായ ഡോ.ജീൻ പുത്തൻപുരക്കൽ, സന്തോഷ് കാട്ടൂക്കാരൻ, കാൽവിൻ കവലക്കൽ, വർഗീസ് തോമസ്, ഫോമാ സെൻട്രൽ റീജിയൻ ഭാരവാഹികളായ ആന്റോ കവലക്കൽ, ജോർജ് മാത്യു, ജോസി കുരിശിങ്കൽ എന്നിവർ നേതൃത്വം നൽകി. സാറ അനിൽ എംസി ആയിരുന്ന യോഗത്തിൽ സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു വിജയികളെ പ്രഖ്യാപിച്ചു. സെൻട്രൽ റീജിയൻ വൈസ് പ്രസിഡന്റ് ജോൺസൻ കണ്ണൂക്കാടൻ, സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു, ജോൺ പാട്ടപതി, ജോർജ് മാത്യു, ജെയിംസ് പുത്തൻപുരയിൽ, ഷൈനി ഹരിദാസ് എന്നിവർ സമ്മാനദാനം നിർവ്വഹിച്ചു. ജോർജ് മാത്യു കൊട്ടുകാപ്പള്ളി നന്ദി പറഞ്ഞു.

## കേരള അസോസിയേഷൻ ഓഫ് ഡാളസ് സ്പെല്ലിങ് ബീ ആന്റ് സ്പീച്ച് കോമ്പറ്റീഷൻ സംഘടിപ്പിച്ചു



ഡാലസ്: കേരള അസോസിയേഷൻ ഓഫ് ഡാലസും, ഇന്ത്യാ കൾച്ചറൽ ആന്റ് എഡ്യൂക്കേഷൻ സെന്ററും സംയുക്തമായി സ്പെല്ലിങ് ബീ ആന്റ് സ്പീച്ച് കോമ്പറ്റീഷൻ അസോസിയേഷൻ ഓഫീസിൽ വെച്ചു നടത്തി. ഗ്രേഡ് കെ മുതൽ ഗ്രേഡ് 12 വരെ നാലു ഗ്രൂപ്പുകളായാണ് മത്സരം സംഘടിപ്പിച്ചത്. മത്സരങ്ങളിൽ നിരവധി കുട്ടികൾ പങ്കാളികളാവുകയും മികവാർന്ന പ്രകടനം കാഴ്ച വെക്കുകയും ചെയ്തു. കുട്ടികളിൽ ഭാഷ മികവുറ്റതാക്കാനും ഭാഷ തെറ്റ് കൂടാതെ എഴുതുവാനും ഗ്രഹിക്കുവാനും സഹായിക്കാനാണ് സ്പെല്ലിങ് കോമ്പറ്റീഷനും, പ്രസംഗ മികവ് വർധിപ്പിക്കാൻ സ്പീച്ച് കോമ്പറ്റീഷനും നടത്തിവരുന്നത്. കുട്ടികൾക്ക് ആത്മ വിശ്വാസം നൽകി ഇതിനായുള്ള അവസരം ഉണ്ടാക്കി കൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് എല്ലാ വർഷങ്ങളിലും കെ.എ.ഡി ആന്റ് ഐസിഇസി നേതൃത്വത്തിൽ സ്പെല്ലിങ് ബീ ആന്റ് സ്പീച്ച് കോമ്പറ്റീഷൻ സംഘടിപ്പിക്കുന്നത്. പ്രസിഡന്റ് ഷിജു എബ്രഹാം സ്വാഗതം പറയുകയും സെക്രട്ടറി മഞ്ജിത്ത് കൈനിക്കര നന്ദി അറിയിക്കുകയും ചെയ്തു.

വിധികർത്താക്കളായി ജെയ്മി വർക്കി, സോണിയ തോമസ്, എബിൻ മാത്യു എന്നിവർ പ്രവർത്തിച്ചു. എഡ്യൂക്കേഷൻ ഡയറക്ടർ റുമാന സംജ്ജാദ് കോമ്പറ്റിഷൻ പരിപാടി ക്രമീകരിച്ചു. ഐസിഇസി വൈസ് പ്രസിഡന്റ് അനശ്വർ മാമ്പിള്ളി, നെബു കുര്യാക്കോസ് (ട്രഷറർ), സിജു കൈനിക്കര (ട്രഷറർ), അസോസിയേഷൻ ഡയറക്ടർമാരായ, ദീപക് നായർ, ഷിബു ജോൺ, ടെസ്സി മാത്യു എന്നിവർ പങ്കെടുത്തു.

സ്പെല്ലിങ് ബീ മത്സരത്തിൽ ഐഡൻ മാത്യു (ഗ്രേഡ് എ2), ലൈറ എബ്രഹാം (ഗ്രേഡുകൾ 3–5), അൽസ്റ്റാർ മാമ്പിള്ളി (ഗ്രേഡുകൾ 68), ഇഷ നായർ (ഗ്രേഡുകൾ 9–12) എന്നിവർക്ക് ഒന്നാം സ്ഥാനവും, എഡ്വേർഡ് എബ്രഹാം, ജോനാഥൻ ജോസഫ് എന്നിവർ രണ്ടാം സ്ഥാനവും, നഥാൻ ബിജു, ജോവാന ചാത്തമ്പാടത്തിൽ, ജോഹാൻ എബ്രഹാം എന്നിവർ തേർഡ് പ്രൈസും നേടി.

പ്രസംഗ മത്സരത്തിൽ (സ്പീച്ച് കോമ്പറ്റിഷൻ) ഐഡൻ മാത്യു (ഗ്രേഡുകൾ എ 2), അഫ്രീൻ ആയിഷ (ഗ്രേഡുകൾ 3-5), ഫർഹാൻ ഫിർദൗസ് (ഗ്രേഡുകൾ 6–8), ഇഷ നായർ (ഗ്രേഡുകൾ 9–12) ഒന്നാം സ്ഥാനവും ; വെൻബ രഞ്ജിത്ത്, നിധീഷ് വർഗീസ്, അലൻ മാത്യു, സുനിധി വർഗീസ് രണ്ടാം സ്ഥാനവും; ഏഥൻ എബ്രഹാം, എഡ്വേർഡ് എബ്രഹാം, യാഷ് നായർ, ജോർദാൻ ജേക്കബ് എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

# ലൂസി ദാസ് : വിടവാങ്ങിയത് ഫിലഡൽഫിയയിലെ ആദ്യകാല മലയാളി നേതൃവനിത

**- ജോർജ് നടവയൽ**



ഫിലഡൽഫിയ: ലൂസി ദാസ് (91) നിര്യാതയായി. പിൻ തലമുറകൾക്ക് വഴികാട്ടിയായ അമേരിക്കൻ മലയാളി, ആദ്യകാല സാമൂഹിക പ്രവർത്തക, നഴ്സ് ലീഡർ, ഈശ്വര ഭക്ത, കലാകാരി എന്നീ നിലകളിലെല്ലാം ഫിലഡൽഫിയാ മലയാളി ചരിത്രപുസ്തകത്തിൽ ഇടമുള്ള ലൂസി ദാസിന്റെ നിര്യാണത്തിൽ സാംസ്കാരിക പ്രവർത്തകർ അനുശോചിച്ചു.

പൊതുദർശനം ജൂലൈ 27, തിങ്കളാഴ്ച, രാവിലെ 9:30 മുതൽ 11:30 വരെ. സംസ്കാര ശുശ്രൂഷ ഫിലാഡൽഫിയ അസംപ്ഷൻ ബി.വി.എം ദേവാലയത്തിൽ. തുടർന്ന് ഫിലഡൽഫിയ ഇന്റർമെന്റ് ഹോളി സ്ക്രിപ്ച്ചർ സെമിത്തേരിയിൽ സംസ്കാരം.

ചേർത്തല ജന്മ ദേശം. ലുധിയാന നേഴ്സിങ് സ്കൂളിൽ വിദ്യാഭ്യാസവും ദില്ലി ഏ.ഐ.ഐ.എം.എസ്സിൽ ആദ്യ നേഴ്സിങ്ങ് സേവന ദൗത്യവും നിർവഹിച്ചു. ലൂസി ദാസ് ഫോറിൻ എക്സ്ചേഞ്ച് നഴ്സായി 1970ൽ അമേരിക്കയിൽ വന്നു. ഫിലഡൽഫിയയിലെ ഐൻസ്റ്റീൻ ഹോസ്പിറ്റലിലും ടെമ്പിൾ യൂണിവേഴ്സിറ്റി ഹോസ്പിറ്റലിലും രജിസ്റ്റേഡ് നേഴ്സ്സായി സേവനം അനുഷ്ഠിച്ചു. മലയാളി അസോസ്സിയേഷൻ ഓഫ് ഗ്രേറ്റർ ഫിലഡൽഫിയയിലെ ആദ്യഅംഗം.

ഇന്ത്യൻ അമേരിക്കൻ കാത്തലിക് അസോസിയേഷൻ സ്ഥാപക അംഗമായിരുന്നു. ഇന്ത്യൻ അമേരിക്കൻ ലാറ്റിൻ കാത്തലിക് അസോസിയേഷന്റെയും തുടക്കക്കാരിൽ ലൂസി ദാസും സജീവമായിരുന്നു. നാടകങ്ങളിലും ഗായകസംഘത്തിലും നിറഞ്ഞു നിന്ന കലാകാരിയായിരുന്നു.

അഭിഭാഷകനായിരുന്ന ചേർത്തല അരയച്ചേരിയിൽ റാഫേൽ പിതാവ്. പരേതനായ പ്രമുഖ സാമൂഹിക പ്രവർത്തകൻ കല്ലുപുരയ്ക്കൽ കിച്ചണർ ദാസ് ഭർത്താവ്.

ലിസ്, ജാനിസ്, ക്രിസ്റ്റീന, നെവിൻ, നെഡ് എന്നിവർ മക്കൾ. ജോൺ ഓസ്റ്റിൻ, പീറ്റർ ഡാമിയൻ, പയസ് ജോൺ, ക്രിസ്റ്റി, നിമ്മി എന്നിവർ മരുമക്കൾ. ദീപ, ആനന്ദ്, സപ്ന, ജെനോവ, ജോഷ്വ, മാക്സിമസ്, സച്ചിൻ, സൂരജ്, കേറ്റ്ലിൻ എന്നിവർ കൊച്ചുമക്കൾ. ജിയ, സ്നേഹ, ജൂലിയസ്, ഡയാന, നോവ എന്നിവർ മൂന്നാം തലമുറക്കൊച്ചുമക്കൾ.

അചഞ്ചലമായ ധൈര്യവും, അക്ഷീണമായ സമർപ്പണവും, അഗാധമായ വിശ്വാസവും വഴി, അമേരിക്കൻ മലയാളികളുടെ തലമുറകൾക്ക് വഴിയൊരുക്കാൻ സഹായിച്ച സ്ത്രീ മഹത്വം എന്ന നിലയിൽ, ലൂസി ദാസ് ഓർമ്മിക്കപ്പെടുമെന്ന് അനുശോചന സന്ദേശത്തിൽ വിവിധ സാമൂഹിക സംഘടനാ ഭാരവാഹികൾ പറഞ്ഞു.

ആദ്യകാല അമേരിക്കൻ മലയാളി പയനിയർ നഴ്സുമാരിൽ ഒരാളായ ലൂസി, ആരോഗ്യ സംരക്ഷണത്തിന് അസാധാരണമായ കഴിവ് മാത്രമല്ല, അവർ പങ്കെടുത്ത ഓരോ ശുശ്രൂഷയിലും പകരം വയ്ക്കാനാവാത്ത ഊഷ്മളതയും നിസ്വാർത്ഥതയും കൊണ്ടുവന്നു. വളർന്നുവരുന്ന അമേരിക്കൻ മലയാള തലമുറകളെ പോഷിപ്പിച്ച അക്ഷീണ നേതാവായിരുന്ന അവർ, ദീനർക്ക് കാരുണ്യകരമായ ദാനങ്ങളും, കഷ്ടപ്പെടുന്നവർക്ക് സഹായഹസ്തവും, നിരാശരായവർക്ക് അചഞ്ചലമായ പ്രാർത്ഥനയും നൽകി.

ലൂസി ദാസിന്റെ സമർപ്പിത സാമൂഹിക പ്രതിബദ്ധത അവരുടെ പ്രൊഫഷണൽ ജീവിതത്തിനപ്പുറത്തേക്ക് വ്യാപിച്ചു. ആഴത്തിലുള്ള ആത്മീയ നേതൃത്വത്തോടൊപ്പം, ലൂസി ഊർജ്ജസ്വലമായ ഒരു കുടുംബത്തെ വളർത്തി, കലാപരമായ കഴിവുകളിലൂടെയും സാംസ്കാരിക പൈതൃകത്തിലൂടെയും സമൂഹത്തെ ഉയർത്തുന്നതിനായി അവരെ തയ്യാറാക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തു.

## ന്യൂയോർക്ക് സിറ്റി കൗൺസിൽ അംഗീകരിച്ച ശമ്പളവർധനവ് നിരസിച്ച് മേയർ മംദാനി

**- പി പി ചെറിയാൻ**

ന്യൂയോർക്ക്: ന്യൂയോർക്ക് സിറ്റി കൗൺസിൽ അടുത്തിടെ അംഗീകരിച്ച ശമ്പളവർധനവ് താൻ സ്വീകരിക്കില്ലെന്ന് മേയർ സൊഹ്റാൻ മംദാനി വ്യക്തമാക്കി. മേയറുടെ ശമ്പളം കൂട്ടുന്നത് ന്യൂയോർക്കുകാരുടെ മുൻഗണനയല്ലെന്ന് അദ്ദേഹം പറഞ്ഞു.

'മേയർക്ക് വരുമാനം കുറവാണെന്ന് ന്യൂയോർക്കിൽ ആരും പരാതിപ്പെട്ടിട്ടില്ല,' എന്ന് മംദാനി ചൂണ്ടിക്കാട്ടി. തനിക്കായി മാറ്റിവെച്ച ഈ തുക സാമ്പത്തികമായി ബുദ്ധിമുട്ടുന്ന നഗരവാസികളുടെ ക്ഷേമത്തിനായി ഉപയോഗിക്കണമെന്നാണ് തന്റെ ആഗ്രഹമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# നാമംഎക്സലൻസ് അവാർഡുകൾ പ്രഖ്യാപിച്ചു, സമർപ്പണം ഓഗസ്റ്റ് 2ന്




**- ജോർജ് നടവയൽ**

ന്യൂ ജേഴ്സി: നാമം എക്സലൻസ് അവാർഡുകൾ പ്രഖ്യാപിച്ചു. ഡോ.പത്മജ പ്രേം (ചെയർ), അനിൽ പിള്ള, ഡോ.ലത നായർ എന്നിവരുൾപ്പെടുന്ന അവാർഡ് ജൂറിയാണ് അവാർഡ് ജേതാക്കളെ തെരഞ്ഞെടുത്തത്.

നേതൃത്വം, സംരംഭകത്വം, നവീകരണം, സമൂഹസേവനം, കല, സംസ്കാരം, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, ബിസിനസ്സ് എന്നീ മേഖലകളിൽ വ്യക്തി മുദ്ര പതിപ്പിക്കുകയും വൈദഗ്ധ്യം പ്രകടിപ്പിക്കുകയും മികച്ച സംഭാവനകൾ നൽകുകയും ചെയ്തിട്ടുള്ള എട്ടുപേർക്കാണ് നാമം എക്സലൻസ് അവാർഡ് സമ്മാനിക്കുന്നത്.

പത്മശ്രീ ഹസ്മുഖ് ഷാ (മാധ്യമ പ്രവർത്തനം), കേണൽ വീരേന്ദ്ര തവാതിയ (പൊതു സേവനം, ജീവകാരുണ്യ പ്രവർത്തനം), ഡോ.സജിമോൻ ആന്റണി (സാമൂഹിക നേതൃത്വം), ഡോ.മാത്യു കെ.ഐസക് (സാഹിത്യം), കിഷോർ വാരിയത്ത് (സംരംഭകത്വം), പണ്ഡിറ്റ് ശ്രീ രഘു ശങ്കരമഞ്ചി (സാമൂഹിക സേവനം), ഡോ.നന്ദിനി മേനോൻ (വിദ്യാഭ്യാസം), സ്പർശ് ഷാ (അതുല്യ പ്രതിഭ) എന്നിവരാണ് 2026ലെ ജേതാക്കൾ.

ആഗോള ദക്ഷിണേഷ്യൻ പ്രവാസി സമൂഹത്തിന്റെ മാധ്യമ ശീലങ്ങളെ ആഴത്തിൽ സ്വാധീച്ച, വ്യക്തിയാണ് പത്മശ്രീ ഹസ്മുഖ് ഷാ. അദ്ദേഹം നേതൃത്വം നൽകി ആരംഭിച്ച 38 വാർത്താ ബ്യൂറോകൾ, ഉത്തര അമേരിക്കയിലാകെ, 1,200ലധികം ദക്ഷിണേഷ്യൻ അസോസിയേഷനുകൾക്ക്, സേവനം നൽകുന്ന വിപുലമായ നെറ്റ് വർക്കാണ് പ്രദാനം ചെയ്യുന്നത്. 2017ൽ പത്മശ്രീയും, 2005ൽ എല്ലിസ് ഐലൻഡ് മെഡലും ഇദ്ദേഹത്തിനു ലഭിച്ചു.

കേണൽ വിരേന്ദ്ര തവാതിയ, 50 വർഷങ്ങളിലായി സമൂഹത്തിൽ അസാധാരണമായ സ്വാധീനം ചെലുത്തി, ഒട്ടേറെ ബഹുമതികൾ നേടിയ ദേശസ്നേഹിയും മാനവതാവാദിയുമാണ്. ഇന്ത്യയുടെ അതിർത്തി സംരക്ഷണ വ്യൂഹത്തിൽ, ഇരുപത്തിരണ്ടാണ്ടുകൾ കർമനിരതനായിരുന്ന ശേഷം, കേണൽ വിരേന്ദ്ര, അമേരിക്കയിൽ 28 വർഷമായി സാമൂഹിക സേവന രംഗത്ത് പ്രവർത്തിക്കുന്നു.

ഡോ.സജിമോൻ ആന്റണി യുവ നേതാവും, ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്കയുടെ ദേശീയ പ്രസിഡന്റുമാണ്; പത്ത് ലക്ഷത്തിലധികം അംഗങ്ങളുള്ള അമേരിക്കൻ മലയാളി സമൂഹത്തെ സംഘടനാ തലത്തിൽ ഡോ. സജിമോൻ ആന്റണി ഏകോപിപ്പിക്കുന്നു. കേരളത്തിലെ പ്രളയബാധിതർക്കായി വീടുകൾ പുനർനിർമ്മിക്കൽ, ഫൊക്കാന മെഡിക്കൽ കാർഡ്, മോഹിനിയാട്ടം ഗിന്നസ് നേട്ട പദ്ധതി എന്നിങ്ങനെയുള്ള നൂതനാശയങ്ങളിലൂടെ അദ്ദേഹം സമൂഹത്തോടുള്ള പുതുമയാർന്ന പ്രതിബദ്ധത നിറവേറ്റുന്നു. പ്രശസ്തമായ പ്രവാസി ഭാരതീയ ദിവസ് ഗ്ലോബൽ എക്സലൻസ് അവാർഡ് (2026) ജേതാവായ ഡോ. സജിമോൻ ആന്റണി, സാമൂഹിക ശാക്തീകരണത്തിന്റെ മുന്നണിയിൽ അഗ്രസ്ഥാനത്താണ്.

സാഹിത്യ രംഗത്തെ ശ്രദ്ധേയ സാന്നിദ്ധ്യമായ ഡോ.മാത്യു കെ. ഐസക് 2026ൽ പുലിറ്റ്സർ പ്രൈസിനായി സമർപ്പിക്കപ്പെട്ട ബ്രോക്കൺ ചെയി ൻസ്(2025) എന്ന നോവലിന്റെ രചയിതാവാണ്.

കിഷോർ വാരിയത്ത് രാജ്യാന്തര തലത്തിൽ സാന്നിദ്ധ്യമറിയിച്ച മികച്ച വ്യാവസായിക സംരംഭകനാണ്. മിഡിൽ ഈസ്റ്റിലുടനീളം ഫാഷൻ കരിയർ സ്ഥാപനങ്ങൾ കെട്ടിപ്പടുത്ത കിഷോർ, 2015ൽ തുടക്കം കുറിച്ച പുതുസംരംഭങ്ങളിലൂടെ ലോകമെമ്പാടുമുള്ള പ്രതിഭാശാലികളായ 130 പ്രൊഫഷണലുകൾക്ക് തൊഴിൽ നൽകുകയും സംരംഭങ്ങളെ 60 മില്യൺ ഡോളർ ആസ്തിയുള്ള സ്ഥാപനമായി വളർത്തി. 120ലധികം കുട്ടികൾക്ക് ഭക്ഷണം, പരിചരണം, ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നിവ നൽകുന്ന ബംഗ്ലാദേശിലെ ഒരു വിദ്യാഭ്യാസ സംരംഭത്തിന് ധനസഹായം നൽകുന്ന കിഷോർ വാരിയത്ത്, ജീവകാരുണ്യ പ്രവർത്തനങ്ങളിലും, ബോളിവുഡ് നിർമാണങ്ങൾ എന്നിവയിലും, സജീവ പങ്കാളിത്തം വഹിക്കുന്നു.

വേദ പണ്ഡിതനും ആത്മീയാചാര്യനുമായ പണ്ഡിറ്റ് ശ്രീ രഘു ശങ്കരമഞ്ചി, രണ്ടു പതിറ്റാണ്ടുകളിലേറെയായി ക്ഷേത്രോപാസനയും ആത്മീയചര്യകളും ജീവിത വ്യതമാക്കിയ സാമൂഹിക മാർഗ്ഗദർശിയാണ്. ന്യൂ ജേഴ്സിയിലെ എഡിസണിലുള്ള ശ്രീ ശിവ വിഷ്ണു ക്ഷേത്രത്തിന്റെ സ്ഥാപകനായ പണ്ഡിറ്റ് ശ്രീ രഘു ശങ്കരമഞ്ചി, ക്ഷേത്രത്തോടനുബന്ധിച്ച് വിദ്യാഭ്യാസം, ധർമ്മപ്രവർത്തനം, സത്സംഗം എന്നിവയ്ക്ക് ഊന്നൽ നൽകുന്നതിനായി, ആത്മീയകേന്ദ്രവും സ്ഥാപിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഗുരുകുലം യുവജന വിദ്യാഭ്യാസ പരിപാടിയും, വിപുലമായ രീതിയിൽ ഷിർഡി ഇൻ അമേരിക്കകാമ്പെയ്നും സംഘടിപ്പിച്ചുവരുന്നു. മാനവികതയുടെയും കാരുണ്യത്തിന്റെയും നവീന ആശയങ്ങളുടെയും ഉദ്ഘോഷകനെന്ന് വിശേഷിപ്പിക്കപ്പെടുന്ന പണ്ഡിറ്റ് ശ്രീ രഘു ശങ്കരമഞ്ചിയെ വിശ്വാസികൾ, ആത്മീയ പാതയിലെ, ഗുരുവും വഴി കാട്ടിയുമായാണ് കാണുന്നത്.

ഡോ. നന്ദിനി മേനോൻ, അക്കാദമിക് മികവ്, സുസ്ഥിര വികസനം, സംരംഭക ചിന്ത എന്നീ രംഗങ്ങളിൽ വ്യുല്പത്തിയാർന്ന കരിയർ കെട്ടിപ്പടുത്തിട്ടുണ്ട്. സീഡാർ ഹിൽ പ്രെപ്പ് സ്കൂളിന്റെ സ്ഥാപക, ചീഫ് എഡ്യൂക്കേഷൻ ഓഫീസർ എന്നീ നിലകളിൽ, ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. റോസാന ബൊട്ടാണിക്കൽസ് ബയോ ആക്റ്റീവ് വെൽനസ് ഉൽപ്പന്നങ്ങൾ സൃഷ്ടിയ്ക്കുവാൻ, ഫൈറ്റോ കെമിസ്ട്രി രീതികൾ ഉപയുക്തമാക്കാമെന്ന് തെളിയിച്ചു. ശാസ്ത്രം, സംരംഭകത്വം, പരിസ്ഥിതി മാനേജ്മെന്റ് എന്നിവയെ, യഥാർത്ഥ ലോകത്തിലെ വെല്ലുവിളികളുമായി ബന്ധിപ്പിക്കുന്ന, ഗവേഷണം നടത്താൻ ന്യൂജേഴ്സി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നേച്ചറിലെ വിദ്യാർത്ഥികൾക്ക്, പ്രോത്സാഹനം നൽകി. സേവന മേഖലയിലെ മികച്ച നേട്ടത്തിനുള്ള കേരള സെന്റർ അവാർഡ്, 2025 ലെ ഇന്നൊവേറ്റ് 100 ഓണററി പുരസ്കാരം, ഏഷ്യൻ ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ്സിന്റെ 2023ലെ വനിതാ സംരംഭക അവാർഡ്, ന്യൂജേഴ്സി ചെറുകിട ബിസിനസ് വികസന കോർപ്പറേഷന്റെ 2021ലെ ബിസിനസ് ഗ്രോത്ത് സക്സസ് അവാർഡ് എന്നിങ്ങനെ നിരവധി പുരസ്കാരങ്ങളുടെ തിളക്കം, ഡോ.നന്ദിനി മേനോനെ അലങ്കരിക്കുന്നു.

ജീവിത പ്രതിസന്ധികളെ അതിജീവിച്ച്, ഗിന്നസ് വേൾഡ് റെക്കോർഡ് ഉടമയും അന്താരാഷ്ട്ര പ്രശസ്തനുമായി മാറിയ, സ്പർശ് ഷാ, അസാധാരണ കലാകാരനും, ആഗോള യുവ ജനതക്ക് പ്രചോദനവുമാണ്. ഓസ്റ്റിയോജെനസിസ് ഇംപെർഫെക്ട്എന്ന ശാരീരിക അവസ്ഥയിൽ ജീവിക്കുന്ന ▶

# ഡാളസ് സിറ്റിവൈഡ് ഫെലോഷിപ്പ് സ്മരണികയുടെ എഡിറ്റോറിയൽ ബോർഡ്

**- രാജു തരകൻ**



ഡാളസ്: ഡാളസ് സിറ്റിവൈഡ് ഫെലോഷിപ്പിന്റെ നാൽപ്പതാം വാർഷികത്തോടനുബന്ധിച്ച് ഈ വർഷം പ്രസിദ്ധീകരിക്കുന്ന സ്മരണികയുടെ എഡിറ്റോറിയൽ ബോർഡ് രൂപീകരിച്ചു. നാല് പതിറ്റാണ്ടുകളുടെ അനുഗ്രഹയാത്രയെ അനുസ്മരിപ്പിക്കുന്ന ഈ പ്രത്യേക പ്രസിദ്ധീകരണം ഡാളസ് മേഖലയിലെ സഭകളുടെയും വിശ്വാസിസമൂഹത്തിന്റെയും ആത്മീയ, ചരിത്ര, സാമൂഹിക സംഭാവനകൾ രേഖപ്പെടുത്തുന്ന ശ്രദ്ധേയമായ സ്മരണികയായിരിക്കും.

സ്മരണികയുടെ ചീഫ് എഡിറ്ററായി പാസ്റ്റർ തോമസ് മുല്ലയ്ക്കൽ, പബ്ലിഷറായി രാജു തരകൻ, മാനേജിംഗ് എഡിറ്ററായി ഷാജി മണിയാട്ട് എന്നിവർ പ്രവർത്തിക്കും. എക്സിക്യൂട്ടീവ് എഡിറ്റർമാരായി റവ.ഡോ.തോമസ് ഇടിക്കുളയും എസ്.പി. ജെയിംസും സേവനമനുഷ്ഠിക്കും. പബ്ലിക്കേഷൻ കോർഡിനേറ്ററായി തോമസ് ചെല്ലേത്ത് പ്രവർത്തിക്കും. അഡൈ്വസറി ബോർഡ് ചെയർമാനായി പാസ്റ്റർ മാത്യു സാമുവൽ നേതൃത്വം നൽകും.

ഡാളസ് സിറ്റിവൈഡ് ഫെലോഷിപ്പിന്റെ 40 വർഷത്തെ വിശ്വാസപാരമ്പര്യവും ശുശ്രൂഷാ പൈതൃകവും പുതിയ തലമുറയ്ക്ക് പകർന്നു നൽകുന്ന വിലപ്പെട്ട രേഖയായി ഈ സ്മരണിക മാറുമെന്നാണ് സംഘാടകർ പ്രത്യാശ പ്രകടിപ്പിച്ചത്. ആത്മീയ ലേഖനങ്ങൾ, ചരിത്രരേഖകൾ, അനുഭവക്കുറിപ്പുകൾ, ആശംസാസന്ദേശങ്ങൾ, വിവിധ സഭകളുടെയും ശുശ്രൂഷകളുടെയും വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി മികച്ച നിലവാരത്തിൽ പ്രസിദ്ധീകരിക്കാനുള്ള ഒരുക്കങ്ങൾ പുരോഗമിച്ചുവരികയാണ്.

# നാമം എക്സലൻസ് അവാർഡുകൾ പ്രഖ്യാപിച്ചു

സ്പർശ് ഷാ, ഇതുവരെ 150 അസ്ഥിഭംഗങ്ങളെയാണ് അതിജീവിച്ചത്. 10ലധികം രാജ്യങ്ങളിലായി 400ലധികം ആവേശകരമായ സ്റ്റേജ് പ്രോഗ്രാമുകളും മുഖ്യപ്രഭാഷണങ്ങളും അവതരിപ്പിച്ച സ്പർശ് ഷാ, ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് കാണികളുടെ പ്രശംസ നേടിയ കലാകാരനാണ്. സോഷ്യൽ മീഡിയയിൽ 400 മില്യണിലധികം അനുവാചകരാണ് അദ്ദേഹത്തിന്റെ പ്രോഗ്രാമുകൾ കണ്ടത്. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി 6 മില്യൺ ഡോളറാണ് സ്പർശ് ഷാ സമാഹരിച്ചത്. യുവശാക്തീകരണത്തിന്റെയും സാധ്യതകളുടെയും ശക്തമായ ലോകശബ്ദമായി സ്പർശ് ഷാ മാറിയിരിക്കുന്നു.

നാമത്തിന്റെ പ്രഥമ സമഗ്ര സംഭാവനാ പുരസ്ക്കാരം ഡോ.എം.വി. പിള്ളയ്ക്ക് സമ്മാനിക്കും. പ്രഥമ നാമം സമഗ്ര സംഭാവനാ പുരസ്ക്കാര ജേതാവായ ഡോ.എം.വി. പിള്ള വൈദ്യശാസ്ത്ര മികവിന്റെയും ഓങ്കോളജി ഗവേഷണത്തിന്റെയും പ്രകാശഗോപുരമാണ്. ട്രിപ്പിൾ ബോർഡ് സർട്ടിഫൈഡ് ഫിസിഷ്യനും തോമസ് ജെഫേഴ്സൺ സർവകലാശാലയിലെ മെഡിക്കൽ ഓങ്കോളജി വിഭാഗത്തിലെ പ്രൊഫസറുമായ ഡോ. പിള്ള, ഇന്റേണൽ മെഡിസിൻ, ഹെമറ്റോളജി, കാൻസർ ചികിത്സ എന്നീ മേഖലകളിൽ സമാനതകളില്ലാത്ത വൈദഗ്ധ്യം കൈവരിച്ചിട്ടുള്ള ഭിഷഗ്വരനാണ്. ഡോ. കെ. എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ ഓങ്കോളജി സെന്ററിന്റെ അഡൈ്വസറി ബോർഡ് ചെയർമാനായും ഇന്റർനാഷണൽ നെറ്റ് വർക്ക് ഫോർ കാൻസർ ട്രീറ്റ്മെന്റ് ആൻഡ് റിസർച്ച് എന്ന സ്ഥാപനത്തിന്റെ പ്രസിഡന്റും സി.ഇ.ഒ ആയും പ്രവർത്തിക്കുന്ന അദ്ദേഹം ആഗോള കാൻസർ പരിചരണത്തിന്റെ അതിരുകൾ വിപുലമാക്കിയ ഗവേഷകനാണ്. വാഗ്മിയും എഴുത്തുകാരനുമായ ഡോ.എം.വി. പിള്ള അസോസിയേഷൻ ഓഫ് കേരള മെഡിക്കൽ ഗ്രാജുവേറ്റ്സിന്റെ 2024 ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ നേടിയിട്ടുണ്ട്.

നാമം ഫൗണ്ടറും ചീഫ് പേട്രണുമായ മാധവൻ ബി നായർ, പ്രസിഡന്റ് പ്രദീപ് മേനോൻ (516)4508155, കോർഡിനേറ്റർ സത്യ വൈ (732)213 5613, സെക്രട്ടറി ബിന്ദു സത്യ (732)213 5346, ട്രഷറർ സിറിയക് എബ്രഹാം (732)259 1037 എന്നിവരാണ് സംഘാടകർ.

# ചിക്കാഗോ സെന്റ് മേരീസിൽ ഇടവക ദിനം ആചരിച്ചു



**- റോയി ചേലമലയിൽ**

ചിക്കാഗോ: മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കാതോലിക്ക ദേവാലയത്തിലെ ഇടവക ദിനം കർദ്ദിനാൾ ജോർജ് കൂവക്കാടിന്റെ സാന്നിധ്യം കൊണ്ടും ഭക്തിനിർഭരമായ തിരുക്കർമ്മങ്ങൾ കൊണ്ടും മറ്റ് നിരവധി പരിപാടികൾ കൊണ്ടും അവിസ്മരണീയമായി.

വത്തിക്കാനിലെ മതാന്തര സംവാദങ്ങളുടെ കാര്യാലയത്തിന്റെ തലവനും മാർപ്പാപ്പയുടെ യാത്രകളുടെ കോർഡിനേറ്ററും മലയാളിയുമായ കർദ്ദിനാൾ ജോർജ് കൂവക്കാട് ആയിരുന്നു ഈ വർഷത്തെ ഇടവക ദിനത്തിന്റെ മുഖ്യ അതിഥി. ജൂലൈ 12 ഞായറാഴ്ച രാവിലെ 9:45ന് മുത്തുക്കുടകളുടെയും ചെണ്ട മേളത്തിന്റെയും തൂവെള്ള വസ്ത്രം അണിഞ്ഞ കുട്ടികളുടെയും മറ്റ് ഇടവക ജനത്തിന്റെയും നേതൃത്വത്തിൽ കർദ്ദിനാളിനു ഔദ്യോഗികമായ വരവേൽപ്പ് നൽകി. അസി. വികാരി ഫാ.അനീഷ് മാവേലിപുത്തെൻപുരഷാൾ നൽകിയും, ട്രസ്റ്റി മെജോ കുന്നശ്ശേരിബൊക്കെയും വികാരി ഫാ.സിജോ മുടക്കോടിൽ കത്തിച്ച തിരിയും നൽകി കർദിനാളിന്റെ ദേവാലയത്തിലേക്ക് ആനയിച്ചു. തുർടർന്നു കർദ്ദിനാളിന്റെ മുഖ്യ കാർമ്മികത്വത്തിൽ വി. കുർബാന അർപ്പിച്ചു. ക്നാനായ റീജിയൻ ഡയറക്ടറും വികാരി ജനറാളുമായ ഫാ. തോമസ് മുളവനാൽ, സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ വികാരി ഫാ.അബ്രഹാം കളരിക്കൽ, പ്രസിദ്ധ ധ്യാനഗുരു ഫാ.ജോസഫ് പുത്തൻപുര, ഫാ. ജെറിൻ ക്ലാക്കീൽ, ഫാ. അനീഷ് മാവേലിപുത്തൻപുര എന്നിവർ സഹ കാർമ്മികരായിരുന്നു. ബലി മദ്ധ്യേ നൽകിയ വചന സന്ദേശത്തിൽ കർദ്ദിനാൾ ദൈവം 12 ശ്ലീഹന്മാരെപ്പോലെ എളിയവരിലൂടെയാണ് സഭയെ നടത്തുന്നതെന്നും സഹായം ആവശ്യമായവർക്കു താങ്ങായി പ്രവർത്തിക്കുവാൻ ഇടവകക്ക് സാധിക്കട്ടെ എന്ന് പ്രത്യാശിച്ചു.

കുർബ്ബാനക്ക് ശേഷം ഇടവകയുടെ പതിനാറാം സ്ഥാപക ദിനത്തോടനുബന്ധിച്ചുള്ള ഇടവക ദിനത്തിന്റെ പൊതുസമ്മേളനം നടന്നു. വികാരി ഫാ. സിജു മുടക്കോടിൽ സ്വാഗതം പറഞ്ഞു. ഫാ.തോമസ് മുളവനാൽ, ഫാ.അബ്രഹാം കളരിക്കൽ, ഫാ. ജോസഫ് പുത്തൻപുര എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. കർദ്ദിനാൾ ജോർജ് കൂവക്കാട് തന്റെ മറുപടി പ്രസംഗത്തിൽ 16 വർഷത്തെ ഇടവകയുടെ പ്രവർത്തനങ്ങളെ അനുമോദിക്കുകയും അന്നേ ദിവസം ആദരിക്കപ്പെടുന്ന ദമ്പതികളെയും ഗ്രാജുവേറ്റ്സിനെയും മറ്റ് ഭാരവാഹികളെയും അഭിനന്ദിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം അവർക്കു പ്രത്യേകം ആശീർവാദവും നൽകി. തുടർന്ന് നവ ദമ്പതികൾക്കും വിവാഹത്തിന്റെ 25, 50 വാർഷികം ആഘോഷിക്കുന്നവർക്കും 50 വർഷത്തിൽ കൂടുതൽ വിവാഹിതരായ ദമ്പതികൾക്കും ഈ വർഷത്തെ ഗ്രാജുവേറ്റ്സിനും ഇടവകയുടെ ഉപഹാരങ്ങൾ സമ്മാനിച്ചു. ഇടവകയുടെ നിലവിലുള്ളതും മുൻ വർഷങ്ങളിലെയും ഭാരവാഹികളെയും ഗായക സംഘത്തെയും അൾത്താര ശുശ്രൂഷകരെയും ആദരിച്ചു. യൂത്ത് ട്രസ്റ്റി ഫെലിക്സ് പാലകൻ നന്ദി അർപ്പിച്ചു. ഫാ.അനീഷ് മാവേലിപുത്തെൻപുര, റോയി ചേലമല എന്നിവർ യോഗം നിയന്ത്രിച്ചു. തുടർന്ന് ക്നാനായ പാരമ്പര്യപ്രകാരമുള്ള ഉച്ചഭക്ഷണത്തോടെ പരിപാടികൾ സമാപിച്ചു.

ട്രസ്റ്റിമാരായ സേവ്യർ നടുപറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ, സിസ്റ്റർ ശാലോം, സിസ്റ്റർ ജസ്സിന, സെക്രട്ടറി സണ്ണി മേലേടം, സജി പുതുക്കയിൽ, ബിജു പൂത്തുറ, അലക്സ് മുല്ലപ്പള്ളി, ഫിലിപ്പ് പുത്തൻപുര, ജയാ കുളങ്ങര, റെജിമോൾ വെള്ളൂർ, ലിസ്സി മുല്ലപ്പള്ളി, ബിനു ഇടകര, ജോബിൽ ചോരത്ത് എന്നിവരും നിരവധി വോളന്റിയേഴ്സും പരിപാടികളുടെ വിജയത്തിനായി പ്രവർത്തിച്ചു.

ഡൊമിനിക് ചൊള്ളമ്പേൽ ഫോട്ടോഗ്രാഫിയും സാജു കണ്ണമ്പള്ളി ക്നാനായ വോയ്സിലൂടെ തത്സമയ സംപ്രേഷണവും ചെയ്തു.

# വെസ്റ്റ് ഹാർഡ്ഫോർഡിൽ ആദ്യ വിശുദ്ധ കുർബാന സ്വീകരണ ശുശ്രൂഷ ഭക്തിനിർഭരമായി നടത്തി



**- പി.പി ചെറിയാൻ**

കണക്ടിക്കട്ട്: വെസ്റ്റ് ഹാർഡ്ഫോർഡിലെ സീറോ മലബാർ സമൂഹത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഈ വർഷത്തെ ആദ്യ വിശുദ്ധ കുർബാന സ്വീകരണ ശുശ്രൂഷ ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ നടന്നു.

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ, ചിക്കാഗോ രൂപതാ ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് എന്നിവർ ചടങ്ങിൽ മുഖ്യ സന്നിഹിതരായിരുന്നു. പ്രശസ്ത വചനപ്രഘോഷകൻ ഫാ. ജോസഫ് പുത്തൻപുറക്കൽ, ഇടവക വികാരി ഫാ.ജോസഫ് പുള്ളിക്കാട്ടിൽ, ഫാ.ഫ്രാൻസിസ് എലുവാതിങ്കൽ എന്നിവർ വിശുദ്ധ കുർബാന അർപ്പണത്തിനും ആദ്യ കുർബാന സ്വീകരണ ശുശ്രൂഷകൾക്കും നേതൃത്വം നൽകി.

ആൽവിൻ ബിനോയ്, ഡോണ മരിയ ഡിഫിൻ, സാറാ മേരി മാത്യു, എമല്യൻ എലിസബത്ത് ബോബിൻ എന്നീ ഇടവകയിലെ കുട്ടികളാണ് ആത്മീയ നിറവിൽ പ്രഥമ ദിവ്യകാരുണ്യം സ്വീകരിച്ച് വിശ്വാസ

▶

## പാസ്റ്റർ ഡെന്നു ജോൺ ടൈറ്റസ് ഐ.പി.സി. ഹെബ്രോൻ ഡാളസ് യൂത്ത് പാസ്റ്ററായി ചുമതലയേറ്റു

– സാം മാത്യു, ഡാളസ്



ഡാളസ്: ഐ.പി.സി. ഹെബ്രോൻ ഡാളസിന്റെ പുതിയ യുവജന വിഭാഗം ശുശ്രൂഷകനായി (യൂത്ത് പാസ്റ്റർ) പാസ്റ്റർ ഡെന്നു ജോൺ ടൈറ്റസ് ചുമതലയേറ്റു. ജൂലൈ 12 ഞായറാഴ്ച നടന്ന സഭായോഗത്തോടനുബന്ധിച്ച് സംഘടിപ്പിച്ച സ്വീകരണ സമ്മേളനത്തിൽ വെച്ചായിരുന്നു സ്ഥാനാരോഹണം. സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ജെയിംസ് വർഗ്ഗീസ്, സഭാ സെക്രട്ടറി ജോൺ മാത്യൂ എന്നിവർ ചേർന്ന് അദ്ദേഹത്തെ ഔദ്യോഗിക ചുമതലയ്ക്കായി നിയോഗിച്ചു.

കേരളത്തിലെ കോഴഞ്ചേരി സ്വദേശിയായ പാസ്റ്റർ ഡെന്നു ജോൺ ടൈറ്റസ്, ബാംഗ്ലൂർ ന്യൂ ലൈഫ് കോളേജിൽ നിന്നാണ് ദൈവശാസ്ത്രത്തിൽ ബിരുദം നേടിയത്. ബൈബിൾ കോളേജ് പഠനകാലത്ത് ബാംഗ്ലൂരിലെ അസംബ്ലീസ് ഓഫ് ഗോഡ് ചർച്ചിൽ യൂത്ത് പാസ്റ്ററായി അദ്ദേഹം സേവനമനുഷ്ഠിച്ചിരുന്നു. തുടർന്ന് 2021 ജനുവരിയിൽ ഉപരിപഠനത്തിനായി അമേരിക്കയിലേക്ക് കുടിയേറിയ അദ്ദേഹം, ഒക്കലഹോമയിലെ പ്രശസ്തമായ ഓറൽ റോബർട്ട്സ് യൂണിവേഴ്സിറ്റിയിൽ ചേർന്നു. 2024ൽ പുതിയ നിയമ പഠനത്തിൽ ബിരുദാനന്തര ബിരുദം പൂർത്തിയാക്കി. നിലവിൽ ഇതേ സർവകലാശാലയിൽ ഹയർ എഡ്യൂക്കേഷൻ അഡ്മിനിസ്ട്രേഷനിൽ ഡോക്ടറൽ വിദ്യാർത്ഥിയാണ്.

ഓറൽ റോബർട്ട്സ് യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഡ്യൂക്കേഷനിൽഅഡ്വാൻഡേജ് പ്രോഗ്രാം അക്കാദമിക് കോച്ച്ആയി സേവനമനുഷ്ഠിച്ചു വരവെയാണ് ഡാളസ് ഐ.പി.സി. ഹെബ്രോൻ സഭയുടെ പുതിയ ദൗത്യം അദ്ദേഹം ഏറ്റെടുക്കുന്നത്. ഫേബ സൂസൻ ഫിന്നിയാണ് സഹധർമ്മിണി. സഭയിലെ യുവാക്കളുടെ ആത്മീയവും, സാമൂഹികവുമായ വളർച്ചയ്ക്ക് ഇദ്ദേഹത്തിന്റെ നേതൃത്വം ശക്തമായ അടിത്തറയേകുമെന്ന് സഭാ ഭാരവാഹികൾ പ്രത്യാശ പ്രകടിപ്പിച്ചു.

## ഫൊക്കാന കൺവെൻഷനിൽ ടി.ഡി. രാമകൃഷ്ണൻ പങ്കെടുക്കും

– സണ്ണി മാളിയേക്കൽ

ന്യൂയോർക്ക്: മലയാള നോവൽ സാഹിത്യത്തിൽ വിപ്ലവാത്മകമായ ഭാവുകത്വ മാറ്റങ്ങൾ സൃഷ്ടിച്ച എഴുത്തുകാരനും വിവർത്തകനുമായ ടി.ഡി. രാമകൃഷ്ണൻ വരും മാസങ്ങളിൽ അമേരിക്ക സന്ദർശിക്കുന്നു. പെൻസിൽവാനിയയിലെ പോക്കിനോസ് റിസോർട്ടിൽ വെച്ച് നടക്കാനിരിക്കുന്ന ഫൊക്കാന 2026ലെ കേന്ദ്ര കൺവെൻഷനിൽ മുഖ്യാതിഥിയായി പങ്കെടുക്കും.

മലയാള നോവലിലെ വിപ്ലവകാരി 1961ൽ തൃശൂർ ജില്ലയിലെ ഇയ്യാൽ ഗ്രാമത്തിൽ ജനിച്ച ടി.ഡി. രാമകൃഷ്ണൻ, മൂന്ന് പതിറ്റാണ്ടിലേറെക്കാലം ഇന്ത്യൻ റെയിൽവേയിൽ ജോലി ചെയ്തിട്ടുണ്ട്. ദക്ഷിണ റെയിൽവേയിൽ ചീഫ് കൺട്രോളർ പദവിയിലിരിക്കെയാണ്, മുഴുവൻ സമയ എഴുത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി അദ്ദേഹം ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചത്. ചരിത്രത്തെയും മിത്തുകളെയും സയൻസ് ഫിക്ഷനെയും ഒരേ നൂലിൽ കോർത്തെടുക്കുന്ന വേറിട്ട രചനാശൈലിയാണ് അദ്ദേഹത്തെ ആധുനിക മലയാള നോവലിസ്റ്റുകളിൽ മുൻപന്തിയിലാക്കിയത്.

കൂടുതൽ വിവരങ്ങൾക്ക്

സണ്ണി മാളിയേക്കൽ+1 214 940 3853, അബ്ദുൾ പുന്നിയൂർകുളം +1 859 282 5825, ടി.ഡി. രാമകൃഷ്ണൻ +91 944 753 4168

## വെസ്റ്റ് ഹാർഡ്ഫോർഡിൽ ആദ്യ വിശുദ്ധ കുർബാന സ്വീകരണ ശുശ്രൂഷ...

ജീവിതത്തിലെ സുപ്രധാന നാഴികക്കല്ലിലേക്ക് പ്രവേശിച്ചത്:

ആദ്യമായി ഈശോയെ ഹൃദയത്തിൽ സ്വീകരിച്ച കുട്ടികളെയും അവരുടെ മാതാപിതാക്കളെയും സഭാനേതൃത്വം പ്രത്യേകം അഭിനന്ദിച്ചു. ദൈവവിശ്വാസത്തിലും ക്രൈസ്തവ മൂല്യങ്ങളിലും ഉറച്ചുനിന്ന്, സഭയ്ക്കും സമൂഹത്തിനും നന്മ ചെയ്യുന്നവരായി വളരാൻ ആത്മീയ ആചാര്യന്മാർ കുട്ടികൾക്ക് ആശംസകൾ നേർന്നു.

ഇടവക വിശ്വാസികളും കുട്ടികളുടെ കുടുംബാംഗങ്ങളും സുഹൃത്തുക്കളും സാക്ഷികളായ ചടങ്ങ്, പങ്കെടുത്ത ഏവർക്കും പ്രാർത്ഥനാപൂർണ്ണവും ആത്മീയ ആനന്ദം പകരുന്നതുമായ ഒരു വലിയ അനുഭവമായി.

## എസ് ബി അസംപ്ഷൻ അലുംമ്നി പ്രഥമ ദേശീയ കൺവൻഷൻ നടത്തി




– തോമസ് ഡിക്രൂസ്

ചിക്കാഗോ: ഗൃഹാതുരത്വത്തിന്റെയും കൂട്ടായ്മയുടെയും ആർദ്ര സ്മരണകൾ ആവോളമുണർത്തി പുരാതന കലാലയങ്ങളായ ചങ്ങനാശേരി സെയിന്റ് ബെർക്ക്മാൻസ്, അസ്സംപ്ഷൻ കോളേജ് പൂർവ്വവിദ്യാർഥികൾ അമേരിക്കയിൽ സംഘടിപ്പിച്ച പ്രഥമ ദേശീയ കൺവെൻഷൻ പ്രൗഢോജ്ജ്വലമായി പര്യവസാനിച്ചു.

ജൂലൈ ഒൻപതാം തീയതി വ്യാഴാഴ്ച ചിക്കാഗോയിൽ നടന്ന സമ്മേളനം എസ് ബി കോളേജിന്റെ പ്രമുഖ പൂർവ്വവിദ്യാർഥികളായ കർദിനാൾ ജോർജ് ജേക്കബ് കൂവക്കാട്, ചങ്ങനാശേരി ആർച്ചു ബിഷപ്പ് അഭിവന്ദ്യ മാർ തോമസ് തറയിൽ, കേരള ഗവ. പ്രിൻസിപ്പൽ സെക്രട്ടറി രാജു നാരായണസ്വാമി ഐഎഎസ്, എസ്ബി, അസംപ്ഷൻ കോളജ് പ്രിൻസിപ്പൽമാർ എന്നിവർ ഭദ്രദീപം തെളിച്ചു കൊണ്ട് ഉദ്ഘാടനം നിർവ്വഹിച്ചു.

കൺവൻഷൻ ചെയർമാൻ മാത്യു ദാനിയേൽ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. ചങ്ങനാശേരി ആർച്ചു ബിഷപ്പിന്റെ തങ്ങൾക്ക് ലഭിക്കുന്ന നിരന്തര പ്രോത്സാഹനത്തിനു നന്ദി പറഞ്ഞുകൊണ്ട് കൺവൻഷന്റെ ഉന്നതലക്ഷ്യങ്ങൾ അദ്ദേഹം വിശദീകരിച്ചു.

കർദിനാൾ ജോർജ് ജേക്കബ് കൂവക്കാട് സമ്മേളനം ഉദ്ഘാടനം ചെയ്തു. ജീവിതം മൂല്യവത്തായി രൂപപ്പെടുത്തുന്നതിൽ എസ്ബി കോളേജ് വിദ്യാഭ്യാസം തന്റെ ജീവിതത്തിൽ വഹിച്ച പങ്ക് നിസ്തുലവും അവിസ്മരണീയവുമാണെന്ന് കർദിനാൾ പറഞ്ഞു. ഭവനം എന്ന സങ്കൽപം സ്വന്തം വീടിന്റെ മതിൽ കെട്ടിനു പുറത്തു വിശാലമായ മനുഷ്യസ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും മേഖലയിലാണ് അർത്ഥപൂർണ്ണമാകുന്നതെന്ന് മനസിലാക്കാൻ അഞ്ചു വർഷത്തെ കോളജ് പഠനം തന്നെ സഹായിച്ചു. കാത്തലിക് സ്റ്റുഡന്റസ് മൂവ്മെന്റിന്റെ നേതൃത്വത്തിൽ തങ്ങൾ അക്കാലത്തു എസ് ബി കോളേജിൽ നടത്തിയ ജീവകാരുണ്യ പ്രവർത്തനങ്ങളും അനുഭവങ്ങളും പിൽക്കാലത്തു ഫ്രാൻസിസ് മാർപ്പായുടെ യാത്രാദൗത്യങ്ങൾ കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കാൻ വേണ്ട ഊർജ്ജവും പ്രചോദനവും തനിക്കു നൽകി. ജീവിതത്തിൽ സ്വത്ത് സമ്പാദനത്തിലുപരി സഹജീവികളെ കാരുണ്യപൂർവ്വം സഹായിക്കാനുള്ള മനോഭാവവും ജ്ഞാനവും തേടാൻ പൂർവ്വ വിദ്യാർഥികളെ കർദ്ദിനാൾ ആഹ്വനം ചെയ്തു.

ആർച്ചു ബിഷപ് മാർ തോമസ് തറയിൽ മുഖ്യപ്രഭാഷണം നടത്തി. നഗരങ്ങളിൽ മാത്രം ഉന്നതവിദ്യാഭ്യാസം ലഭ്യമായിരുന്ന ഒരുകാലത്തു ഗ്രാമീണമേഖലയിൽ വിദ്യാഭ്യാസരംഗത്തു മികവാർന്ന സേവനത്തിന് ആർ.ശങ്കർ അവാർഡ് ഉൾപ്പടെ നിരവധി ബഹുമതികൾ സ്വന്തമാക്കി നമ്മുടെ കോളേജുകൾ ശ്രദ്ധേയമായത് അഭിമാനകരമാണെന്ന് പറഞ്ഞു. ഉന്നത വിദ്യാഭ്യാസരംഗത്ത് മത്സരപ്രവണത പ്രകടമാകുന്ന ഇക്കാലത്തു പൂർവ്വവിദ്യാർഥികൾ തങ്ങളുടെ അനുഭവവും വൈദഗ്ധ്യവും സമയവും മാതൃകലാലയങ്ങൾക്ക് നിർലോഭം നൽകിക്കൊണ്ട് അവയെ നിലനിർത്തേണ്ടത് കാലഘട്ടത്തിന്റ ആവശ്യമാണ്. അതിനായി അമേരിക്കയിൽ പൂർവ്വവിദ്യാർഥി സാന്നിധ്യമുള്ള എല്ലാ സ്റ്റേറ്റുകളിലും എസ്ബി അസംപ്ഷൻ അലുംമ്നി ചാപ്റ്ററുകൾ സ്ഥാപിക്കണമെന്നും ആർച്ചുബിഷപ്പ് ആവശ്യപ്പെട്ടു.

എസ്ബി കോളജ് വിദ്യാഭ്യാസം സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സമഭാവനയുടെയും ഓർമ്മകളാണ് തന്നിൽ ഉണർത്തുന്നതെന്ന് എസ്ബി കോളേജിലെ തന്റെ പഠനകാലം സ്മരിച്ചുകൊണ്ട് രാജു നാരായണസ്വാമി ഐ എ എസ് പറഞ്ഞു. പദ്യശകലങ്ങളാൽ സമ്പന്നമായ അദ്ദേഹത്തിന്റെ പ്രസംഗം സദസ്സ് സാകൂതം ശ്രവിച്ചു.

എസ് ബി കോളേജ് പ്രിൻസിപ്പൽ റവ.ഡോ. ടെഡി തോമസ് കാഞ്ഞൂപ്പറമ്പിൽ, അസംപ്ഷൻ കോളേജ് പ്രിൻസിപ്പൽ ഡോ. റാണി മരിയ തോമസ്, എസ് ബി കോളേജ് മുൻ പ്രിൻസിപ്പൽ റവ.ഡോ.ജോർജ് മഠത്തിപ്പറമ്പിൽ എന്നിവർ ആശംസാ പ്രഭാഷണങ്ങൾ നടത്തി. ചിക്കാഗോ യൂണിറ്റ് പ്രസിഡന്റ് ഡോ. മനോജ് നേര്യംപറമ്പിൽ സ്വാഗതം പറഞ്ഞു.

മെഡിക്കൽ, എഞ്ചിനീയറിങ്, നേഴ്സിങ്, ശാസ്ത്ര സാങ്കേതികം, ബിസിനസ്സ്, സ്റ്റേറ്റ് സർവീസ്, അധ്യാപനം എന്നീ മേഖലകളിൽ അമേരിക്കയിൽ ഉന്നതനിലയിൽ സേവനം ചെയ്തു വ്യക്തിമുദ്ര പതിപ്പിച്ച തെരെഞ്ഞെടുക്കപ്പെട്ട പൂർവ്വവിദ്യാർഥികളെ കൺവെൻഷനിൽ ആദരിച്ചു. കൺവെൻഷനോട് അനുബന്ധിച്ചു പുറത്തിറക്കിയ സുവനീർ ജോർജ്ജോസഫ് വിലങ്ങോലിനു കോപ്പി നൽകി അഭിവന്ദ്യ പിതാക്കന്മാർ നിർവഹിച്ചു. സീനിയർ അലുമ്നസും കൺവെൻഷൻ ഗ്രാൻഡ് സ്പോൺസറുമായ ഡോ. വിൻസെന്റ് കുട്ടംപേരൂരിനെ (വിസ്കോൺസിൻ) ചടങ്ങിൽ പൊന്നാട അണിയിച്ച് ആദരിച്ചു. റവ.ഫാ.കെ.കെകുര്യാക്കോസ് രചിച്ച മൂന്ന് പുസ്തകങ്ങളുടെ പ്രകാശനം അഭിവന്ദ്യ പിതാക്കന്മാർ നിർവ്വഹിച്ചു. തുടർന്ന് സ്നേഹവിരുന്നും കലാപരിപാടികളും നടന്നു. എസ് ബി, അസംപ്ഷൻ കോളജ് ചരിത്രത്തിൽ നാഴികക്കല്ലായി മാറിയ കൺവെൻഷൻ സംഘടിപ്പിച്ച ദേശീയ കൗൺസിലിനെ അഭിവന്ദ്യപിതാക്കന്മാരും പ്രിൻസിപ്പൽമാരും അഭിനന്ദിച്ചു.

സ്റ്റീയറിങ് കമ്മറ്റി അംഗങ്ങളായ പ്രൊഫ ജെയിംസ് ഓലിക്കര, തോമസ് ഡിക്രൂസ്, ദയാലു ജോസഫ്, ജോർജ് ജോസഫ്, കാർമൽ തോമസ്, ടോം പെരുമ്പായിൽ, ബോബൻ കളത്തിൽ, ഷിബു അഗസ്റ്റിൻ, ലീല മാരേട്ട് എന്നിവരാണ് കൺവെൻഷന് നേതൃത്വം നൽകിയത്. അമ്പിളി ജോർജ്, പിന്റോ കണ്ണമ്പള്ളി എന്നിവർ എംസിമാരായിരുന്നു. ഡോ.ബിന്ദു ജോർജ് ടോബിയാസ് നന്ദി പറഞ്ഞു. അലുമ്നിയുടെ അടുത്ത ദേശീയ കൺവെൻഷൻ 2028ൽ ന്യൂജേഴ്സിയിൽ നടത്തുമെന്ന് ഭാരവാഹികൾ അറിയിച്ചു.

**Independence Day in India** (August 15)

At 12 a.m. on August 15, 1947, India gained its independence from the British Raj. This day is widely celebrated across the nation with the Prime Minister hoisting the flag at the Red Fort. It honours the struggles of freedom fighters.

**Naag Panchami** (August 17)

This traditional Hindu celebration involves the holy reverence of snakes or serpents. Worshippers pray for the blessings of the snake gods by offering them milk and sweets in order to safeguard themselves against negative spirits.

# ലോകം മുഴുവൻ എന്നെ വിധിച്ചു: ഇരുണ്ട കാലത്തെക്കുറിച്ച് മോണിക്ക ലെവിൻസ്കി

– പ്രസാദ് തീയാടിക്കൽ



വാഷിങ്ടൺ: മുൻ വൈറ്റ് ഹൗസ് ഇന്റേണും സാമൂഹിക പ്രവർത്തകയുമായ മോണിക്ക ലെവിൻസ്കി (52) തന്റെ ജീവിതത്തിലെ ഇരുണ്ട ദശകത്തെതുറന്നു പറഞ്ഞു. പൊതുജനങ്ങളുടെ കടുത്ത വിമർശനവും അപമാനവും നേരിട്ട വർഷങ്ങളിൽ നിന്ന് കരകയറാൻ സഹായിച്ചത് സ്വന്തം ഭൂതകാലത്തെ അംഗീകരിക്കാനായതാണെന്ന് അവർ പറഞ്ഞു.

തന്റെ പോഡ്കാസ്റ്റായ റീകാളിംഗ് വിത്ത് മോണിക്ക ലെവിൻസി- പുതിയ എപ്പിസോഡിൽ സംസാരിക്കവെയാണ് ലെവിൻസ്കി ഇക്കാര്യം പറഞ്ഞത്.

വൈറ്റ് ഹൗസ് ഇന്റേൺ ആയിരുന്ന കാലത്തെ തന്റെ വ്യക്തിത്വത്തെ മറക്കാനോ ഒഴിവാക്കാനോ കഴിയില്ലായിരുന്നുവെന്നും, ആ അനുഭവത്തെ ജീവിതത്തിന്റെ ഭാഗമായി സ്വീകരിച്ചപ്പോഴാണ് മുന്നോട്ട് പോകാൻ കഴിഞ്ഞതെന്നും അവർ പറഞ്ഞു. കോടിക്കണക്കിന് ആളുകളിൽ നിന്ന് നേരിട്ട നിഷേധാത്മക പ്രതികരണങ്ങൾക്കിടയിലും സ്വയം അംഗീകരിക്കാനുള്ള യാത്രയായിരുന്നു ഏറ്റവും വലിയ മാറ്റമെന്നും ലെവിൻസ്കി കൂട്ടിച്ചേർത്തു.

1998ൽ അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ബിൽ ക്ലിന്റണുമായുള്ള ബന്ധം പുറത്തുവന്നതിനെ തുടർന്ന് മോണിക്ക ലെവിൻസ്കി ലോകമെമ്പാടും വലിയ വിവാദത്തിന് കേന്ദ്രബിന്ദുവായി. തുടർന്ന് പ്രസിഡന്റിനെതിരെ സത്യവാങ്മൂലം ലംഘിച്ചതിനും നീതിന്യായനടപടികൾ തടസപ്പെടുത്തിയതിനും അടിസ്ഥാനമായി ഇംപീച്ച്മെന്റ് നടപടികൾ ആരംഭിക്കുകയും, 1998 ഡിസംബറിൽ ജനപ്രതിനിധി സഭ ഇംപീച്ച് ചെയ്യുകയും ചെയ്തു. എന്നാൽ 1999 ഫെബ്രുവരിയിൽ സെനറ്റ് വിചാരണയിൽ ക്ലിന്റൺ കുറ്റവിമുക്തനായി.

# വിദേശത്തുള്ള എല്ലാ അമേരിക്കക്കാർക്കും ജാഗ്രതാ നിർദ്ദേശവുമായി യു.എസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ്

– പി പി ചെറിയാൻ

ഇറാനുമായുള്ള യുദ്ധത്തെത്തുടർന്ന് മേഖലയിലുണ്ടായ ശക്തമായ സംഘർഷാവസ്ഥ കണക്കിലെടുത്ത്, വിദേശത്ത് താമസിക്കുന്നതും യാത്ര ചെയ്യുന്നതുമായ എല്ലാ യു.എസ് പൗരന്മാർക്കും അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് അപൂർവ്വമായ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു. അമേരിക്കക്കാർ ആക്രമിക്കപ്പെടാൻ സാധ്യതയുണ്ടെന്ന വിലയിരുത്തലിലാണ് ഈ നടപടി.

ശനിയാഴ്ച പുറപ്പെടുവിച്ച നിർദ്ദേശത്തിൽ, വിദേശത്തുള്ള അമേരിക്കൻ പൗരന്മാരോട് അതീവ ജാഗ്രത പാലിക്കാനും പ്രാദേശിക സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി പിന്തുടരാനും ആവശ്യപ്പെട്ടിട്ടുണ്ട്. മിഡിൽ ഈസ്റ്റിലും അതിനു പുറത്തുമുള്ള യു.എസ് നയതന്ത്ര കാര്യാലയങ്ങൾ ആക്രമണ ലക്ഷ്യമായിട്ടുണ്ടെന്നും അധികൃതർ ചൂണ്ടിക്കാട്ടി.

'പശ്ചിമേഷ്യയിൽ വർദ്ധിച്ചുവരുന്ന സംഘർഷങ്ങൾ കാരണം സുരക്ഷാ സാഹചര്യം സങ്കീർണ്ണമായി തുടരുകയാണ്. ഏതു നിമിഷവും അപ്രതീക്ഷിതമായ തിരിച്ചടികൾ ഉണ്ടാകാൻ സാധ്യതയുണ്ട്. ഇറാന് പിന്തുണ നൽകുന്ന ഗ്രൂപ്പുകൾ ലോകമെമ്പാടുമുള്ള അമേരിക്കൻ സ്ഥാപനങ്ങളെയോ, അമേരിക്കക്കാരുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളെയോ ലക്ഷ്യമിട്ടേക്കാം എന്ന് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വ്യക്തമാക്കി.

വ്യോമാതിർത്തികൾ അടയ്ക്കുന്നതും വിമാന സർവീസുകൾ റദ്ദാക്കുന്നതും മൂലം യാത്രാ തടസ്സങ്ങൾ ഉണ്ടാകാമെന്നും ഏജൻസി മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ന്യൂയോർക്ക് സിറ്റിയിലെ ഫെഡറൽ കെട്ടിടത്തിന് നേരെയുണ്ടായ ആക്രമണത്തിന്റെ കൂടുതൽ വിവരങ്ങൾ അധികൃതർ പുറത്തുവിട്ടതിന് തൊട്ടുപിന്നാലെയാണ് ഈ അപൂർവ്വ മുന്നറിയിപ്പ് വന്നിരിക്കുന്നത്.

യു.എസും ഇസ്രായേലും ചേർന്ന് നടത്തുന്ന ഇറാൻ വിരുദ്ധ യുദ്ധം അഞ്ച് മാസം തികയാൻ അടുക്കവെയാണ് ഈ പുതിയ നീക്കം. ഇത് മേഖലയിലെ വിവിധ രാജ്യങ്ങളെ ബാധിക്കുകയും, പ്രത്യേകിച്ച് ഹോർമുസ് കടലിടുക്കിലൂടെയുള്ള വാണിജ്യ പാതകളെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്.

വിദേശ യാത്ര ചെയ്യുന്നവരും അവിടെ താമസിക്കുന്നവരുമായ പൗരന്മാർ 'സ്റ്റെപ്പ്' വഴി സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ സുരക്ഷാ സന്ദേശങ്ങൾ ലഭിക്കാനായി രജിസ്റ്റർ ചെയ്യണമെന്നും സോഷ്യൽ മീഡിയയിലൂടെയുള്ള ഔദ്യോഗിക അറിയിപ്പുകൾ ശ്രദ്ധിക്കണമെന്നും അധികൃതർ നിർദ്ദേശിച്ചു.

# അമേരിക്കയുടെ 250 – ാം സ്വാതന്ത്ര്യ വാർഷികം ആഘോഷിച്ച് സെന്റ് മേരീസ് മലങ്കര ഓർത്തഡോക്സ് ചർച്ച്



– ജീമോൻ റാന്നി

ഹൂസ്റ്റൺ: അമേരിക്കയുടെ 250-ാം സ്വാതന്ത്ര്യ വാർഷികം സെന്റ് മേരീസ് മലങ്കര ഓർത്തഡോക്സ് ചർച്ച്, ഹൂസ്റ്റണിന്റെ ആഭിമുഖ്യത്തിൽ ആഘോഷപൂർവം ആചരിച്ചു. ജൂലൈ 4ന് ദേശീയ പതാക ഉയർത്തിക്കൊണ്ട് ആരംഭിച്ച ആഘോഷങ്ങളുടെ സമാപന സമ്മേളനം ജൂലൈ 5ന് വിശുദ്ധ കുർബാനയ്ക്കുശേഷം നടന്നു. ഇടവക വികാരി റവ. ഫാ. രാജേഷ് കെ.ജോൺ അധ്യക്ഷത വഹിച്ചു.


ഫോർട്ട് ബെൻഡ് കൗണ്ടി 387-ാം ഫാമിലി കോടതി അസോസിയേറ്റ് ജഡ്ജിയായ ഹോണറബിൾ ജഡ്ജ് ജെറ്റി എബ്രഹാമിനെ മെമന്റോ നൽകി ആദരിച്ചു. പുതുതായി വൈദികപട്ടം സ്വീകരിച്ച റവ.ഫാ.ഗീവർഗീസ് ജോൺ (ടോബിയച്ചൻ) ഇടവകയുടെ അനുമോദനവും ഉപഹാരവും ഏറ്റുവാങ്ങി.

അമേരിക്കയുടെ 250-ാം സ്വാതന്ത്ര്യ വാർഷികത്തോടനുബന്ധിച്ച് അമേരിക്ക- 250 വർഷങ്ങൾ എന്ന വിഷയത്തിൽ ദിയാ മറിയം ജോർജ് പ്രഭാഷണം നടത്തി. ഇടവകയുടെ സീനിയർ വൈദികനായ റവ. ഫാ. പൗലോസ് പീറ്റർ അച്ചനും സമ്മേളനത്തിൽ സന്നിഹിതനായിരുന്നു.

ഇടവക സെക്രട്ടറി മോൻസൺ പുന്നൂസ് സ്വാഗതവും ട്രസ്റ്റി അനിൽ എബ്രഹാം നന്ദിയും പറഞ്ഞു. അമേരിക്കയുടെ ദേശീയ ഗാനത്തോടെ സമ്മേളനം സമാപിച്ചു.

# ചരിത്രത്തിലെ ഏറ്റവും വലിയ ഇലക്ഷന് ഫൊക്കാന ഒരുങ്ങുന്നു. 76 സ്ഥാനാർഥികളും 800 ഡെലിഗേറ്റുകളും



ഫ്ലോറിഡ: നാല്പതു വർഷത്തെ ഫൊക്കാന ചരിത്രത്തിലെ ഏറ്റവും വാശിയേറിയ തെരഞ്ഞെടുപ്പാണ് ഓഗസ്റ്റ് 7നു പെൻസൽവാനിയയിലെ പോകനോസിലുള്ള കലഹാരി റിസോർട്ടിൽ അരങ്ങേരുന്നതെന്നു ഇലക്ഷൻ കമ്മറ്റി ചെയർമാൻ ജോർജി വർഗീസ് പറഞ്ഞു.

രാവിലെ 8നു കൂടുന്ന ജനറൽ കൗൺസിൽ യോഗത്തോടനുബന്ധിച്ചാണ് തെരഞ്ഞെടുപ്പ്.

2 പ്രസിഡന്റ് സ്ഥാനാർഥികൾ ഉൾപ്പെടെ വിവിധ സ്ഥാനങ്ങളിലേക്ക് 76 സ്ഥാനാർഥികൾ രംഗത്തുണ്ട്. മുൻ ഫൊക്കാന പ്രസിഡന്റ് കൂടിയായ ഇലക്ഷൻ കമ്മറ്റി ചെയർമാൻ ജോർജി വർഗീസ്, മെംബേർസ് ആയ ട്രസ്റ്റീ ബോർഡ് സെക്രട്ടറി ബിജു ജോൺ കൊട്ടാരക്കര, മുൻ ഫൊക്കാന പ്രസിഡന്റ് കൂടിയായ ജോൺ പി.ജോൺ എന്നിവരും, ബോർഡ് ഓഫ് ട്രസ്റ്റീ ചെയർമാൻ ജോജി തോമസ്, ഫൊക്കാന പ്രസിഡന്റ് ഡോ.സജിമോൻ ആന്റണി എന്നിവർ പുറപ്പെടുവിച്ച പ്രസ്താവനയിലാണ് ഇലക്ഷനെ സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കിയത്. മത്സരാർത്ഥികളുടെയും വോട്ടർമാരുടെയും പൂർണമായ ലിസ്റ്റ് ഫൊക്കാന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അമേരിക്കൻ ഇലക്ഷന് സമാനമായി ഇലക്ട്രോണിക് വോട്ടിംഗിൽ കൂടിയാണ് തെരഞ്ഞെടുപ്പ്. ഓഗസ്റ്റ് 7 നു രാവിലെ 10 മുതൽ ഉച്ചക്ക് 2 വരെ വോട്ടു ചെയ്യാവുന്നതാണ്. വോട്ടിങ് അവസാനിക്കുമ്പോൾ ലൈനിലുള്ള എല്ലാവർക്കും വോട്ടുചെയ്യാം.

വോട്ടവകാശം ഉള്ള ഓരോ ഡെലിഗേറ്റിനും മതിയായ വെരിഫിക്കേഷനു ശേഷം വോട്ടിങ് കമ്പനി ബാലറ്റ് പേപ്പർ പ്രിന്റ് ചെയ്തു നൽകും. വോട്ടിങ് കഴിഞ്ഞു ഇലക്ട്രോണിക് കൗണ്ടിങ്ങിൽ കൂടി പെട്ടെന്ന് തന്നെ വിജയികളെ പ്രഖ്യാപിക്കാൻ സാധിക്കും. വാഷിങ്ടൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന സുപ്രസിദ്ധമായ കമ്പനിയെ ആണ് വോട്ടിങ്ങിന്റെ ചുമതല ഏല്പിച്ചിരിക്കുന്നത്. ഇലക്ഷൻ സുതാര്യവും നിഷ്പക്ഷവും ആയിരിക്കും.

മത്സരാർത്ഥികളുടെ പ്രതിനിധികൾക്ക് ഇലക്ഷൻ പ്രക്രിയ വീക്ഷിക്കാൻ അവസരമുണ്ടായിരിക്കും.

ഫൊക്കാനയുടെ അംഗ സംഘടനകളെ പ്രതിനിധീകരിക്കുന്ന 800 ഓളം ഡെലിഗേറ്റുകളാണ് 202628 ലെ ഫൊക്കാന ഭാരവാഹികളെ തെരഞ്ഞെടുക്കുന്നത്.

പ്രസിഡന്റ് സ്ഥാനാർഥികൾ ലീലാ മാരേട്ട്, ഫിലിപ്പോസ് ഫിലിപ്പ് എന്നിവരാണ്. ജനറൽ സെക്രട്ടറി സ്ഥാനാർത്ഥികൾ സന്തോഷ് നായർ, ജോർജ് ഓലിക്കൽ എന്നിവരാണ്. ട്രഷറർ സ്ഥാനാർത്ഥികൾ രേവതി പിള്ള, ആന്റോ വർക്കി എന്നിവരാണ്. എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥി ലിന്റോ ജോളി (ഒരാൾ മാത്രം). വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥികൾ ജോസി ജോസഫ് കാരക്കാട്ട്, ലാജി തോമസ് എന്നിവരാണ്. അസോസിയേറ്റ് സെക്രട്ടറി സ്ഥാനാർത്ഥികൾ സോണി അംബ്യൂക്കൻ, ബ്രിഡ്ജറ്റ് ജോർജ്. അഡിഷണൽ അസോസിയേറ്റ് സെക്രട്ടറി സ്ഥാനാർത്ഥികൾ അജു ഉമ്മൻ, ഷാജി സാമുവേൽ. അസോസിയേറ്റ് ട്രഷറർ സ്ഥാനാർത്ഥികൾ ഫാൻസിമോൾ പള്ളാത്തിമടം, അപ്പുക്കുട്ടൻ പിള്ള. അഡ്സിഷണൽ അസോസിയേറ്റ് ട്രഷറർ സ്ഥാനാർത്ഥികൾ ഗ്രേസ് മറിയ ജോസഫ്, ദേവസി പാലാട്ടി. വിമൻസ് ഫോറം ചെയർ സ്ഥാനാർത്ഥികൾ സരൂപാ മോഹൻ, ഷൈനി രാജു. ബോർഡ് ഓഫ് ട്രസ്റ്റീസ് സ്ഥാനാർത്ഥികൾ ജോയി വി ചാക്കപ്പൻ, മനോജ് ജെ ഇടമന, സുധാ കർത്താ എന്നിവരാണ്.

നാഷണൽ കമ്മറ്റി യൂഎസ്എ സ്ഥാനാർത്ഥികളുടെ എണ്ണം 25. കൂടാതെ നാഷണൽ കമ്മിറ്റി (കാനഡ), യൂത്ത് മെമ്പർ (യു.എസ്), യൂത്ത് മെമ്പർ സ്ഥാനാർത്ഥികൾ, റീജിയണൽ വൈസ് പ്രസിഡന്റമാർ, ഓഡിറ്റർ എന്നിവരും ഉൾപ്പെടുന്നു. 76 സ്ഥാനാർഥികളുടെയും ലിസ്റ്റ് ഫൊക്കാന വെബ്സൈറ്റിൽ ലഭ്യമാണ്.

## വിവേക് രാമസ്വാമിയുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് 5 മില്യൺ ഡോളർ നൽകി ഇലോൺ മസ്ക്

– പി പി ചെറിയാൻ



ഒഹായോ: വരാനിരിക്കുന്ന ഒഹായോ ഗവർണർ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന വിവേക് രാമസ്വാമിയുടെ പ്രചാരണത്തിനായി ശതകോടീശ്വരൻ ഇലോൺ മസ്ക് 5 മില്യൺ ഡോളർ സംഭാവന നൽകി. രാമസ്വാമിയെ പിന്തുണയ്ക്കുന്ന വിപാക് എന്ന സൂപ്പർ പാക്ക് വഴിയാണ് മെയ് മാസത്തിൽ ഈ തുക കൈമാറിയത്.

മുമ്പ് ഡൊണാൾഡ് ട്രംപിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഗവൺമെന്റ് എഫിഷ്യൻസിയുടെ നേതൃത്വവുമായി ബന്ധപ്പെട്ട് ഇരുവരും തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഈ പ്രശ്നങ്ങളെല്ലാം പരിഹരിച്ചാണ് മസ്ക് ഇപ്പോൾ രാമസ്വാമിക്ക് വൻ തുക നൽകി പിന്തുണ പ്രഖ്യാപിച്ചിരിക്കുന്നത്. ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയായ ആമി ആക്ടനെതിരെയാണ് റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയായ രാമസ്വാമി മത്സരിക്കുന്നത്. സ്വന്തം പ്രചാരണത്തിനായി രാമസ്വാമി ഇതിനോടകം 25 മില്യൺ ഡോളർ സ്വന്തം നിലയിൽ ചിലവഴിച്ചിട്ടുണ്ട്. വാൾസ്ട്രീറ്റ് നിക്ഷേപകരായ ജെഫ് യാസ് (20 മില്യൺ ഡോളർ), ബിൽ ആക്മാൻ (1 മില്യൺ ഡോളർ) എന്നിവരും രാമസ്വാമിയുടെ പ്രചാരണത്തിനായി വൻ തുകകൾ നൽകിയിട്ടുണ്ട്.

## ഡാളസ് സിറ്റിവൈഡ് കോൺഫറൻസ് ആഗസ്റ്റ് 21 മുതൽ 23 വരെ

– രാജു തരകൻ



ഡാളസ്: ഡാളസ് സിറ്റി വൈഡ് ഫെലോഷിപ്പിന്റെ വാർഷിക കോൺഫറൻസ് ആഗസ്റ്റ് 21 മുതൽ 23 വരെ മെസ്കീറ്റിലുള്ള ഷാരോൺ ഇവന്റ് സെന്ററിൽ നടക്കും. കോൺഫറൻസിനോടനുബന്ധിച്ച് ഡാളസ് സിറ്റിവൈഡ് ഫെലോഷിപ്പിന്റെ നാല്പതാം വാർഷികാഘോഷവും സംഘടിപ്പിച്ചിട്ടുണ്ട്. പ്രമുഖ പ്രഭാഷകരായ പാസ്റ്റർ അനീഷ് കൊല്ലം, റവ. ഡസ്റ്റി സ്മോൾ, ഡോ. സൂസൻ തോമസ് (ബഹ്റൈൻ) എന്നിവർ വിവിധ സെഷനുകളിൽ ദൈവവചന ശുശ്രൂഷ നിർവഹിക്കും.

21 വെള്ളിയാഴ്ച്ച വൈകിട്ട് 6ന് ഉദ്ഘാടന സമ്മേളനത്തോടെ കോൺഫറൻസിന് തുടക്കമാകും. ആഗസ്റ്റ് 22 ശനിയാഴ്ച രാവിലെ 10ന് ഡാളസ് സിറ്റിവൈഡ് ഫെലോഷിപ്പിന്റെ നാല്പതാം വാർഷികാഘോഷം നടക്കും. 2ന് സഹോദരന്മാർക്കായി പ്രത്യേക സമ്മേളനവും സഹോദരിമാർക്കായി പ്രത്യേകസമ്മേളനവും ഉണ്ടായിരിക്കുന്നതാണ്. 6ന് മലയാളത്തിലും ഇംഗ്ലീഷിലും പ്രത്യേക ആത്മീയ യോഗങ്ങൾ നടക്കും. 3 ഞായറാഴ്ച രാവിലെ 9ന് സംയുക്ത ആരാധന ആരംഭിക്കും. മലയാളത്തിലും ഇംഗ്ലീഷിലും പ്രത്യേക ആരാധനാ യോഗങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് (214) 223 1194, (214) 3346962, (469) 363 5109.

**Sadbhavna Diwas** (August 20)

Sadbhavana Diwas is celebrated annually on August 20 in India to mark the birth anniversary of former Prime Minister Rajiv Gandhi. This day is celebrated to foster national unity.

**Indian Akshay Urja Day** (August 20)

This project aims to make people aware of the process of development and deployment of renewable energy in India. The project focuses on the development of sustainable energy by utilising solar, wind, and hydro energies.

**Onam** (August 26)

Onam is celebrated in the state of Kerala to mark the harvest season. It symbolises the story of the annual visitation of King Mahabali, who is remembered for his good deeds to people during his reign.

## ടാമ്പായിൽ പ്രീമാര്യേജ് കോഴ്സ് സംഘടിപ്പിച്ചു



ഫ്ളോറിഡ: സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ പള്ളിയിൽ, ക്നാനായ റീജിയൻ നേതൃത്വം നൽകിയ പ്രീമാര്യേജ് കോഴ്സ് നടത്തപ്പെട്ടു. അമേരിക്കയുടെ വിവിധ സ്ഥലങ്ങളിൽ നിന്നുമായി ഇരുപത്തിയഞ്ചോളം യുവജനങ്ങൾ ഇതിൽ പങ്കെടുത്തു.

ടാമ്പാ ഇടവക വികാരി ഫാ. ജോസ് ആദോപ്പിള്ളിൽ, ഫാ. ജിജോ നെല്ലിക്കകണ്ടത്തിൽ, ലുക്കോസ് ആന്റ് റിങ്കു ചാമക്കാലയിൽ, ജോജോ മേക്കാട്ടേൽ, ഡസ്റ്റിൻ ആന്റ് പ്രെറ്റി മുടീകുന്നേൽ, റെക്സി മൈജോ ആകാശാലയിൽ, സൂസാന തേക്കുംകാട്ടിൽ, ഫിലോ വെള്ളാപ്പള്ളി, ജെസ്സി കുളങ്ങര, ടോണി പുല്ലാപ്പള്ളിൽ എന്നിവരോടൊപ്പം ഡോ.ആൻ വെർഡേജ, ഡോ കാർലോസ് ലമോട്ട് എന്നിവരും വിവിധ ക്ലാസുകൾ എടുത്തു. ഞായറാഴ്ച വിശുദ്ധ കുർബാനയോടാനുബന്ധിച്ചു നടന്ന സമാപന ചടങ്ങിൽ വച്ച് ഫാ. ജോസ് ആദോപ്പള്ളിൽ ഏവർക്കും സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

യുവജന പ്രതിനിധിയായ ഹാനാ മഠത്തിലേട്ടു ഈ കോഴ്സ് തങ്ങൾക്കു വെഡ്ഡിങ് എന്ന ചടങ്ങിന് അപ്പുറം വിവാഹം എന്ന കൂദാശയെപ്പറ്റി കൂടുതൽ ചിന്തിക്കുവാനും അതോടൊപ്പം വിവാഹജീവിതത്തിൽ ആവശ്യമായ പല അറിവുകളും നേടുവാനും ഇത് മൂലം സാധിച്ചു എന്ന് പങ്കു വച്ചു. ചടങ്ങിൽ ഫാമിലി കമ്മീഷൻ കോർഡിനേറ്റർ ടോണി പുല്ലാപ്പള്ളി ഇതിൽ പങ്കെടുത്തവർക്കും ഇതിനു നേതൃത്വം നൽകിയ എല്ലാവർക്കും അഭിനന്ദനം അറിയിച്ചു. 3 ദിവസത്തെ ഈ ക്യാമ്പിന് ഇടവകയിൽ നിന്നും ജീവ പ്രാലേൽ, എബിൻ തടത്തിൽ എന്നിവർ നേതൃത്വം നൽകി.

## അമേരിക്കയിലുടനീളമുള്ള മലയാളി നൃത്ത ഉപാസകർ ചരിത്രം കുറിക്കാൻ ഒരേ വേദിയിൽ




– ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: കേരളത്തിന്റെ ശാസ്ത്രീയ നൃത്തപാരമ്പര്യത്തിന് ആഗോള വേദിയിൽ പുതിയ ചരിത്രം രചിക്കാൻ ഒരുങ്ങുകയാണ് ഫൊക്കാന 2026 ദേശീയ കൺവെൻഷൻ. ആയിരത്തിലധികം കലാകാരികൾ ഒരേസമയം മോഹിനിയാട്ടം അവതരിപ്പിക്കുന്ന ഗിന്നസ് വേൾഡ് റെക്കോർഡ് ശ്രമമാണ് കൺവെൻഷന്റെ ഏറ്റവും ശ്രദ്ധേയമായ ആകർഷണമായി ഒരുക്കുന്നത്. അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 1,100ലധികം നർത്തകികൾ ഇതിനകം രജിസ്റ്റർ ചെയ്തുകഴിഞ്ഞു. നോർത്ത് അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ ഐക്യവും കലാസ്നേഹവും ലോകത്തിന് മുന്നിൽ തെളിയിക്കുന്ന അപൂർവ മുഹൂർത്തമാകുമിതെന്ന് ഏവരും പ്രതീക്ഷിക്കുന്നു.

അമേരിക്കയിൽ എട്ടു മുതൽ പത്തു ലക്ഷം വരെ മലയാളികൾ താമസിക്കുന്നുവെന്നാണ് വിവിധ പ്രവാസി സംഘടനകളുടെ കണക്ക്. വിദ്യാഭ്യാസം, ആരോഗ്യരംഗം, ഐ.ടി, ഗവേഷണം, ബിസിനസ് തുടങ്ങി വിവിധ മേഖലകളിൽ തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിച്ച ഈ സമൂഹം, ഇപ്പോൾ കേരളത്തിന്റെ തനത് കലാപൈതൃകം ലോക റെക്കോർഡിന്റെ വേദിയിലേക്ക് ഉയർത്തിക്കൊണ്ടുപോകാൻ കൈകോർക്കുകയാണ്. പ്രവാസി മലയാളികളുടെ സാംസ്കാരിക അഭിമാനത്തിന്റെയും കൂട്ടായ്മയുടെയും പ്രതീകമായി ഈ ഗിന്നസ് ശ്രമം മാറുമെന്ന് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി പറഞ്ഞു.

മോഹിനിയാട്ടം ഗിന്നസ് റെക്കോർഡ് ശ്രമത്തിൽ പങ്കെടുക്കുന്ന എല്ലാ കലാകാരികളുടെയും വേഷങ്ങൾ കോട്ടയത്തെ ലക്ഷ്മി സിൽക്സ് സ്പോൺസർ ചെയ്യുമെന്ന സന്തോഷവാർത്തയും പങ്കു വെക്കുന്നു. കേരളത്തിന്റെ പാരമ്പര്യവും പെരുമയും ലോക വേദിയിൽ കൂടുതൽ പ്രൗഢിയോടെ അവതരിപ്പിക്കുന്ന ഈ മഹാസംരംഭത്തിൽ ലക്ഷ്മി സിൽക്സിന്റെ സഹകരണം വിലമതിക്കാനാവാത്ത പിന്തുണയാണെന്നും അവർ പറഞ്ഞു.

ഗിന്നസ് റെക്കോർഡ് പരിപാടിയിൽ പങ്കെടുക്കുന്ന കലാകാരികൾക്ക് അവർ പങ്കെടുക്കുന്ന ദിവസത്തെ കൺവെൻഷൻ രജിസ്ട്രേഷൻ ഫീസ് പൂർണമായും ഒഴിവാക്കാൻ ഫൊക്കാന തീരുമാനിച്ചിട്ടുണ്ട്. അമേരിക്കയുടെ വിവിധ കോണുകളിൽ നിന്ന് എത്തുന്ന നൃത്തോപാസകരുടെ പങ്കാളിത്തം കൂടുതൽ സുഗമവും സൗകര്യപ്രദവുമാക്കുന്നതിനായാണ് ഈ തീരുമാനം. അതിനാവശ്യമായ എല്ലാ ലോജിസ്റ്റിക് സംവിധാനങ്ങളും വിപുലമായി ഒരുക്കിവരുന്നതായും സംഘാടകർ അറിയിച്ചു.

ഗുരു ബീന മേനോൻ കൊറിയോഗ്രാഫി ചെയ്യുന്ന ഈ പ്രോഗ്രാമിൽ അമേരിക്കയിലെ പ്രധാന ഡാൻസ് ടീച്ചേഴ്സും ഗുരുക്കന്മാരുമായ നിമ്മി ദാസ്, നിമ്മി ബാബു, ബിന്ധ്യ ശബരി, ദേവികനായർ, ലിസ ജോസഫ്, ലതിക നായർ, ജെയിൻ തെരേസ, ബാബ അശ്വതി അരുൺ, ബേസിൽ കാളഹർട്സ്, ബേബി തടവനാൽ, ആശ അഗസ്റ്റിൻ, മാലിനി നായർ, നീന ഫിലിപ്പ്, സൗയ്മാ, ചന്ദ്രിക കുറുപ്പ്, ലക്ഷ്മി കുറുപ്പ്, അഞ്ജന പ്രദീപ്, പ്രിയ ലൂയിസ്,ജോജോ കൊട്ടാരക്കര, സുഷമ പ്രവീൺ, മേരിയാൻ മൈക്കിൾ, സുജിത് തോന്നാറിൽ, റുബീന സുദർശൻ, അപരുമ ചാറ്റർജി തുടങ്ങി നിരവധി ഡാൻസ് സ്കൂളുകളും ടീച്ചേഴ്സും ഇതിന്റെ ഭാഗമായി പ്രവർത്തിച്ചു വരുന്നു

ഇതിന്റെ കോർഡിനേറ്റർ ആയി പ്രവർത്തിക്കുന്ന മനോജ് വട്ടപ്പള്ളി, കോ കോർഡിനേറ്റർ ഡോ.ഷൈനി രാജു എന്നിവരും എക്സിക്യൂട്ടീവ് കമ്മിറ്റിയും ലോകത്തിലേക്കും ഏറ്റവും വലുതും പുരാതനവുമായ പ്രവാസി സംഘടനായ ഫൊക്കാനയുടെ 2026 ദേശീയ കൺവൻഷൻ ചരിത്രത്തിലെ ഏറ്റവും വലിയ പ്രവാസി മലയാളി സംഗമമായി മാറുമെന്ന് ആത്മവിശ്വാസം പ്രകടിപ്പിച്ചു.

## ഡേലൈറ്റ് സേവിംഗ് ടൈം സ്ഥിരമാക്കുന്ന ബിൽ യു.എസ്. ഹൗസിൽ പാസായി

– പ്രസാദ് തീയാടിക്കൽ

വാഷിങ്ടൺ: വർഷത്തിൽ രണ്ടുതവണ ക്ലോക്ക് മുന്നോട്ടും പിന്നോട്ടും മാറ്റുന്ന രീതിക്ക് വിരാമമിടാനുള്ള സുപ്രധാന നീക്കമായി, അമേരിക്കയിൽ ഡേലൈറ്റ് സേവിംഗ് ടൈം പാസാക്കി. ബിൽ 308117 എന്ന വോട്ടിനാണ് അംഗീകാരം നേടിയത്.

ബിൽ ഇനി യു.എസ്. സെനറ്റിന്റെ പരിഗണനയ്ക്കാണ് പോകുന്നത്. സെനറ്റും ബില്ലിന് അംഗീകാരം നൽകുകയും തുടർന്ന് പ്രസിഡന്റിന്റെ ഒപ്പും ലഭിക്കുകയും ചെയ്താൽ, അമേരിക്കയിലെ ഭൂരിഭാഗം സംസ്ഥാനങ്ങളിൽ വർഷത്തിൽ രണ്ടുതവണ നടത്തുന്ന ക്ലോക്ക് മാറ്റുന്ന പതിവിന് അറുതിയാകും.

നിലവിൽ എല്ലാ വർഷവും മാർച്ചിൽ ഒരു മണിക്കൂർ മുന്നോട്ടും, നവംബറിൽ ഒരു മണിക്കൂർ പിന്നോട്ടും ക്ലോക്ക് മാറ്റുന്ന രീതിയാണ് അമേരിക്കയിൽ തുടരുന്നത്. പുതിയ നിയമം പ്രാബല്യത്തിൽ വന്നാൽ ഈ സമയംമാറ്റം അവസാനിക്കുകയും ഡേലൈറ്റ് സേവിംഗ് ടൈം സ്ഥിരമായി തുടരുകയും ചെയ്യും.

വൈകുന്നേരങ്ങളിൽ കൂടുതൽ പ്രകാശം ലഭിക്കുക, സമയം മാറ്റം മൂലമുള്ള ആരോഗ്യ ഉറക്ക പ്രശ്നങ്ങൾ കുറയുക, സാമ്പത്തിക പ്രവർത്തനങ്ങൾക്ക് ഗുണം ചെയ്യുക എന്നിവയാണ് ബില്ലിനെ അനുകൂലിക്കുന്നവർ ചൂണ്ടിക്കാട്ടുന്ന പ്രധാനകാരണങ്ങൾ. അതേസമയം, ശൈത്യകാലത്ത് രാവിലെ കൂടുതൽ നേരം ഇരുട്ടായിരിക്കുമെന്ന ആശങ്കയും വിമർശകർ ഉയർത്തുന്നുണ്ട്.

ബിൽ നിയമമാകാൻ ഇനി യു.എസ്. സെനറ്റിന്റെ അംഗീകാരവും പ്രസിഡന്റിന്റെ ഒപ്പും നിർബന്ധമാണ്. അതിനുശേഷം മാത്രമേ രാജ്യ വ്യാപകമായി സ്ഥിര ഡേലൈറ്റ് സേവിംഗ് ടൈം നടപ്പിലാകൂ.

## ഭിന്നശേഷി ആനുകൂല്യം ഉയർത്തി കാനഡ

ഒട്ടാവ: കാനഡയിലെ അർഹരായ ഭിന്നശേഷിക്കാർക്ക് നൽകുന്ന കാനഡ ഡിസെബിലിറ്റി ബെനിഫിറ്റ് (സി.ഡി.ബി) തുക സർക്കാർ വർധിപ്പിച്ചു. 2026-27 ബെനിഫിറ്റ് വർഷത്തേക്കുള്ള വാർഷിക ഇൻഡെക്സേഷന്റെ ഭാഗമായി പ്രതിമാസ പരമാവധി ആനുകൂല്യം 200 ഡോളറിൽ നിന്ന് 204.20 ഡോളറായി ഉയർന്നു.

പുതുക്കിയ നിരക്കിലുള്ള ആദ്യ പേയ്മെന്റ് ജൂലൈ 16 മുതൽ അർഹരായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് നിക്ഷേപിക്കും. ഇതോടെ വാർഷിക പരമാവധി ആനുകൂല്യം 2,450.40 ഡോളറായി ഉയരും.

ലഭിക്കുന്ന തുക ഓരോരുത്തരുടെയും കുടുംബവരുമാനം, അർഹതാ മാനദണ്ഡങ്ങൾ, മറ്റ് സാമ്പത്തിക ഘടകങ്ങൾ എന്നിവയെ ആശ്രയിച്ച് വ്യത്യാസപ്പെടും. ജോലി ചെയ്യാൻ കഴിയുന്ന പ്രായത്തിലുള്ള അർഹരായ ഭിന്നശേഷിക്കാർക്ക് സാമ്പത്തിക പിന്തുണ നൽകുന്നതിനായാണ് കാനഡ ഡിസെബിലിറ്റി ബെനിഫിറ്റ് പദ്ധതി നടപ്പാക്കുന്നത്.

## പബ്ലിക് ചാർജ് നിയമത്തിൽ നിർണായക മാറ്റം; സെപ്റ്റംബർ 18 മുതൽ പുതിയ നിയമം

അമേരിക്കൻ ആഭ്യന്തര സുരക്ഷാ വകുപ്പ് പബ്ലിക് ചാർജ് നിയമത്തിൽ സമൂലമാറ്റം. 2022ൽ ബൈഡൻ ഭരണകൂടം നടപ്പിലാക്കിയിരുന്ന ചട്ടം റദ്ദാക്കിക്കൊണ്ടുള്ള അന്തിമ ചട്ടം പുറത്തിറക്കി. ഇതോടെ, കുടിയേറ്റ നിയമത്തിൽ കോൺഗ്രസ് ഉദ്ദേശിച്ചിരുന്ന രീതിയിൽ അപേക്ഷകരുടെ സാമ്പത്തിക സ്വയംപര്യാപ്തത കൂടുതൽ വിപുലമായി വിലയിരുത്തുന്നതിനുള്ള അധികാരം യു.എസ്. സിറ്റിസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസിന് വീണ്ടും ലഭിക്കും.

അമേരിക്കൻ കുടിയേറ്റപൗരത്വ നിയമമായ ഇമിഗ്രേഷൻ ആന്റ് നാഷണാലിറ്റി ആക്ട് (ഐഎൻഎ)പ്രകാരം, വിസയ്ക്കോ, അമേരിക്കയിൽ പ്രവേശനത്തിനോ, സ്ഥിരതാമസത്തിനായുള്ള അപേക്ഷയോ സമർപ്പിക്കുന്ന ഒരാൾ ഭാവിയിൽ ഏതെങ്കിലും സമയത്ത് പൊതുഭാരമാകാൻ സാധ്യതയുണ്ടെന്ന് കണ്ടെത്തിയാൽ, അദ്ദേഹത്തെയോ അവളെയോ അമേരിക്കയിൽ പ്രവേശിപ്പിക്കാതിരിക്കാനോ സ്ഥിരതാമസം നിഷേധിക്കാനോ നിയമം അനുവദിക്കുന്നു.

2022ലെ ബൈഡൻ ഭരണകൂടത്തിന്റെ ചട്ടം പ്രകാരം, പൊതുഭാരമാകാനുള്ള സാധ്യത വിലയിരുത്തുമ്പോൾ ഡടഇകട ഉദ്യോഗസ്ഥർക്ക് പരിഗണിക്കാവുന്ന സർക്കാർ ആനുകൂല്യങ്ങളുടെ പരിധി ഗണ്യമായി ചുരുക്കിയിരുന്നു. പുതിയ ചട്ടം ആ നിയന്ത്രണങ്ങൾ നീക്കിക്കൊണ്ട്, ഓരോ അപേക്ഷയും അതിന്റെ എല്ലാ പ്രസക്തമായ സാഹചര്യങ്ങളും പരിഗണിച്ച് കേസ് അടിസ്ഥാനത്തിൽ സമഗ്രമായി വിലയിരുത്താൻ ഉദ്യോഗസ്ഥർക്ക് അധികാരം നൽകുന്നു.

**Raksha Bandhan** (August 28)

This popular Hindu festival is celebrated mainly in India to honour the sacred bond between siblings. Sisters adorn their brothers' hands with strings, and the brothers promise to protect their sisters for the rest of their lives.

## ചിക്കാഗോ സീറോ മലബാർ ജൂബിലി കൺവെൻഷൻ



ചിക്കാഗോ: ചിക്കാഗോയിലെ മക്കോർമിക് പ്ലേസിൽ നടക്കുന്ന സീറോ മലബാർ ജൂബിലി കൺവെൻഷനിൽ വിവിധ സഭാസാമൂഹിക മേഖലകളെ ലക്ഷ്യമിട്ട് നടത്തിയ പ്രത്യേക സമ്മേളനങ്ങളും വർക്ക്ഷോപ്പുകളും ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. സഭാസമൂഹത്തിലെ വ്യത്യസ്ത പ്രായത്തിലും പ്രൊഫഷണലുകളിലുമുള്ള വ്യക്തികളെ ഒന്നിപ്പിക്കുന്നതിനായി കൺവെൻഷൻ ചെയർമാൻ ബിജി മാണിയുടെയും സ്പെഷ്യൽ ഇവന്റ് ചീഫ് കോർഡിനേറ്റർ ജോമോൻ ചിറയിലിന്റെയും നേതൃത്വത്തിലാണ് വിപുലമായ പന്ത്രണ്ട് പ്രത്യേക കൂട്ടായ്മകകളുടെ സമ്മേളനങ്ങൾ ക്രമീകരിച്ചത്.

വിശ്വാസ പരിശീലനവും സഭാ ഭരണരംഗവും: വിശ്വാസ പരിശീലന രംഗത്തെ ആധുനിക വെല്ലുവിളികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി സിസിഡി അധ്യാപകർക്കായി നടത്തിയ പ്രത്യേക വർക്ക്ഷോപ്പിൽ ഫാ. ഡോ.ജോർജ് ദാനവേലിൽ മുഖ്യപ്രഭാഷണം നടത്തി. ബിഷപ് എമെരിറ്റസ് മാർ ജേക്കബ് അങ്ങാടിയത്തിന്റെ സന്നിധ്യത്തിലായിരുന്നു അധ്യാപകരുടെ ഈ സമ്മേളനം. ഇടവകകളുടെ ഭരണസാമ്പത്തിക കാര്യങ്ങളിൽ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനായി ട്രസ്റ്റികൾക്കായി സംഘടിപ്പിച്ച പ്രത്യേക പരിശീലന പരിപാടി റവ. മോൺ.ഡോ.ജോസഫ് തടത്തിൽ നയിച്ചു. ബിഷപ് മാർ ജോയ് ആലപ്പാട്ട്, മാർ ജേക്കബ് അങ്ങാടിയത്ത്, ഫാ. കുര്യൻ നെടുവേലിചാലുങ്കൽ എന്നിവർ ട്രസ്റ്റിമാരുടെ യോഗത്തിൽ ചർച്ചകൾക്ക് നേതൃത്വം നൽകി.

അമേരിക്കയിലെ സീറോ മലബാർ കത്തോലിക്കരുടെ കൂട്ടായ്മയായ എസ്എംസിസി പ്രതിനിധികളുടെ യോഗത്തിൽ ആർച്ച് ബിഷപ് ആൻഡ്രൂസ് താഴത്ത്, റവ. മോൺ. ഡോ. ജോസഫ് തടത്തിൽ, ഫാ. ജോർജ് എളമ്പാശ്ശേരി എന്നിവർ പ്രസംഗിച്ചു.

പ്രൊഫഷണൽ മുന്നേറ്റവും കാരുണ്യപ്രവർത്തനവും സഭയിൽ അമേരിക്കയിലെ ആരോഗ്യമേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ച നേഴ്സുമാർക്കായി സംഘടിപ്പിച്ച പ്രത്യേക സംഗമത്തിൽ കർദ്ദിനാൾ ജോർജ് കൂവക്കാട് മുഖ്യപ്രഭാഷണം നടത്തി. ബിഷപ് മാർ ജോയ് ആലപ്പാട്ട്, ഫാ.വികാരി ജനറാൾ ഫാ.തോമസ് കടുകപ്പള്ളിൽ എന്നിവർ ഈ സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു.

അമേരിക്കയിലെ പ്രവാസി മലയാളി കുട്ടികൾക്ക് മാതൃഭാഷ പകർന്നുനൽകുന്ന മലയാളം സ്കൂൾ അധ്യാപകരുടെ വർക്ക്ഷോപ്പിലും സഭയിലെ ഗായകസംഘത്തിന്റെ സംഗമത്തിലും പ്രമുഖ വചനപ്രഘോഷകൻ ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ ക്ലാസുകൾ നയിച്ചു. ഗായകസംഘത്തിന്റെ യോഗത്തിൽ ഫാ. ജോണിക്കുട്ടി പുലിശേരിയും പങ്കെടുത്തു.

കാരുണ്യപ്രവർത്തന മേഖലയിൽ സജീവമായ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കാൻ ലക്ഷ്യമിട്ട് നടത്തിയ സമ്മേളനം ബിഷപ് മാർ ജോസ് കല്ലുവേലി ഉദ്ഘാടനം ചെയ്തപ്പോൾ, സഭയിലും സമൂഹത്തിലും സുരക്ഷിത പരിസ്ഥിതി ഉറപ്പാക്കുന്നതിനെക്കുറിച്ചുള്ള പ്രത്യേക ബോധവൽക്കരണ ക്ലാസിന് വികാരി ജനറാൾ ഫാ. തോമസ് മുളവനാൽ നേതൃത്വം നൽകി.

കുടുംബത്തിലും സമൂഹത്തിലും സ്ത്രീകൾ വഹിക്കുന്ന സുപ്രധാനപങ്കിനെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ട് നടന്ന വിമൻസ് ഫോറം യോഗത്തിൽ ആർച്ച് ബിഷപ് മാർ തോമസ് തറയിൽ മുഖ്യപ്രഭാഷണം നടത്തി. വികാരി ജനറാൾ ഫാ.ജോൺ മേലേപ്പുറം പങ്കെടുത്ത ഈ യോഗത്തിന് പുറമെ, കൺവെൻഷനിൽ പങ്കെടുത്ത വിധവകളുടെ കൂട്ടായ്മയിൽ ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ ആശ്വാസ വചനങ്ങളുമായി വേദിയിലെത്തി.

സഭയുടെ ഭാവി പ്രത്യാശകളായ അൾത്താര ബാലന്മാരുടെയും സിസ്റ്റന്മാരുടെയും സമ്മേളനത്തിൽ ആർച്ച് ബിഷപ് മാർ തോമസ് തറയിലും ഫാ.ജോൺസൺ കോവൂർപുത്തൻപുരയിലും സജീവ സാന്നിധ്യമായി.

കൺവെൻഷനിലെ ഏറ്റവും പ്രൗഢമായ വേദികളിലൊന്ന് സഭയുടെ തുടക്കകാലം മുതൽ പ്രവർത്തിച്ചവർക്കായി ഒരുക്കിയ ജൂബിലി ദമ്പതി സംഗമമായിരുന്നു. കർദ്ദിനാൾ ജോർജ് കൂവക്കാട് മുഖ്യാതിഥിയായ ചടങ്ങിൽ ബിഷപ് മാർ ജോയ് ആലപ്പാട്ടും ബിഷപ് എമെരിറ്റസ് മാർ ജേക്കബ് അങ്ങാടിയത്തും ദമ്പതികൾക്ക് ആശംസകൾ നേർന്നു. എല്ലാ പ്രധാന സമ്മേളനങ്ങളിലും രൂപതാധ്യക്ഷൻ ബിഷപ് മാർ ജോയ് ആലപ്പാട്ടിന്റെ സജീവമായ സാന്നിധ്യവും മാർഗനിർദേശങ്ങളും ഉണ്ടായിരുന്നു.

## സിയാറ്റിലിൽ ചരിത്രമെഴുതി ആദ്യ പഞ്ചാരി മേളം പ്രവാസി മലയാളികളുടെ അഭിമാനമായി



സിയാറ്റിൽ: കേരളത്തിലെ ഉത്സവങ്ങളുടെ അവിഭാജ്യഘടകവും നൂറ്റാണ്ടുകളുടെ പാരമ്പര്യം പേറുന്ന താളവാദ്യകലാരൂപമായ പഞ്ചാരി മേളം ആദ്യമായി സിയാറ്റിലിൽ അരങ്ങേറി.

രണ്ടര വർഷക്കാലമായി അർപ്പണബോധത്തോടെയും കഠിനപരിശീലനത്തോടെയും അഭ്യസിച്ച 17 കലാസ്നേഹികളുടെ സംഘമാണ് ഈ നേട്ടത്തിന് പിന്നിൽ. സംഘത്തിലെ 16 പേർ സിയാറ്റിലിൽ നിന്നുള്ളവരും ഒരാൾ കാലിഫോർണിയയിൽ നിന്നുള്ളതുമാണ്.

മേള കലാരത്നം കലാമണ്ഡലം ശിവദാസ് ആശാനും കലാക്ഷേത്ര രാജേഷ് നായരും ഓൺലൈനായും നേരിട്ടും നൽകിയ പരിശീലനത്തിന്റെ ഫലമായാണ് ഈ ചരിത്രനേട്ടം യാഥാർഥ്യമായത്. വിവിധ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്ന ഈ കലാസ്നേഹികൾ, തിരക്കേറിയ ജീവിതത്തിനിടയിലും ▶

## യാത്ര ചെയ്യാൻ വീട് മാറാം; കാനഡയിൽ വൻ ഹിറ്റായി ഹോം എക്സ്ചേഞ്ച്ട്രെൻഡ്

– പ്രസാദ് തീയാടിക്കൽ



ഒട്ടാവ: ഹോട്ടൽ ചെലവുകൾ കുത്തനെ ഉയരുകയും യാത്ര കൂടുതൽ ചെലവേറിയതാകുകയും ചെയ്ത സാഹചര്യത്തിൽ, കാനഡയിൽ ഹോം എക്സ്ചേഞ്ച് എന്ന പുതിയ യാത്രാ രീതി വേഗത്തിൽ ജനപ്രീതി നേടുന്നു.

ഈ സംവിധാനത്തിൽ, അവധിക്കാലത്ത് യാത്ര പോകുന്ന രണ്ട് കുടുംബങ്ങൾ പരസ്പരം അവരുടെ വീടുകൾ നിശ്ചിത ദിവസത്തേക്ക് കൈമാറി താമസിക്കുന്നു. ഇതിലൂടെ ഹോട്ടൽ ചെലവ് വൻ തോതിൽ ലാഭിക്കാനാകുന്നതോടൊപ്പം, വിനോദസഞ്ചാരികൾക്ക് പ്രാദേശിക ജീവിതശൈലി നേരിട്ട് അനുഭവിക്കാനും അവസരം ലഭിക്കുന്നു.

ഇപ്പോൾ നിരവധി ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഈ സേവനം സുരക്ഷിതമായി ഒരുക്കുന്നുണ്ട്. അംഗങ്ങളുടെ തിരിച്ചറിയൽ പരിശോധന, റിവ്യൂ സംവിധാനം, ഹോസ്റ്റ്ഗസ്റ്റ് റേറ്റിംഗ് തുടങ്ങിയ സുരക്ഷാ സംവിധാനങ്ങളും ഇവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചില പ്ലാറ്റ്ഫോമുകൾ പോയിന്റ് അടിസ്ഥാനത്തിലുള്ള എക്സ്ചേഞ്ച് സംവിധാനവും നൽകുന്നു.

വലിയ നഗരങ്ങളിലെ ഉയർന്ന താമസച്ചെലവ് ഒഴിവാക്കാൻ ആഗ്രഹിക്കുന്ന കുടുംബങ്ങളും ദീർഘകാല യാത്രകൾ ആസൂത്രണം ചെയ്യുന്നവരുമാണ് ഈ രീതിയിലേക്ക് കൂടുതൽ ആകർഷിക്കപ്പെടുന്നത്. ചെലവ് കുറയ്ക്കുന്നതിനൊപ്പം ഒരു നാട്ടുകാരനെപ്പോലെ ജീവിച്ച് യാത്ര ചെയ്യാം എന്ന അനുഭവവും ഹോം എക്സ്ചേഞ്ചിന്റെ പ്രധാന ആകർഷണമായി മാറിയിരിക്കുകയാണ്.

## സിയാറ്റിലിൽ ചരിത്രമെഴുതി ആദ്യ പഞ്ചാരി മേളം ...

ഒരേ ലക്ഷ്യത്തോടെ ഒന്നിച്ചുചേർന്ന് കഠിനാധ്വാനത്തിലൂടെ ഈ സ്വപ്നം സാക്ഷാത്കരിക്കുകയായിരുന്നു. 2026 ജൂലൈ 11ന് വാഷിംഗ്ടണിലെ മൗണ്ട് സായി ഹൈസ്കൂൾ പെർഫോമിംഗ് ആർട്സ് സെന്ററിൽ, വർണപ്പകിട്ടാർന്ന വേദിയിലായിരുന്നു ഈ ചരിത്രപരമായ പഞ്ചാരി മേള അരങ്ങേറ്റം. പഞ്ചാരി മേളത്തിന്റെ പൂർണത ഉറപ്പാക്കുന്നതിനായി വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയ കൊമ്പ്, കുഴൽ, ഇലത്താളം, വലന്തല കലാകാരന്മാരും അവതരണത്തിൽ പങ്കുചേർന്നു. അവരുടെ പിന്തുണയോടെ പാരമ്പര്യത്തിന്റെ എല്ലാ ചിട്ടവട്ടങ്ങളും ഉൾക്കൊള്ളുന്ന സമ്പൂർണ മേളാവതരണമാണ് കാണികൾക്ക് അനുഭവിക്കാനായത്.

പഞ്ചാരി-റിഥം ഓഫ് കേരള എന്ന പേരിൽ രൂപം കൊണ്ട ഈ സംഘം, സിയാറ്റിലിലെ മലയാളി സമൂഹത്തിന് കേരളത്തിലെ ഉത്സവങ്ങളുടെയും പെരുന്നാളുകളുടെയും മേളപ്പെരുക്കവും ആഘോഷാന്തരീക്ഷവും വീണ്ടും അനുഭവിക്കാനുള്ള അവസരമാണ് ഒരുക്കിയത്. ഈ ചരിത്രപരമായ അരങ്ങേറ്റത്തിന് പിന്നിൽ പ്രവർത്തിച്ച കലാകാരന്മാർ മുരളി രാഘവൻ, വിഷ്ണു കൃഷ്ണൻ, ജോജോ ചാലിശ്ശേരി, ആഷിത റഹ്മാൻ, ലത സന്തോഷ്, രോഹിത് രാമചന്ദ്രൻ, സുരേഷ് എസ്.നായർ, ഹരിഹർ ശങ്കർ, സുരേഷ് ചെല്ലപ്പൻ, പ്രവീൺ ദേവബാലൻ, വിനീത് എ. നായർ, ആനന്ദ് മേനോൻ, മഞ്ജുള കലൂർ, വിശ്വം ചങ്ങരത്ത്, മിലി ജോർജ് ഓജസ്, പ്രകാശ് മേനോൻ, അജിത് കോതാരമത്ത് എന്നിവരാണ്.

സിയാറ്റിലിലെ ആദ്യ പഞ്ചാരി മേള അരങ്ങേറ്റം പസഫിക് നോർത്ത് വെസ്റ്റിലെ മേളക്കലയുടെ പുതിയ അധ്യായത്തിന് തുടക്കമിട്ടതായി കലാസ്വാദകർ വിലയിരുത്തുന്നു.

## അന്തരിച്ച സഹോദരൻ ലിൻഡ്സി ഗ്രഹാമിന് പകരം സെനറ്റിലേക്ക് മത്സര രംഗത്തിറങ്ങാൻ ഡാർലിൻ ഗ്രഹാം

വാഷിംഗ്ടൺ: അന്തരിച്ച യു.എസ്. സെനറ്റർ ലിൻഡ്സി ഗ്രഹാമിന്റെ സഹോദരിയും നിലവിലെ ഇടക്കാല സെനറ്ററുമായ ഡാർലിൻ ഗ്രഹാം, തന്റെ സഹോദരന്റെ സൗത്ത് കരോലിനയിലെ സീറ്റിലേക്ക് ഒരു പൂർണ്ണ കാലാവധി ലക്ഷ്യമിട്ട് മത്സരിക്കുമെന്ന് പ്രഖ്യാപിച്ചു.

ഫൊക്സ് ന്യൂസിന് നൽകിയ അഭിമുഖത്തിലാണ് താൻ തിരഞ്ഞെടുപ്പ് പോരാട്ടത്തിലേക്ക് കടക്കുകയാണെന്ന് അവർ സ്ഥിരീകരിച്ചത്. സഹോദരന്റെ വിയോഗത്തെത്തുടർന്ന് താൽക്കാലികമായാണ് ഡാർലിൻ ഗ്രഹാമിനെ കഴിഞ്ഞ ആഴ്ച സെനറ്ററായി നിയമിച്ചത്. എന്നാൽ, വരാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പിന്തുണ പ്രഖ്യാപിച്ചതോടെയാണ് അവർ പൂർണ്ണ കാലാവധിയിലേക്ക് മത്സരിക്കാൻ തീരുമാനിച്ചത്. ഓഗസ്റ്റ് 11നാണ് സൗത്ത് കരോലിനയിലെ റിപ്പബ്ലിക്കൻ പ്രൈമറി പോളിംഗ്. തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള പത്രികാ സമർപ്പണം ചൊവ്വാഴ്ച ആരംഭിക്കും.

## ജോയ് ആലുക്കാസിന്റെ യു.എസിലെ എട്ടാമത്തെ ഷോറൂം ന്യൂജേഴ്സിയിൽ



ന്യൂജേഴ്സി: പ്രമുഖ ആഗോള ജ്വല്ലറി ഗ്രൂപ്പായ ജോയ് ആലുക്കാസിന്റെ യു.എസിലെ എട്ടാമത്തെ ഷോറൂം ന്യൂജേഴ്സിയിലെ ഇസെലിനിൽ (42 മാർക്കോണി അവന്യൂ) പ്രവർത്തനം ആരംഭിച്ചു.

വുഡ്ബ്രിഡ്ജ് ടൗൺഷിപ്പ് മേയർ ജോൺ ഇമക്കോർമക്, ജോയ് ആലുക്കാസ് ജ്വല്ലറി സി.ഇ. ഒ. ജോൺ പോൾ ആലുക്കാസ്, ഡയറക്ടർ സോണിയ ആലുക്കാസ് എന്നിവർ ചേർന്നാണ് ഉദ്ഘാടനം നിർവഹിച്ചത്. കാലിഫോർണിയ, ചിക്കാഗോ, ടെക്സസ് തുടങ്ങിയ ഇടങ്ങളിൽ നിലവിൽ സാന്നിധ്യമുള്ള ഗ്രൂപ്പിന്റെ അമേരിക്കയിലെ ബിസിനസ് വിപുലീകരണത്തിന്റെ ഭാഗമായാണ് പുതിയ ഷോറൂം തുറന്നിരിക്കുന്നത്.

യു.എസിലെ ബിസിനസ് പ്രവർത്തനത്തിന്റെ പത്താം വാർഷികാഘോഷങ്ങളുടെ ഭാഗമായി ആകർഷകമായ ഓഫറുകളും പുതിയ ഷോറൂമിൽ ഒരുക്കിയിട്ടുണ്ട്. ഇവിടെ നിന്നും ഗോൾഡ്, ഡയമണ്ട്, പോൾകി, പ്രഷ്യസ് ആഭരണങ്ങൾ വാങ്ങുന്നവർക്ക് പണിക്കൂലിയിൽ 30 ശതമാനം ഇളവും ഓരോ പർച്ചേസിനും ഉറപ്പായ സമ്മാനങ്ങളും ലഭിക്കും. വാർഷിക ഓഫറുകൾ ജൂലൈ 19 വരെയും ഉദ്ഘാടന ഓഫറുകൾ ജൂലൈ 26 വരെയും ലഭ്യമായിരിക്കുമെന്ന് മാനേജ്മെന്റ് അറിയിച്ചു.

അത്യാധുനിക സൗകര്യങ്ങളോടെയും മികച്ച ഇന്റീരിയറോടെയുമാണ് പ്രീമിയം ഷോപ്പിങ് അനുഭവം നൽകുന്ന ഇസെലിനിലെ ഷോറൂം ഒരുക്കിയിട്ടുള്ളത്. പരമ്പരാഗതവും ആധുനികവുമായ ഡിസൈനുകൾ, ബ്രൈഡൽ സെറ്റുകൾ, വജ്രാഭരണങ്ങൾ, വിലപിടിപ്പുള്ള രത്നങ്ങൾ പതിച്ചവ എന്നിവക്കുപുറമെ പുരുഷന്മാർക്കും കുട്ടികൾക്കുമായുള്ള പ്രത്യേക കളക്ഷനുകളും ഇവിടെയുണ്ട്. വിശ്വസ്തതയോടും സുതാര്യതയോടും കൂടി ഉപഭോക്താക്കൾക്ക് മികച്ച ഗുണനിലവാരമുള്ള ആഭരണങ്ങൾ എത്തിക്കാൻ ജോയ് ആലുക്കാസ് എപ്പോഴും പ്രതിജ്ഞാബദ്ധരാണെന്ന് സി.ഇ.ഒ ജോൺ പോൾ ആലുക്കാസ് വ്യക്തമാക്കി.

## കോട്ടയം ക്ലബ് ഹൂസ്റ്റണിന്റെ പിക്നിക്ക് നടത്തി



– ബ്ലെസ്സൺ ഹൂസ്റ്റൺ

ഹൂസ്റ്റൺ: കോട്ടയം ക്ലബ് ഹൂസ്റ്റണിന്റെ ഈ വർഷത്തെ പിക്നിക് നടത്തി. ജൂൺ 28ന് ഞായറാഴ്ച വൈകിട്ട് അഞ്ചുമണിക്ക് കിറ്റി ഹാളോ പാർക്കിൽവച്ചായിരുന്നു 2026ലെ പിക്നിക്ക് അംഗങ്ങളുടെ വൻ പങ്കാളിത്തത്തോടെ നടത്തപ്പെട്ടത്. കേരളത്തിന്റെ അക്ഷരനഗരിയെന്നറിയപ്പെടുന്ന കോട്ടയം നഗരം ഉൾപ്പെടുന്ന കോട്ടയം ജില്ലയിൽ നിന്ന് അമേരിക്കയിലെ ഹൂസ്റ്റണിലും പ്രാന്തപ്രദേശത്തും താമസിക്കുന്നവരുടെ ഒത്തു ചേരലിനും പരിചയം പുതുക്കലിനുമുള്ള വേദിയായി മാറി ഈ വർഷത്തെ പിക്നിക്. അതോടൊപ്പം മാനസ്സികോല്ലാസ്സത്തിനുമായി നിരവധി കായിക പരിപാടികളും പിക്നിക്കിൽ ഉൾപ്പെടുത്തുകയുണ്ടായി.

പ്രസിഡണ്ട് സുഗു ഫിലിപ്പ് എത്തിച്ചേർന്ന എല്ലാവർക്കും സ്വാഗതം പറഞ്ഞുകൊണ്ട് ആരംഭിച്ച പിക്നിക്കിൽ വിവിധയിനം കായിക മത്സരങ്ങൾ നടത്തപ്പെട്ടു.

ബിജു ശിവൻ, അജി കോര, ബിബി പാറയിൽ, ബെന്നി കുര്യാക്കോസ്, സുജ ബെന്നി തുടങ്ങിയവർ നേതൃത്വം നൽകി. കോട്ടയം സി എം എസ് കോളേജ് മുൻ കെമിസ്ട്രി ഡിപ്പാർട്ടമെന്റ് മേധാവി ഡോ.സഖറിയാ ഉമ്മൻ പിക്നിക്കിൽ മുഖ്യാതിഥി ആയിരുന്നു.

ക്ലബ്ബിന്റെ അഡ്വൈസറി മെമ്പർ ഷിബു കെമാണി നന്ദി പറഞ്ഞു. വിഭവ സമൃദ്ധമായ പിക്നിക് ഡിന്നറോടെ ഈ വർഷത്തെ കോട്ടയം ക്ലബ് ഹൂസ്റ്റണിന്റെ പിക്നിക് വിജയകരമായി സമാപിച്ചു.

**National Sports Day** (August 29)

This day is celebrated in India in order to mark the birthday of the wonderful hockey player, Major Dhyan Chand. This helps in creating a lot of awareness about the importance of being physically fit and the value of sports.

So, these are the National and International essential Days in August 2026 which may also help prepare for several exams and enhance your knowledge.